KOTTAYAM PUBLIC LIBRARY

Call No. M500 Acc. No. 27414

Author ഹക്സ്ലി, ആൽഡസ്

Title ശാസ്ത്രം, സ്വാതന്ത്ര്യം, സമാധാനം

# ശാസ്ത്രം, സ്വാതന്ത്ര്യം, സമാധാനം

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

(Malayalam)

Sastram, Swathanthryam, Samadhanam

(Science, Liberty & Peace)

Essay

**By ALDOUS HUXLEY**

Translated by

K. K. P. MENON

First Published 22nd November 1965

Copies 1000

Printed at

INDIA PRESS, KOTTAYAM

Price Rs. 1.50

Rights Reserved

Published by the Translator

Distributors:

NATIONAL BOOK STALL

**Kottayam Kerala State India**

---

Translated by permission of

CHATTO & WINDUS LTD. AND THE AUTHOR

---

27414

# ശാസ്ത്രം, സ്വാതന്ത്ര്യം, സമാധാനം

ആൽഡസ് ഹക്സ്‌ലി

വിവർത്തനം

കെ. കെ. പി. മേനോൻ

KOTTAYAM PUBLIC LIBRARY
KOTTAYAM.
KOTTAYAM

വിതരണം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 1·50

## കെ. കെ. പി. മേനോന്റെ

### കൃതികൾ

M500
Hux-S

| | |
|---|---|
| കടലും മനുഷ്യനും | (ശാസ്ത്രം) |
| നമ്മുടെ മത്സ്യങ്ങൾ | ,, |
| നമുക്കു ചുററുമുള്ള കടൽ (തർജ്ജമ) | ,, |
| ശാസ്ത്രം മുന്നോട്ട് | ,, |
| ശാസ്ത്രം, സ്വാതന്ത്ര്യം, സമാധാനം (തർജ്ജമ) | (പ്രബന്ധം) |

S617 D17/65–66 1–1000

# മുഖവുര

മനുഷ്യജീവിതപരിതഃസ്ഥിതികളുടെ പ്രശ്ന ങ്ങൾ ദേശീയതാ-അധികാരരാഷ്ട്രീയത്തിൻെറ മാർഗ്ഗ ങ്ങളാൽ പരിഹരിക്കുക അസാദ്ധ്യമാണ്. എന്നാൽ മററുവിധത്തിൽ അപരിഹാര്യമായ ദേശീയതാ-അധി കാരരാഷ്ട്രീയപ്രശ്നങ്ങൾക്കു ജീവിതസാഹചര്യസി ദ്ധാന്തങ്ങളുടെ അനുക്രമപ്രയോഗങ്ങളിൽ പരിഹാ രം കണ്ടെത്തിയേക്കാം. ഈ ഗ്രഹോപരിതലത്തിൽ ഇന്നു മൂവായിരം ദശലക്ഷം മനുഷ്യർ ജീവിക്കുന്നു. അവരിൽ അധികവും തീരെ നിർദ്ധനരുമാണ്. ഈ നൂററാണ്ടിൻെറ അവസാനം നമ്മുടെ സംഖ്യ ആറാ യിരം ദശലക്ഷമാകും. അത്യാഗ്രഹിയും ഏററവും വിനാശകാരിയും സസ്തനജീവികളിൽ ഏററവും വേഗം പെരുകുന്നതുമായ ഈ ജന്തുവർഗ്ഗത്തിനു് എ ങ്ങനെ നിലനില്ക്കാനും, സാധിക്കുമെങ്കിൽ ഏതെ ങ്കിലുംവിധത്തിലുള്ള സാംസ്കാരിക-സാമ്പത്തിക പുരോഗതി ഉണ്ടാക്കാനും കഴിയും? ഒരു വ്യതിയാ നമെന്നനിലയിൽ നമ്മുടെ ഭരണാധികാരികൾ ഈ ജീവവിജ്ഞാനത്തെ കണക്കിലെടുത്തു ചിന്തി ക്കാൻ ആരംഭിക്കുകയാണെങ്കിൽ, ഒരു പൊതുല ക്ഷ്യംവെച്ചുകൊണ്ടു തങ്ങൾ കൂടുതൽ സൗഹാർദ്ദ ത്തോടെ പ്രവർത്തിക്കുന്നതായി അവക്ക് അതിവേ ഗം കാണാൻകഴിയും. എന്നാൽ ചിന്താഗതികൾ മാററാൻ കൂട്ടാക്കാതിരിക്കുകയും, അധികാരരാഷ്ട്രീയ ത്തിൻെറ ഭ്രാന്തുപിടിപ്പിക്കുന്ന, പഴയ, പരമ്പരാ

ഗതരീതിയിൽത്തന്നെ ചിന്തിക്കുന്നതു തുടരുകയുമാണെങ്കിൽ അവർ ഒരിക്കലും തങ്ങളുടെ രാഷ്ട്രീയ പ്രശ്നങ്ങൾ പരിഹരിക്കുകയില്ല; മാത്രമല്ല, വളരെയധികം പ്രാധാന്യമുള്ള ജീവിതപ്രശ്നത്തിൻെറ പരിഹാരം അസാദ്ധ്യമാക്കുകയുംചെയ്യും.

ആഗസ്റ്റ്, 1962. ആൽഡസ് ഹക്സ്‌ലി

# ഉപക്രമം

ആൽഡസ് ഹക്സ്‌ലിയെപ്പോലുള്ള ഒരു ദാശനിക ചിന്തകൻെറ ഗ്രന്ഥങ്ങൾ വായിക്കുന്നതുതന്നെ ബുദ്ധിപരമായ വ്യായാമമാണ്. പരിഭാഷപ്പെടുത്തുന്നതിനെക്കുറിച്ചു പറയാനുമില്ല. പ്രത്യേകിച്ചും അദ്ദേഹത്തിൻെറ ചിന്താപ്രധാനങ്ങളായ പ്രബന്ധങ്ങളിലെ ആശയങ്ങളുടെ അഗാധതയും ശൈലികളുടെ ഊജ്ജസ്വലതയും നഷ്ടപ്പെടാതെ വിവത്തനംചെയ്യുക വിഷമകരമാണ്. വിശ്വസാഹിത്യംമുഴുവൻ ഉൾക്കൊള്ളത്തക്കവിധം മലയാളസാഹിത്യം വളന്നുകൊണ്ടിരിക്കുന്ന ഇന്ന് ആധുനികതലമുറയുടെ ചിന്താഗതിയിൽ സാരമായ സ്വാധീനംചെലുത്താൻകഴിഞ്ഞ ആചായ്യതുല്യനായ ആൽഡസ് ഹക്സ്‌ലിയുടെ ഗ്രന്ഥങ്ങൾ ഇനിയും നമ്മുടെ സാധാരണ വായനക്കാരിൽ നല്ലൊരുവിഭാഗത്തിനു് അപരിചിതമായിരിക്കുന്നതു് ഒരുപക്ഷേ ഇതുകൊണ്ടാകാം. അദ്ദേഹം എഴുതിയ 'മസ്തിഷ്കഭാരം' കൂടിയ പ്രബന്ധങ്ങളെന്നല്ല, 'ബ്രേവ് ന്യൂ വേൾഡ്' പോലെയുള്ള മാസ്റ്റർപീസ് നോവലുകൾപോലും മലയാളത്തിൽ തജ്ജമചെയ്യപ്പെട്ടിട്ടില്ല. മററുഭാഷകളിൽ ഇറങ്ങുന്ന 'ചപ്പുചവറുകൾ'പോലും കാലവിളംബംകൂടാതെ ഇവിടെ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കപ്പെടുന്നു എന്ന ദുഃഖസത്യവുമായി താരതമ്യപ്പെടുത്തുമ്പോളാണ് ഈ ശൂന്യതയുടെ ഗൗരവം അനുഭവപ്പെടുന്നതു്. ആധുനികശാസ്ത്രത്തിൻെറ അനുസ്യൂതപുരോഗതി മനുഷ്യരാശിക്കു നല്കുന്ന സംഭാവനകളുടെ ഗുണദോഷങ്ങളെക്കുറിച്ചു ചച്ച്

ചെയ്യുന്ന ഗ്രന്ഥങ്ങളും നമുക്ക് അധികമില്ല. ഇതെല്ലാം മനസ്സിൽ കണ്ടുകൊണ്ടാണ് ഈ ലഘുഗ്രന്ഥം വിവർത്തനം ചെയ്യാൻ തയ്യാറായത്.

ആൽഡസ് ഹക്സ്‌ലിയുടെ ഔന്നത്യം നാം ഇനിയും വളരെയേറെ മനസ്സിലാക്കേണ്ടിയിരിക്കുന്നു. വ്യക്തിത്വമുള്ള ഒരു ദാർശനികചിന്തകൻ, കവി, പ്രബന്ധകാരൻ, നോവലിസ്റ്റ്, ചെറുകഥാകാരൻ, നാടകകൃത്ത്, സഞ്ചാരി, നിരൂപകൻ എന്നീ നിലകളിലെല്ലാം ഹക്സ്‌ലി പ്രസിദ്ധനാണ്. എല്ലാററിലും ഉപരി, ഈ നൂററാണ്ടിലെ ഏററവും പ്രമുഖരായ ബുദ്ധിജീവികളിൽ ഒരാളും മാനവവർഗ്ഗത്തിൻെറ പ്രശ്നങ്ങളെക്കുറിച്ചു മനമുരുകിയ ഒരു മനുഷ്യനുമായിരുന്നു അദ്ദേഹം. തൻെറ സാഹിത്യസിദ്ധി മുഴുവനും മനുഷ്യരാശിയുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും അവയ്ക്കു പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും വേണ്ടിയാണ് അദ്ദേഹം ചെലവഴിച്ചതെന്നു പറയാം. അതെ, ആധുനികമാനവസമുദായത്തിൻെറ മനസ്സാക്ഷിയായിരുന്നു ആൽഡസ് ഹക്സ്‌ലി.

ശാസ്ത്രത്തിൻെറയും സാഹിത്യത്തിൻെറയും ചിന്തയുടെയും മണ്ഡലത്തിൽ അതിപ്രശസ്തമാണ് ഹക്സ്‌ലികുടുംബം. ഡാർവിനിസത്തിൻെറ ഏറ്റവും വലിയ വ്യാഖ്യാതാക്കളിൽ ഒരാളും സുപ്രസിദ്ധശാസ്ത്രജ്ഞനുമായ തോമസ് ഹെൻട്രി ഹക്സ്‌ലിയിൽനിന്നു് ആരംഭിക്കുന്നു 'ജീനിയസ്സ്'കളുടെ ആ പരമ്പര. ടി. എച്ച്. ഹക്സ്‌ലിയുടെ പുത്രനായ ലെനാഡ് ഹക്സ്‌ലി ഒരു സാഹിത്യകാരനായിരുന്നു. 'കോൺഹിൽ മാഗസി'ൻെറ പത്രാധിപർ എന്നനിലയിൽ അദ്ദേഹം പ്രസിദ്ധനാണ്. ലെനാഡ് ഹക്സ്‌ലിയുടെയും സുപ്രസിദ്ധകവിയായ മാത്യു അർനോൾഡിൻെറ ഭാഗിനേയിയായ ജൂലിയ അർനോൾഡിൻെറയും

പുത്രനായി 1894 ജൂലായ് 26-ാംതീയതി ആൾഡസ് ഇംഗ്ലണ്ടിലെ സറേയിൽ ജനിച്ചു. അദ്ദേഹത്തിൻെറ ജ്യേഷ്ഠസഹോദരനാണ് ആധുനികജീവശാസ്ത്രവിദ്യാൎത്ഥികൾ ആചാൎയ്യതുല്യം ബഹുമാനിക്കുന്ന സർ ജൂലിയൻ ഹക്സ്ലി.

ഈററണിലും ഓക്സ്ഫോർഡിലുമാണ് ആൾഡസ് വിദ്യാഭ്യാസം നടത്തിയതു്. മെക്കാനിക്കൽ എഞ്ചിനീയറാകാൻ ആഗ്രഹിച്ച തോമസ് ഹക്സ്ലി വിധിവൈപരീത്യംകൊണ്ടു നാം ഇന്നറിയുന്ന പ്രകൃതിശാസ്ത്രജ്ഞനായി. അതുപോലെ വൈദ്യശാസ്ത്രം പഠിക്കുകയും ശാസ്ത്രജ്ഞനാകാൻ അഭിലഷിക്കുകയുംചെയ്ത ആൾഡസ് ഹക്സ്ലി അതികഠിനമായ നേത്രരോഗത്താൽ അല്പകാലത്തേക്ക് അന്ധനാകുകയും അതോടെ ശാസ്ത്രജ്ഞനാകാനുള്ള ആശ കൈവെടിഞ്ഞു സാഹിത്യകാരനും ദാൎശനികനുമാകുകയുംചെയ്തു.

വിദ്യാഭ്യാസാനന്തരം അദ്ദേഹം കുറച്ചുകാലം അദ്ധ്യാപകനായി ജോലിചെയ്തു. പിന്നീട് 1919-ൽ 'ഏതേനിയ'ത്തിൻെറ പത്രാധിപസമിതിയിൽ അംഗമായി. തുടൎന്നു വെസ്റ്റ്മിനിസ്റ്റർഗസററിൻെറ നാടകനിരൂപകനായി പ്രവൎത്തിച്ചു.

1937 മുതൽ അദ്ദേഹം കാലിഫോർണിയയിലെ ഹോളിവുഡ്ഡിലാണു താമസിച്ചിരുന്നതു്. പൌരസ്ത്യനാട്ടുകളിൽ വന്നു താമസിക്കുന്നതിനുള്ള ലക്ഷ്യവുമായി നടത്തിയ ഒരു യാത്രയ്ക്കിടയിൽ യുദ്ധവും മററു വ്യക്തിപരമായ കാരണങ്ങളുംമൂലമാണു കാലിഫോർണിയയിൽ താമസമാക്കാൻ ഇടയായതു്.

മൂന്നുവൎഷം തൊണ്ടയിൽ അർബ്ബുദരോഗബാധിതനായി കഴിഞ്ഞശേഷം 1963 നവംബർ 22-ാംതീയതി

അദ്ദേഹം ചരമമടഞ്ഞു. സാഹിത്യവിദ്യാൎത്ഥികളും ബുദ്ധിജീവികളും ഞെട്ടലോടെയാണ് ആ വാൎത്ത ശ്രവിച്ചതു്. ഹക്സ്ലിയുടെ ചരമവും കെന്നഡിയുടെ വധവും ഏതാണ്ട് ഒരേസമയത്തായിരുന്നു. അതുകൊണ്ട് ആദ്യത്തേതു് അധികമാരും ശ്രദ്ധിച്ചില്ല. കെന്നഡിയുടെ വധത്തിന്റെ ഛായയിൽ അതു മങ്ങിപ്പോയി. ആധുനികശാസ്ത്രത്തിന്റെ സ്ഥാപകരിൽ ഒരാളായ അരിസ്റ്റോട്ടിൽ മാസിഡോണിയയിലെ ഫിലിപ്പ് ചക്രവൎത്തി ചരമമടഞ്ഞ അന്നാണു കാലഗതിപ്രാപിച്ചതു്—അധികമാരാലും ശ്രദ്ധിക്കപ്പെടാതെ. അതുതന്നെയായിരുന്നു ഹക്സ്ലിയുടെ അനുഭവവും. ഈ സംഭവം ഒന്നു വ്യക്തമാക്കുന്നു: സാഹിത്യപരവും ബുദ്ധിപരവുമായ നമ്മുടെ വീക്ഷണഗതി. അതായതു് രാഷ്ട്രീയക്കാരും ഭരണാധികാരികളുമാണു ബുദ്ധിജീവികളെയും ചിന്തകന്മാരെയും സാഹിത്യകാരന്മാരെയുംകാൾ ബഹുജനദൃഷ്ടിയിൽ പ്രാമാണ്യംനേടുന്നതു്.

നിരന്തരമായ വായനയും ആഴത്തിലേക്ക് ആണ്ടിറങ്ങിച്ചെന്നുള്ള ചിന്തയുംമൂലം അഗാധപണ്ഡിതനായിത്തീൎന്ന ഹക്സ്ലി അസാധാരണമായ ഓൎമ്മശക്തിയുടെ ഉടമകൂടിയായിരുന്നു. ഒരു സഞ്ചരിക്കുന്ന സൎവ്വവിജ്ഞാനകോശമായിരുന്നു അദ്ദേഹം. 'എൻസൈക്ലോപ്പീഡിയാ ബ്രിട്ടാനിക്ക'യിലെ എല്ലാ വാല്യങ്ങളുടെയും ഓരോ പേജുകളിലുമുള്ള കാര്യങ്ങൾ ഓൎമ്മയിൽനിന്നും ഉദ്ധരിക്കാൻ അദ്ദേഹത്തിനു കഴിവുണ്ടായിരുന്നുപോലും!

"ചിന്തയുടെ എല്ലാ കരകളെയും സ്പൎശിച്ച തരംഗങ്ങളുള്ള ഒരു ധിഷണാസമുദ്രം" എന്നു പ്രസിദ്ധവാഗ്മിയായ റോബർട്ട് ഇംഗർസോൾ ഷേക്സ്പിയറെ വിശേഷിപ്പിച്ചിട്ടുള്ളതു് ഹക്സ്ലിക്കും അനുയോജ്യമാണ്. ആ പ്രതിഭാസമുദ്രത്തിലേക്കു പ്രവഹിക്കാത്ത ചിന്താധാരകളില്ല;

അതിൽനിന്നു് ഉത്ഭവിച്ച അലയടികൾ സ്പർശിക്കാത്ത രംഗങ്ങളും കുറവാണു്.

ഇത്രയേറെ വൈവിദ്ധ്യമിയന്ന വിഷയങ്ങളെക്കുറിച്ചു് ആധികാരികമായി എഴുതാൻ ഹക്സ്‌ലിയെപ്പോലെ കഴിവുണ്ടായിരുന്ന ആളുകൾ നമ്മുടെ കാലഘട്ടത്തിൽ ജീവിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. ജീവപരിണാമവും കലയും മതവും സംഗീതവും മിസ്റ്റിസിസവും ബയോകെമിസ്ട്രിയും ന്യൂക്ലിയർ ഫിസിക്സും വേദാന്തവും ബുദ്ധമതവും അദ്ദേഹം ഒരുപോലെ കൈകാര്യംചെയ്തിരുന്നു.

ഭാരതീയതത്ത്വചിന്തയുടെ വലിയ ആരാധകനായിരുന്നു ഹക്സ്‌ലി. പൗരസ്ത്യചിന്താഗതികൾ അദ്ദേഹത്തെ വളരെയധികം സ്വാധീനിച്ചിട്ടുണ്ടു്. ഹിന്ദുമതത്തിൽ മാത്രമല്ല, പൗരസ്ത്യചിന്തയുടെ പല വശങ്ങളിലും അദ്ദേഹം തൽപരനായിരുന്നു. ഭാരതീയാദർശങ്ങളുടെ മഹായാനബുദ്ധമതവ്യാഖ്യാനങ്ങളിലായിരുന്നു അദ്ദേഹത്തിനു കൂടുതൽ താൽപര്യമുണ്ടായിരുന്നതു്. സ്വാമി പ്രഭവനാനന്ദനും ഐഷർവുഡ്സുംകൂടി ഇംഗ്ലീഷിൽ തർജ്ജമചെയ്ത ഭഗവദ്ഗീതയ്ക്കു ഹക്സ്‌ലി എഴുതിയ ആമുഖം ശ്രദ്ധേയമാണു്.

ധീരനായ ഒരു പരീക്ഷണപ്രിയനായിരുന്നു അദ്ദേഹം. 'മെസ്കലിൻ', 'ലൈസർജിക് ആസിഡ്' മുതലായ മരുന്നുകൾക്കു ചില അത്ഭുതസിദ്ധികളുണ്ടു്. നമ്മുടെ അനുഭൂതിമണ്ഡലത്തിനു സാധാരണനിലയിൽനിന്നു വളരെ കവിഞ്ഞ വൈദഗ്ദ്ധ്യവും അഗാധതയും നല്കാൻ ഇവയ്ക്കു കഴിയും. 'മെസ്കലി'നെക്കുറിച്ചു ഗവേഷണം നടത്തിയ ഒരു ശാസ്ത്രജ്ഞനെ ഹക്സ്‌ലി ഒരിക്കൽ സഹായിക്കുകയുണ്ടായി.

1953 മേയിൽ ഒരുദിവസം അദ്ദേഹം അരക്കപ്പ്

വെള്ളത്തിൽ 0.4 ഗ്രാം മെസ്കലിൻ കലക്കി കുടിക്കുകയും തുടർന്നുള്ള എട്ടോ പത്തോ മണിക്കൂർ സമയത്തിനുള്ളിൽ തൻെറ മനോലോകത്തുണ്ടായ വികാസപരിണാമങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു. അതേക്കുറിച്ചെഴുതിയ രസകരമായ ഒരു പ്രബന്ധമാണ് 'ദി ഡോഴ്സ് ഓഫ് പേഴ്സെപ്ഷൻ'.

ആധുനിക ആംഗ്ലേയസാഹിത്യത്തിൽ അദ്വിതീയമായ ഒരു സ്ഥാനമായിരുന്നു ഹക്സ്ലിക്കുണ്ടായിരുന്നത്. ബ്രിട്ടനിലെ റോയൽ സൊസൈററി ഓഫ് ലിറ്ററേച്ചർ കുറേനാൾ മുമ്പ് അദ്ദേഹത്തിനു 'കമ്പാനിയൻ ഓഫ് ലിററേച്ചർ' എന്ന ബിരുദം നല്കി ബഹുമാനിച്ചതു് അതിൻെറ ഒരു അംഗീകരണമായിരുന്നു. 45 വഷത്തോളം നീണ്ടുനിന്ന സുദീർഘമായ സാഹിത്യജീവിതത്തിന്നിടക്കു നോവലും കവിതയും നാടകവും ചെറുകഥയും സഞ്ചാരഗ്രന്ഥങ്ങളും സാഹിത്യനിരൂപണങ്ങളും അദ്ദേഹം എഴുതി.

നമ്മുടെ കാലഘട്ടത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഏററവും ഉത്തേജകങ്ങളായ കൃതികളിൽ നല്ലൊരുഭാഗം ഹക്സിലിയുടേതാണു്. തൻെറ കൃതികളുടെ രൂപത്തിലും ഭാവത്തിലും നൂതനങ്ങളായ പ്രവണതകളും സങ്കേതങ്ങളും ആവിഷ്കരിക്കുന്നതിനു് അദ്ദേഹം ശ്രമിച്ചിരുന്നു. ഒന്നാം ലോകമഹായുദ്ധംകൊണ്ടു തകൎന്നുകിടന്ന ലോകമാണു സാഹിത്യം കൈകാര്യംചെയ്യാൻതുടങ്ങിയപ്പോൾ അദ്ദേഹം കണ്ടതു്. ജീവിതത്തിൻെറ അത്ഥശൂന്യതയെക്കുറിച്ച് ഈ അന്തരീക്ഷം അദ്ദേഹത്തിന്നു ബോധം നല്കി. അതുകൊണ്ടാകണം അംഗീകൃതതത്ത്വസംഹിതകളെ പലതിനേയും പരിഹാസച്ചിരിയോടെ, ഒരു സിനിക്കിന്റെ മനോ

ഭാവത്തോടെ അദ്ദേഹം വ്യാഖ്യാനിച്ചതു്. ശാസ്ത്രത്തിന്റേയും, ദർശനങ്ങളുടേയും മനശ്ശാസ്ത്രത്തിൻേറയും സ്വാധീനവും അദ്ദേഹത്തിൻെറ കൃതികളിൽ കാണുന്നു. രാഷ്ട്രീയവും മിസ്റ്റിസിസവും അദ്ദേഹത്തിൻെറ കൃതികളിൽ സ്വാധീനം ചെലുത്തിയിട്ടുണ്ടു്.

1916-ലും 1918-ലും 1920-ലുമായി മൂന്നു കവിതാസമാഹാരങ്ങൾ പ്രസിദ്ധപ്പെട്ടത്തിയെങ്കിലും ഹക്സ്‌ലി ശ്രദ്ധിക്കപ്പെട്ടതു് 1920-ൽ 'ലിംബോ' (Limbo) എന്ന ചെറുകഥാസമാഹാരം പ്രസിദ്ധീകരിക്കപ്പെട്ടപ്പോഴാണു്. തുടന്നു് 1921-ൽ 'ക്രോം എല്ലോ' (Crome-yellow) എന്ന നോവൽ പുറത്തുവന്നു. ഹക്സ്‌ലിയുടെ ഈ പ്രഥമ നോവൽ ഒരു വലിയ വിജയമായിരുന്നു. സമുദായത്തിന്റെ പൊങ്ങച്ചങ്ങളെ പൊക്കിക്കാട്ടി പൊട്ടിച്ചിരിപ്പിക്കാനുള്ള തന്റെ പാടവം ഹക്സ്‌ലി ഈ ആദ്യനോവലിൽത്തന്നെ പ്രദശിപ്പിച്ചു. കുതിരപ്പന്തയത്തിൽ നഷ്ടംവന്നു് ജ്യോതിഷത്തിലുംമറ്റും സാന്ത്വനം നേടിയ മിസ്സിസ് വിമ്പുഷ്വിന്റെയും നിരുത്തരവാദപരമായ ജീവിതം നയിക്കുന്ന കുറെ സമുദായപ്രമാണിമാരുടെയും ജീവിതത്തിലേക്കു് ഒരു എത്തിനോട്ടമാണു് ഈ നോവൽ. 1923-ൽ ഹക്സ്‌ലിയുടെ രണ്ടാമത്തെ നോവലായ 'ആന്റിക് ഹേ' (Antic Hay) പ്രസിദ്ധീകരിക്കപ്പെട്ടു. ഈ നോവൽ വളരെ കോളിളക്കം സൃഷ്ടിച്ചതാണു്. യുദ്ധാനന്തരകാലത്തു ലണ്ടൻനഗരത്തിൽ നടന്ന കുത്തഴിഞ്ഞ ജീവിതവും ഭോഗാസക്തരായ കുറെ കഥാപാത്രങ്ങളുടെ ലൈംഗിക അരാജകത്വവും വരച്ചുകാണിച്ചിരിക്കയാണിതിൽ. 1925-ൽ 'ദോസ് ബാരെൻ ലീവ്സ്' (Those Barren Leaves) എഴുതിയപ്പോഴേക്കും ഹക്സ്‌ലിയിൽ മിസ്റ്റിസിസത്തിന്റെ സ്വാധീനവും ഉണ്ടായിരുന്നു എന്നു തോന്നുന്നു. ഇതിനെ

ത്തുടൎന്നു് 1928-ൽ 'പോയിൻററ് കൗണ്ടർ പോയിൻററ്' (Point Counter Point) എന്ന മറെറാരു നോവലുംകൂടി അദ്ദേഹം എഴുതി. എന്നാൽ ആൾഡസ് ഹക്സ്‌ലിയുടെ നാമം സാഹിത്യലോകത്തിൽ അനശ്വരമാക്കിയതിൽ 1932-ൽ എഴുതിയ 'ബ്രേവ് ന്യൂ വേൾഡ്' (Brave New World) ഒരു പ്രധാനപങ്കു വഹിക്കുന്നുണ്ടു്. ഹക്സ്‌ലിയുടെ 'മാസ്റ്റർപീസ്' നോവൽ ഈ 'ധീരനൂതനലോക'മാണു്. ശാസ്ത്രപുരോഗതി വ്യക്തികളെ എങ്ങനെ ബാധിക്കുന്നുവെന്നു് അദ്ദേഹം ഈ നോവലിൽ വിവരിക്കുന്നു. ഈ ശാസ്ത്രപുരോഗതി നമുക്കു നേടിത്തരുന്ന യാന്ത്രികസംസ്കാരം സൃഷ്ടിക്കുന്ന 'നാളെ'യുടെ ഭീകരരൂപം അദ്ദേഹം ഇതിൽ വരച്ചുകാണിക്കുന്നുണ്ടു്. സ്വാതന്ത്ര്യം നശിച്ച, സദാചാരമൂല്യങ്ങൾ വിസ്മൃതമായ ഒരു അസാധാരണലോകത്തിൽ സാധാരണമനുഷ്യൻ ചെന്നെത്തിയാൽ ഉണ്ടാകാവുന്ന ദുരന്തഫലങ്ങൾ ഒരു പ്രവാചകൻെറ ദീർഘവീക്ഷണത്തോടെ അദ്ദേഹം ഈ നോവലിൽ എഴുതിയിരിക്കുന്നു—1931-ൽത്തന്നെ! ശാസ്ത്രപുരോഗതിയുടെ അനിഷ്ടഫലങ്ങളെക്കുറിച്ചു ചൂണ്ടിക്കാണിക്കുന്ന ഇത്രയും ഉജ്ജ്വലമായ ഒരു നോവൽ വേറെ ഉണ്ടെന്നു തോന്നുന്നില്ല. ഈ നോവലിനെത്തുടൎന്നു് 'ഐലെസ് ഇൻ ഗാസ' (Eyeless in Gaza) (1936), 'ആഫ്ടർ മെനി എ സമ്മർ ഡൈസ് ദി സ്വാൻ' (After Many A Summer Dies the Swan) (1939) എന്നീ നോവലുകൾകൂടി ഹക്സ്‌ലി എഴുതി. അതിനുശേഷം പ്രസിദ്ധീകരിക്കപ്പെട്ട അദ്ദേഹത്തിൻെറ ശ്രദ്ധേയമായ നോവലുകളിലൊന്നു് 'ഏപ് ആൻഡ് എസ്സെൻസ്' (Ape and Essence)(1948) ആണു്. ശാസ്ത്രത്തിൻെറ ദുരന്തസംഭാവനകളും ചെകുത്താനു സമർപ്പിക്കപ്പെട്ട ഒരു സമുദായത്തിൻെറ ഭീകരചിത്രവുമാണു്

ഇതിലെ ഉള്ളടക്കം. 1955-ൽ എഴുതിയ 'ദി ജീനിയസ് ആൻഡ് ദി ഗോഡെസ്' (The Genius and the God-déss) എന്ന നോവലും ശ്രദ്ധയർഹിക്കുന്നു. ലോകപ്രശസ്തശാസ്ത്രജ്ഞനായ കഥാനായകനും അദ്ദേഹത്തിന്റെ ചെറുപ്പക്കാരിയായ ഭാര്യയും ഭാര്യയുടെ യുവാവായ കാമുകനുമാണ് പ്രധാന കഥാപാത്രങ്ങൾ. ആ ഭാര്യയും കാമുകനുമായുള്ള ബന്ധങ്ങളാണ് ഇതിലെ പ്രധാനപ്രമേയം. 'ധീരനൂതനലോക'ത്തിൽ താൻ ദീർഘദർശനം ചെയ്ത ലോകം പ്രതീക്ഷിച്ചതിലും നേരത്തെതന്നെ രൂപംകൊണ്ടതാണ് 1959-ൽ 'ബ്രേവ് ന്യൂ വേൾഡ് റി വിസിറ്റഡ്' (Brave New World Revisited) എഴുതാൻ പ്രചോദനം നല്കിയതു്. ഹക്സ്‌ലിയുടെ ഏററവും അവസാനനോവലായ 'ദി ഐലൻഡ്' (The Island) 1962-ൽ പ്രസിദ്ധപ്പെടുത്തി. പാശ്ചാത്യരാജ്യങ്ങളിലെ ശാസ്ത്രീയനേട്ടങ്ങളിൽനിന്നു് ഏററവും നല്ലവയെ തെരഞ്ഞെടുത്തു പൗരസ്ത്യരാജ്യങ്ങളിലെ വിജ്ഞാനവുമായി യോജിപ്പിച്ചു്, മോക്ഷമരുന്നുകളും ഉപയോഗിച്ചു ജീവിക്കുന്ന 'പാല' എന്ന സങ്കല്പദ്വീപിലെ ജനങ്ങളുടെ കഥയാണ് ഇതിലുള്ളതു്. ഭാരതീയദർശനങ്ങളിൽ ഹക്സ്‌ലിക്കുള്ള ജ്ഞാനത്തിൻെറ ചില സ്ഫുലിംഗങ്ങളും ഈ നോവലിലുണ്ടു്. കഥാപാത്രങ്ങൾക്കുവരെ ഭാരതീയനാമങ്ങൾ കൊടുത്തിരിക്കുന്നു.

ഇംഗ്ലീഷ്കോമഡിയിലെ ഡിക്കൻസിയൻപാരമ്പര്യം അതിൻെറ വിശദാംശങ്ങളിൽത്തന്നെ പിന്തുടന്നതാണ് ഹക്സ്‌ലിയുടെ നോവലുകളിൽ നാം കാണുന്നതു്. ബെർണാഡ്ഷായും, വെത്സും, ചെസ്റ്റർട്ടണും, ഓർവെലും ഹക്സ്‌ലിയും ഇക്കാര്യത്തിൽ ഒരേ കുടുംബാംഗങ്ങളാണെന്നു പറയാം.

നോവൽരചനയെക്കുറിച്ചു ഹക്സ്‌ലിക്കു സ്വന്തമായ പല വിശ്വാസങ്ങളും ഉണ്ടായിരുന്നു. ടോൾസ്റ്റോയിയും ഡോസ്റ്റോവ്‌സ്‌കിയും എഴുതിയതുപോലെയുള്ള തടിച്ച നോവലുകൾ എഴുതാൻ തന്നെക്കൊണ്ടു് ഒരിക്കലും കഴിയുകയില്ലെന്നു് അദ്ദേഹം വിശ്വസിച്ചിരുന്നു. എന്നാൽ ഒരു നോവൽ മറെറാന്നിൽനിന്നു കഴിയുന്നിടത്തോളം വിഭിന്നമായിരിക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. ടോൾസ്റ്റോയിയുടെയും ഡിക്കൻസിൻെറയും മററും ടെക്‌നിക്കുകളിൽ വലിയ നോവലുകൾ സൃഷ്ടിക്കപ്പെടാത്തതിനെപ്പററി നമ്മുടെ നാട്ടിൽ പലരും വേദനിക്കുന്നുണ്ടല്ലോ. ഹക്സ്‌ലി ഒരു അഭിമുഖസംഭാഷണത്തിൽ ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി, "ഒരു ആധുനികനോവലിസ്റ്റിനു് അത്തരം നോവലുകൾ എഴുതാൻ സാധ്യമല്ല" എന്നു്. അതേരൂപത്തിൽ നോവലുകൾ രചിക്കാൻ മനശ്ശാസ്ത്രപരമായി നമുക്കു് അസാധ്യമാണെന്നും അദ്ദേഹം പ്രസ്താവിച്ചു. കലാകാരന്മാരുടെ ഓരോ തലമുറയ്ക്കും തോന്നുന്നതു്, അതിൻെറ തൊട്ടു മുമ്പുള്ള തലമുറ നന്നായി ചെയ്തിരുന്നതിനു തുല്യമായി വീണ്ടും ചെയ്യാൻ സാധിക്കയില്ലെന്നാണെന്നു് അദ്ദേഹം ഒരു വിശദീകരണവും തരുന്നു. അതായതു്, മുൻതലമുറ വളരെ നന്നായി എന്തെങ്കിലും കലാസൃഷ്ടി നടത്തിയെങ്കിൽ നമുക്കു പിന്നെ വേറെ എന്തെങ്കിലുംതന്നെയാണല്ലോ ചെയ്യേണ്ടിവരുന്നതു്.

ചിന്തിക്കുവാനും ചിരിക്കുവാനും പററിയവിധത്തിൽ ഗൗരവമേറിയ ആശയങ്ങളും ഹാസ്യാത്മകതയും അലിഞ്ഞുചേന്നവയാണു് ഹക്സ്‌ലിയുടെ നോവലുകൾ. ഒരു പക്ഷേ, അവയിൽ ചിലതിൽ വരച്ചുകാണിച്ച ജീവിതചിത്രങ്ങൾ ഭീകരങ്ങളാകാം. എങ്കിലും ആധുനിക ശാസ്ത്ര-സാങ്കേതികപുരോഗതിയുടെയും, രണ്ടു ലോകമഹാ

യുദ്ധങ്ങളുടെയും ദുരന്തഫലങ്ങൾ കണ്ടു വേദനിച്ച ഒരു ഹൃദയത്തിൻെറ നൊമ്പരം അവയിൽ കേൾക്കാൻകഴിയും.

മുകളിൽ പ്രസ്താവിച്ച കൃതികൾക്കുടാതെ 'മോർട്ടൽ കോയിൽസ്' (Mortal Coils), 'ബ്രീഫ് ക്യാൻഡിൽസ്' (Brief Candles), 'ലിറ്റിൽ മെക്സിക്കൻ' (Little Mexican), 'ടു ഓർ ത്രീ ഗ്രേസസ്' (Two or Three Graces) എന്നീ കഥാസമാഹാരങ്ങളും, 'ജെസ്റ്റിംഗ് പൈലേററ്' (Jesting Pilate), 'ബിയോൺഡ് ദി മെക്സിക് ബേ' (Beyond the Mexique Bay) എന്നീ സഞ്ചാരകൃതികളും 'ദി സിസാഡസ്' (The Cicadas), 'ലെഡ' (Leda) എന്നീ കവിതാസമാഹാരങ്ങളും 'ദി ഗിയോകൊണ്ട സ്മൈൽ' (The Gioconda Smile), 'ദി വേൾഡ് ഓഫ് ലൈററ്' (The World of Light) എന്നീ നാടകങ്ങളും അദ്ദേഹത്തിൻെറ പുസ്തകങ്ങളുടെ പട്ടികയിൽ പെടുന്നു.

ഹക്സ്‌ലിയുടെ കാല്പനികകൃതികളിൽ പലതും അല്പസ്വല്പം രൂപഭേദം വരുത്തിയാൽ ഒന്നാന്തരം പ്രബന്ധങ്ങളായി മാറും. അതിനർത്ഥം മറെറന്തിനെക്കാളുമേറെ ഹക്സ്‌ലി വിജയിച്ചതു ചിന്തകനായ പ്രബന്ധകാരനെന്നനിലയിലാണ് എന്നത്രെ. ഒരു പ്രബന്ധകാരനെന്നനിലയിലാണ് തനിക്കു കൂടുതൽ കഴിവുള്ളതു് എന്നു് അദ്ദേഹം വിശ്വസിച്ചിരുന്നു. പ്രബന്ധകാരൻെറ ഈ 'ഉൾക്കട്ടി' അദ്ദേഹത്തിൻെറ കാല്പനികകൃതികളിലും ധാരാളം കാണുന്നതിനാൽ അവ വായിച്ചു മനസ്സിലാക്കാൻ താരതമ്യേന കൂടുതൽ ബുദ്ധിവിനിമയം ആവശ്യമാകുന്നതുകൊണ്ടാകാം സമകാലീനരായ മററു പല രണ്ടാംകിട സാഹിത്യകാരന്മാരുടെപോലും കൃതികളെപ്പോലെ സാധാരണജനങ്ങളെ അധികം ആകർഷിക്കാത്തതു്. പക്ഷേ, 'ചീപ് പോപ്പുലാരിററി' കിട്ടിയില്ലെങ്കിലും ജീവിക്കാൻ കഴിവുള്ള

വയാണു ഹക്സ്‌ലിയുടെ ഗ്രന്ഥങ്ങൾ. 'എൻഡ്സ് ആൻഡ് മീൻസ്' (Ends and Means), 'പെരനിയൽ ഫിലോസഫി' (Perennial Philosophy), 'ദി ഡോഴ്സ് ഓഫ് പെഴ്സെപ്ഷൻ' (The Doors of Perception), 'സയൻസ്, ലിബേർട്ടി ആൻഡ് പീസ്' (Science, Liberty & Peace) എന്നിവയാണ് അദ്ദേഹത്തിൻെറ പ്രധാന പ്രബന്ധങ്ങൾ. ഇവയിൽ 'എൻഡ്സ് ആൻഡ് മീൻസ്' ഹക്സ്‌ലീയുടെ അതിപ്രശസ്തകൃതികളിലൊന്നാണ്. ഒരു ഉൽഗ്രഥനത്തിൻെറ രൂപരേഖയായ ഈ ഗ്രന്ഥത്തെ നമ്മുടെ കാലഘട്ടത്തിൻെറ 'പാപസങ്കീർത്തന'മെന്നോ ഒരു മിസ്റ്റിക്കിൻെറ മാനിഫെസ്റ്റോയെന്നോ വിളിക്കുന്നതിൽ അപാകതയില്ല. തൻെറ തത്ത്വസംഹിതയുടെ വിശദീകരണം അടങ്ങിയ ഒരു ഉജ്ജ്വലകൃതിയാണ് 'അനശ്വരദർശനം'. (പെരനിയൽ ഫിലോസഫി).

ശാസ്ത്രപുരോഗതിയുടെ ഈ കാലഘട്ടത്തിൽ വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒരു കൃതിയാണ് ഇവിടെ പരിഭാഷപ്പെടുത്തിയിരിക്കുന്ന 'സയൻസ്, ലിബേർട്ടി ആൻഡ് പീസ്'. തന്റെ പലകൃതികളിലും പ്രസംഗങ്ങളിലും പലപ്പോഴായി സൂചിപ്പിച്ച ആശയങ്ങൾ ഈ പ്രബന്ധത്തിൽ അദ്ദേഹം ക്രോഡീകരിച്ചിരിക്കുന്നു. മനുഷ്യവർഗ്ഗത്തിൻെറ നിലനില്പിനെക്കുറിച്ച് അത്യധികം ആശങ്കകളുള്ള ഒരു 'ഹ്യൂമനിസ്റ്റി'ൻെറ ശബ്ദം ഈ ഗ്രന്ഥത്തിൽ മുഴങ്ങുന്നുണ്ട്.

ആദ്യകാലംമുതൽ ഹക്സ്‌ലിയുടെ വിശ്വാസപ്രമാണങ്ങളെ സ്വാധീനിച്ചിരുന്നത് ശാസ്ത്രീയചിന്തയായിരുന്നെന്നു മുമ്പു സൂചിപ്പിച്ചല്ലോ. മാനവജീവിതത്തിന് ഒരു പുതിയ അർത്ഥവും വ്യാപ്തിയും നല്കാനും, ഒരു സാർവ്വലൗകികവീക്ഷണം മനുഷ്യനു പ്രദാനംചെയ്യാനും ശാസ്ത്ര

ത്തിനു കഴിയണമെന്നായിരുന്നു അദ്ദേഹത്തിൻെറ ആശ. പക്ഷേ, കാലം തെളിയിച്ചുകൊടുത്തതു മററൊന്നാണു്. ആധുനികശാസ്ത്രത്തിൻെറ നേട്ടങ്ങൾ അപകടകരമായ മാൎഗ്ഗങ്ങളിൽ വിനിയോഗിക്കപ്പെടാനുള്ള പ്രവണത വളരുന്നതു കണ്ടു് അദ്ദേഹം അമ്പരന്നു. മനുഷ്യനന്മയ്ക്കു പ്രയോജനപ്പെടണമെന്ന പാവനലക്ഷ്യത്തോടെ നേടിയ ശാസ്ത്രീയവിജ്ഞാനത്തിൻെറ പകപഫലങ്ങൾ ചരിത്രം മറക്കുകയോ പൊറുക്കുകയോ ചെയ്യാത്തവിധത്തിൽ ദുരന്തങ്ങൾ സൃഷ്ടിക്കുന്നതു കണ്ടു് അദ്ദേഹത്തിൻെറ പ്രതീക്ഷകൾ തകൎന്നു. ശാസ്ത്രീയയുഗമെന്നു പുകൾപെററ ഇരുപതാംനൂററാണ്ടിൽ മനുഷ്യൻെറ സമാധാനത്തിനും, സ്വാതന്ത്ര്യത്തിനും സാരമായ ഭംഗം നേരിട്ടിട്ടുണ്ടെന്നതു് സത്യമാണു്. അക്കാൎയ്യത്തിൽ അപ്രധാനമല്ലാത്ത ഒരു ഉത്തരവാദിത്വം ശാസ്ത്രത്തിനുണ്ടു്. ഇന്നു ദ്രുതഗതിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന സ്വാതന്ത്ര്യക്ഷയത്തിനും അധികാരകേന്ദ്രീകരണത്തിനും കാരണഭൂതമായ ഘടകങ്ങളിൽ ഒന്നു് വളൎന്നുകൊണ്ടിരിക്കുന്ന ശാസ്ത്രമാണു് എന്നു ഹക്സ്‌ലി ഇവിടെ പരിഭാഷപ്പെടുത്തിയിരിക്കുന്ന ഈ ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നു. ശാസ്ത്രത്തിൻെറ കഴിവുകൾമൂലം ന്യൂനപക്ഷത്തിനു ഭൂരിപക്ഷത്തിൻെറമേൽ വിവിധപ്രകാരത്തിൽ അധീശത്വം വൎദ്ധിക്കുകയും ചെയ്യുന്നു. ഭരിക്കുന്ന ന്യൂനപക്ഷത്തിൻെറ കൈകളിൽ സാമ്പത്തിക-രാഷ്ട്രീയാധികാരങ്ങൾ കേന്ദ്രീകരിക്കുന്നതിനും ശാസ്ത്രപുരോഗതി സഹായിക്കുന്നുണ്ടു്. ശാസ്ത്രത്തിൻെറ വളൎച്ചമൂലം മനുഷ്യനു് അവൻെറ ഭാവിയെക്കുറിച്ചു വലിയൊരു ഉൽക്കണ്ഠതന്നെ ഉണ്ടായിരിക്കയാണു്; മറെറാരു ആഗോളയുദ്ധത്തിൻെറ ഭീഷണിനിറഞ്ഞ ശീതസമരം ഇന്നും നിലനില്ക്കുകയാണു്; രണ്ടു ലോകമഹായുദ്ധങ്ങ

ളുടെ കെട്ടതികളിൽനിന്നു് ഇനിയും മോചനം നേടിക്കഴിഞ്ഞിട്ടില്ലാത്ത മനുഷ്യരാശി ശാസ്ത്രപുരോഗതിമൂലം തങ്ങളുടേതായ എല്ലാം വീണ്ടും കരിയും ചാമ്പലുമാകുന്ന ആദ്ദിനത്തെക്കുറിച്ചുള്ള പേടിസ്വപ്നവുമായി കഴിയുകയാണു്. അതെ, ചരിത്രത്തിലെ ഏററവുംവലിയ പാഠം ചരിത്രത്തിൻെറ പാഠങ്ങൾ ആരും പഠിക്കുന്നില്ലെന്നതുതന്നെ! എന്തൊരു വൈരുദ്ധ്യമാണിതു്! അണുബോംബിൻെറ സമകാലീനനായ മനുഷ്യനു നിലനില്പുതന്നെ നിരത്ഥകമായിരിക്കുന്നു! ലോകം ഏതൊരുനിമിഷത്തിലും നശിച്ചേക്കുമെന്ന ഭയം അവനെ ബാധിച്ചിരിക്കുന്നു. കൈവിരലാലെണ്ണാവുന്ന രാഷ്ട്രത്തലവന്മാരുടെയും സൈനികമേധാവികളുടെയും കൈയിൽ മുന്നൂറുകോടി മനുഷ്യരുടെ ഭാഗധേയം നിലകൊള്ളുന്നു എന്ന നിലയാണിന്നു്. മനുഷ്യത്വപരമല്ലാത്തരീതിയിൽ പ്രായോഗികശാസ്ത്രം ഉപയോഗിക്കപ്പെട്ടുന്നതിൻെറ ദുഷ്ഫലങ്ങളാണിവയെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

1961 നവംബർ 13-ാംതീയതി ദൽഹിയിൽ നടന്ന അന്താരാഷ്ട്രീയ സാഹിത്യസെമിനാറിൽ "സാഹിത്യവും ജീവിതവും" എന്ന വിഷയത്തെക്കുറിച്ചുള്ള പ്രബന്ധം അവതരിപ്പിച്ചുകൊണ്ടു നടത്തിയ ചർച്ചയിൽ ഹക്സ്‌ലി വളരെ ഗൗരവമേറിയഭാഷയിൽ ഈ വിഷയം ഉന്നയിക്കുകയുണ്ടായി. ലോകത്തിലെ ലക്ഷക്കണക്കിനു ജനങ്ങൾക്കു ജീവിക്കാനും, വിശപ്പിൽനിന്നു മോചനം നേടാനും ഉപയുക്തമാകത്തക്കവിധത്തിൽ സാങ്കേതികവിദ്യയുടെ ഏററവും നല്ലവശങ്ങളെ ഉപയോഗപ്പെടുത്തുന്നതിൻെറ ആവശ്യത്തെപ്പററി അദ്ദേഹം ഊന്നിപ്പറഞ്ഞു. അല്പവികസിതരാജ്യങ്ങളിൽ സാങ്കേതികവിദ്യ കൂടുതൽ കൂടുതൽ ഉപയോഗപ്പെടുത്തുന്നതു പ്രഥമവും പ്രധാനവു

മായി മാനുഷികമൂല്യങ്ങളെ മാനിച്ചുകൊണ്ടുവേണമെന്നും അല്ലെങ്കിൽ യൂറോപ്പിൻെറ കഴിഞ്ഞ ഒരുനൂററാണ്ടിലെ ദുർന്തചരിത്രം ആ രാജ്യങ്ങളിലും ആവത്തിക്കപ്പെട്ടുകയാവും ഫലമെന്നും അദ്ദേഹം താക്കീതുനല്കി. യന്ത്രങ്ങൾ മനുഷ്യനുവേണ്ടി ഉണ്ടാക്കിയതാണെന്നും മനുഷ്യൻ യന്ത്രങ്ങൾക്കുവേണ്ടി ഉണ്ടാക്കപ്പെട്ടതല്ലെന്നും നാം ഓക്കണം; യൂറോപ്പ് അതു് ഓത്തില്ലെന്നും അതിൻെറ കഷ്ടപ്പാടുകൾ നിരവധിയായിരുന്നെന്നും അദ്ദേഹം സൂചിപ്പിച്ചു.

ശാസ്ത്രത്തിൻ്റെയും സാങ്കേതികവിദ്യയുടെയും പുരോഗതിയുടെ ഫലമായി ജനസംഖ്യാവിസ്ഫോടനവും അതിൽനിന്നു ലോകത്തിലെ വൻനഗരങ്ങളുടെ ക്രമാതീതമായ വളച്ച്യും ഉണ്ടാകുന്നു എന്നു് അദ്ദേഹം ആ യോഗത്തിൽ പ്രസ്താവിച്ചു. തുടന്നു്, പാശ്ചാത്യദേശങ്ങളിലെ നിർഭാഗ്യകരമായ ഒരു യാഥാത്ഥ്യം അദ്ദേഹം തുറന്നുകാണിച്ചു: “വൻപിച്ച ജനസമൂഹങ്ങൾ ഇന്നു പൂണ്ണമായും മനുഷ്യനിമ്മിതമായ പരിതഃസ്ഥിതികളിൽ ജീവിക്കുന്നു. ഞങ്ങളുടെ ലക്ഷക്കണക്കിനു കുഞ്ഞുങ്ങൾ ഒരു പശുവോ, ഫലവൃക്ഷമോ, ധാന്യവയലോ ഒരിക്കലെങ്കിലും കാണാത്തവരാണു്!” പ്രകൃതിയിൽനിന്നു വ്യതിരിക്തമായി കൃത്രിമലോകത്തിൽ ജീവിക്കുന്ന ഇവരുടെ ജീവിതാനുഭവങ്ങൾ എത്ര സങ്കുചിതമായിരിക്കുമെന്നു് ഊഹിക്കാമല്ലോ.

ഈ ശാസ്ത്രപുരോഗതി ഭരിക്കുന്ന ന്യൂനപക്ഷത്തിൻ്റെ കൈകളിലേക്കു് എങ്ങനെ, ഏതെല്ലാംവിധത്തിൽ അധികാരകേന്ദ്രീകരണശക്തി സംഭാവനചെയ്യുവെന്നും, ആ പ്രവണതകളെ എങ്ങനെ, ഏതെല്ലാംവിധത്തിൽ ചെറുക്കുകയും അവസാനം ഒരുപക്ഷേ, തിരച്ചടിക്കുകയും ചെയ്യാമെന്നും ഹക്സ്'ലി ഈ ഗ്രന്ഥത്തിൽ ചച്ച്ചെയ്യുന്നുണ്ടു്. ആധുനികസാങ്കേതികപുരോഗതിയുടെ ദുഷിച്ച പ്രായോ

ഗികപ്രവൎത്തനങ്ങളുടെ പ്രത്യാഘാതങ്ങളായ പൈശാചികഫലങ്ങളും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. കഴിഞ്ഞ ഏതാനും ദശാബ്ദത്തിനുള്ളിൽ ഉണ്ടായിരിക്കുന്ന അത്യത്ഭുതകരമായ ശാസ്ത്രീയപുരോഗതി, ഭരിക്കുന്ന ന്യൂനപക്ഷത്തിൻെറ കൈകളിൽ സാമ്പത്തിക-രാഷ്ട്രീയാധികാരങ്ങൾ കേന്ദ്രീകരിക്കുന്നതിലാണു കൂടുതൽ സഹായിച്ചിട്ടുള്ളതു്. അല്ലാതെ സമുദായത്തിന്റെ പൊതുനന്മയ്ക്കുവേണ്ടിയല്ല. അതിൻെറ ഫലമോ? —ഭരിക്കുന്നവരുടെയിടയിൽ കൈക്കൂലിയും അഴിമതിയും വൎദ്ധിക്കുന്നു. ബഹുജനങ്ങളുടെയിടയിൽ ഭയവും ആത്മവിശ്വാസമില്ലായ്മയും വളരുന്നു. ഈ രണ്ടുകൂട്ടക്കും ആത്മീയച്യുതി അനുഭവപ്പെടുകയും ചെയ്യുന്നു. ആകപ്പാടെ മനുഷ്യൻ, ശാസ്ത്രം നല്കുന്ന 'പ്രോക്രസ്റ്റസിൻെറ കട്ടിലി'ൽ ഒതുങ്ങിക്കഴിയേണ്ടിവരികയാണു്. എല്ലാ രംഗങ്ങളിലും വളരെ വിപുലമായ വികേന്ദ്രീകരണം വരുത്താതെ ഇതിനെല്ലാം പരിഹാരം കണ്ടുപിടിക്കുക പ്രയാസമായിരിക്കുന്നു. അധികാരവും സമ്പത്തും ഉൽപ്പാദനവും വികേന്ദ്രീകരിക്കുന്നതിനുള്ള ഉജ്ജ്വലമായ വാദഗതികൾ ഹക്സ്‌ലി ഈ ഗ്രന്ഥത്തിൽ ഉന്നയിക്കുന്നുണ്ടു്, ഈ വിധത്തിൽ വികേന്ദ്രീകരണം സാദ്ധ്യമായാൽ മാത്രമെ ഭരിക്കുന്ന ന്യൂനപക്ഷത്തിൻെറ കീഴ്‌ലുള്ള ആഗോളാടിമത്തവും, യുദ്ധങ്ങളും വിപ്ലവങ്ങളും മൂലമുള്ള കൂട്ടമരണങ്ങളും ഒഴിവാക്കാൻ സാധിക്കുകയുള്ളു എന്നു് അദ്ദേഹം പ്രഖ്യാപിക്കുന്നു. ശാസ്ത്രപുരോഗതി മൂലം മാനവരാശിയുടെ 'ഇന്നു'മാത്രമല്ല, 'നാളെ'യും അപകടത്തിലായിരിക്കുന്ന ഈ കാലഘട്ടത്തിൽ, മനുഷ്യനു അവനെക്കുറിച്ചു കൂടുതൽ ചിന്തിക്കാനും അതനുസരിച്ചു പ്രവൎത്തിക്കാനും, മാനുഷികമൂല്യങ്ങൾ ഉയൎത്തിപ്പിടിക്കാനും സഹായിക്കുന്നതാണു് ഈ ലഘുഗ്രന്ഥം.

ഈ മലയാളംപതിപ്പിനുവേണ്ടി ഹക്സ്‌ലി പ്രത്യേകം എഴുതിയതാണ് ഇതിൽ ചേർത്തിട്ടുള്ള മുഖവുര എന്നുകൂടി ഇവിടെ പ്രസ്താവിക്കുന്നു.

ഹക്സ്‌ലിയുടെ ഈ പ്രസിദ്ധഗ്രന്ഥം മലയാളത്തിൽ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കാൻ അവകാശം നല്കിയ മൂലഗ്രന്ഥത്തിന്റെ പ്രസാധകരായ മെസ്സേഴ്സ് ചാററൂ ആൻഡ് വൈൻഡസ് ലിമിററഡ് (ലണ്ടൻ) (Messers Chatto and Windus Limited, London), ഈ പരിഭാഷയുടെ കൈയെഴുത്തുപ്രതി വായിച്ചു പല നിർദ്ദേശങ്ങളും തന്ന സർവ്വശ്രീ സി. ആർ. കേരളവർമ്മ, ടി. പി. ഗംഗാധരൻനായർ, കെ. രവിവർമ്മ എന്നിവരോടുള്ള നന്ദികൂടി ഇവിടെ രേഖപ്പെടുത്തുന്നു.

—കെ. കെ. പി. മേനോൻ

Sanjaya Gandhiji is
a Russian spy.

KOTTAYAM PUBLIC LIBRARY
27414
KOTTAYAM.

# I

"സമുദായത്തിന്റെ ക്രമീകരണം ദൂഷിച്ചിരിക്കയും (നമ്മുടേതുപോലെ) ഒരു ചെറുസംഘം ആളുകൾക്കു ഭൂരിപക്ഷത്തിൻെറമേൽ അധികാരമുണ്ടായിരിക്കയും, അവർ ഭൂരിപക്ഷത്തെ മദ്ദിക്കയുമാണെങ്കിൽ, പ്രകൃതിയുടെമേലുള്ള ഓരോ വിജയവും തീച്ച്യായും ആ അധികാരത്തെയും മദ്ദനത്തെയും വദ്ധിപ്പിക്കാൻമാത്രമേ സഹായിക്കുകയുള്ളു. ഇതുതന്നെയാണ് യഥാത്ഥത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതും."

ടോൾസ്റ്റോയ് ഈ വാക്കുകളെഴുതിയിട്ട് അരനൂററാണ്ടോളമായി. അന്നു സംഭവിച്ചുകൊണ്ടിരുന്നതു് അതിനുശേഷവും സംഭവിച്ചുകൊണ്ടിരിക്കയുമാണ്. ഇക്കാലത്തിനിടയിൽ ശാസ്ത്രവും (Science) സാങ്കേതികവിദ്യ (Technolog y)യും ശ്രദ്ധേയമായ പുരോഗതി നേടി; അതുപോലെതന്നെ രാഷ്ട്രീയവും സാമ്പത്തികവുമായ അധികാരങ്ങളുടെ കേന്ദ്രീകരണവും, പ്രഭുത്വവാഴ്ചയും, സ്വേച്ഛാധികാരവും. ഈ പ്രക്രിയയ്ക്കു കാരണമായ ഏകഘടകം ശാസ്ത്രം മാത്രമല്ലെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഒരു സാമൂഹ്യദൂഷ്യത്തിനും ഒരേ ഒരുകാരണം മാത്രമല്ല ഉണ്ടായിരിക്കുക. തന്മൂലമാണ് ഒരു നിദ്ദിഷ്ടമായ ദൂഷ്യത്തിൻെറ കാര്യത്തിൽ പരിപൂണ്ണസൗഖ്യം നല്കുന്ന 'ചികിത്സാവിധി' കണ്ടുപിടിക്കുന്നതിനു പ്രയാസമുള്ളതു്. ഇവിടെ

ഇപ്പോൾ ശ്രമിച്ചിരിക്കുന്നത്, ഇരുപതാംനൂററാണ്ടിൽ സംഭവിച്ചിരിക്കുന്ന വദ്ധമാനമായതോതിലുള്ള സ്വാതന്ത്ര്യക്ഷയത്തിനും അധികാരകേന്ദ്രീകരണത്തിനും കാരണഭൂതമായ ഘടകങ്ങളിൽ ഒന്ന് വളൻകൊണ്ടിരിക്കുന്ന ശാസ്ത്രമാണെന്നു സ്ഥാപിക്കയാകുന്നു.

'പ്രായോഗികശാസ്ത്രം' (Applied Science) വ്യക്തികളുടെയും സമുദായങ്ങളുടെയും ജീവിതങ്ങളുടെ വിവിധഭാഗങ്ങളിലും പല സന്ദഭ്ങ്ങളിലും സ്പശിക്കുന്നുണ്ട്. അതുകൊണ്ട് ആ ശാസ്ത്രംവഴി ന്യൂനപക്ഷത്തിനു ഭൂരിപക്ഷത്തിൻെറമേൽ അധികാരം വദ്ധിച്ച മാഗ്ഗങ്ങളും തദനുസരണമായി ബഹുലവും വിവിധവുമാണ്. അവയിൽ ഏററവും പ്രധാനമായവയെ തുടൻവരുന്ന ഖണ്ഡികകളിൽ ഞാൻ അവതരിപ്പിക്കാം. അതോടൊപ്പം, പ്രായോഗികശാസ്ത്രം, ഭരിക്കുന്ന ന്യൂനപക്ഷത്തിൻെറ കൈകളിലേക്ക് എങ്ങനെ, ഏതെല്ലാംവിധത്തിൽ, അധികാരകേന്ദ്രീകരണശക്തി സംഭാവനചെയ്യുന്നും, ആ പ്രവണതകളെ എങ്ങനെ, ഏതെല്ലാംവിധത്തിൽ ചെറുക്കുകയും, അവസാനം ഒരുപക്ഷേ തിരിച്ചടിക്കുകയും ചെയ്യാമെന്നും പരിഗണിക്കാം.

1. കഴിഞ്ഞ രണ്ടോ മൂന്നോ തലമുറകളായി ശാസ്ത്രവും സാങ്കേതികവിദ്യയും വിവിധരാഷ്ട്രങ്ങളെ നിയന്ത്രിക്കുന്ന രാഷ്ട്രത്തലവന്മാരെ ബലപ്രയോഗത്തിന് ആവശ്യമായ അതിസമത്ഥഉപകരണങ്ങൾ നല്കി സഹായിച്ചിട്ടുണ്ട്. ഇവയിൽ ചിലതുമാത്രമായ 'ടാങ്കം', ജ്വാലാക്ഷേപിണിയും, ബോംബറും ജനകീയവിപ്ലവത്തിൻെറ പഴയ സാങ്കേതികപദ്ധതികളെ നിരത്ഥകമാക്കിയിരിക്കയാണ്. അതേസമയം ഗതാഗതത്തിൻെറയും വാത്താവിനിമയങ്ങളുടെയും മണ്ഡലങ്ങളിൽ അടുത്തകാലത്തുണ്ടായ വിപ്ലവാ

ത്മകമായ പുരോഗതികൾ പോലീസിൻെറ കൈകളെ അതിശക്തമാക്കാൻ ഉപകരിച്ചിട്ടുണ്ട്. തൻേറതായ പ്രത്യേകരീതികളിൽ ഫ്യൂഷേ (Fouche) ഒന്നാംകിട കഴിവുകളുള്ള ആളായിരുന്നു. എന്നാൽ അദ്ദേഹം നെപ്പോളിയനുവേണ്ടി ഉണ്ടാക്കിയ മർദ്ദനായുധങ്ങൾ, ഒരു ആധുനിക ഏകാധിപതിയുടെയോ, അല്ലെങ്കിൽ ആധുനിക ജനാധിപത്യത്തിൻെറയോ നിയന്ത്രണത്തിനു വിധേയമായ രഹസ്യപ്പോലീസിനോടു താരതമ്യപ്പെടുത്തുമ്പോൾ വെറും കുറെ അപരിഷ്കൃതയന്ത്രങ്ങൾമാത്രമാണ്. കഴിഞ്ഞകാലങ്ങളിൽ, വ്യക്തിപരവും രാഷ്ട്രീയവുമായ സ്വാതന്ത്ര്യം ഭരണകൂടത്തിൻെറ കഴിവുകേടിനെയാണു പ്രധാനമായും ആശ്രയിച്ചിരുന്നതു്. ദുഷ്പ്രഭുത്വത്തിൻെറ പ്രാഭവം എന്തിനും തയ്യാറായിരുന്നു; എന്നാൽ അതിൻെറ സംഘടനയും ഉപകരണങ്ങളുമാകട്ടെ, പ്രായേണ ദുർബ്ബലമായിരുന്നു. പുരോഗതിയിൽനിന്നു പുരോഗതിയിലേക്കു കുതിച്ചുപായുന്ന ശാസ്ത്രവും സാങ്കേതികവിദ്യയും ഇതിനെയെല്ലാം സമൂലം മാററിയിരിക്കുന്നു. ഇന്നത്തെ സ്ഥിതി എന്താണ്? കേന്ദ്രഭരണം അതിക്രൂരമായി പ്രവർത്തിക്കണമെന്നു് ആഗ്രഹിച്ചാൽ, മർദ്ദനത്തിനു് അത്ഭുതകരമായ കഴിവുകളോടുകൂടിയ യന്ത്രം ചലിക്കാൻ തയ്യാറായി കല്പനയുംകാത്തു നില്ക്കുയാണ്. ഊർജ്ജതന്ത്രം, രസതന്ത്രം, ലോഹശാസ്ത്രം മുതലായവയിലെ വിദഗ്ദ്ധന്മാരുടെയും യന്ത്രസാമഗ്രികൾ കണ്ടുപിടിക്കുന്നവരുടെയും ബുദ്ധിശക്തിയും സഹകരണങ്ങളും മൂലം സ്വേച്ഛാപ്രഭുക്കൾ കൂടുതൽ ആളുകളെ കൂടുതൽ ഫലപ്രദമായി കൊള്ളയടിക്കാൻ കഴിവുള്ളവരാകുന്നു; യുദ്ധകുശലന്മാർക്കു മുമ്പെന്നത്തെക്കാളും കൂടുതൽ അവ്യവസ്ഥിതമായും കൂടുതൽ അകലെനിന്നും ആളുകളെ കൊല്ലാനും കഴിയുന്നു. അങ്ങനെ പല തുറകളിലും പ്രകൃതി കീഴടക്കു

പ്പെട്ടുകഴിഞ്ഞിരിക്കുന്നു; പക്ഷേ, ടോൾസ്റ്റോയ് പ്രവചിച്ചതുപോലെ മനുഷ്യനും അവൻെറ സ്വാതന്ത്ര്യങ്ങളും തുടരെത്തുടരെ പരാജയപ്പെട്ടിരിക്കയാണു്.

ശാസ്ത്രത്തിൻെറയും സാങ്കേതികവിദ്യയുടെയും അപ്രതിരോദ്ധ്യമായ മേധാവിത്വത്തെ അവയുടെ മണ്ഡലത്തിൽത്തന്നെ ചെറുക്കുക എളുപ്പമല്ല. 1848-ൽ നായാട്ടുതോക്കുകളാൽ പട്ടാളക്കാരുടെ തോക്കുകളെ എതിരിടാമായിരുന്നു. മറിച്ചിട്ട വണ്ടികളും മണൽച്ചാക്കുകളും കല്ലുകളുംകൊണ്ടുണ്ടാക്കിയ ഒരു പ്രതിരോദ്ധ്യനിര, കുതിരപ്പട്ടാളത്തിലും നിറച്ച പീരങ്കിയിലുംനിന്നു രക്ഷനേടുവാൻ തികച്ചും പര്യാപ്തമായിരുന്നു. എന്നാൽ ശാസ്ത്രവും സാങ്കേതികവിദ്യയും ഒരു നൂറാണ്ടു വളൎന്നുകഴിഞ്ഞപ്പോൾ, ജനസഞ്ചയങ്ങളുടെ ഏതു് ആയുധവും ഭരിക്കുന്ന ന്യൂനപക്ഷത്തിൻെറ ആയുധശാലകളുമായി കിടപിടിക്കുവാൻ പൎയ്യാപ്തമാകുന്നില്ല എന്ന നില വന്നു. അതുകൊണ്ടു്, ഭൂരിപക്ഷത്തിനു ന്യൂനപക്ഷത്തോടു് എതിരിടണമെങ്കിൽ അതു സാങ്കേതികവിദ്യകളുടെ മേധാവിത്വമില്ലാത്ത ഏതെങ്കിലും ഒരു മണ്ഡലത്തിൽവെച്ചു വേണമെന്നനിലയാണു് ഇന്നുള്ളതു്. ജനാധിപത്യഭരണം നിലവിലുള്ള രാജ്യങ്ങളിൽ ഭരണാധികാരികൾ ജനാധിപത്യവ്യവസ്ഥകളെ മാനിക്കാൻ തയ്യാറാണെങ്കിൽ, വോട്ടവകാശം വിനിയോഗിച്ചോ, പണിമുടക്കിയോ, സമ്മൎദ്ദം ചെലുത്തിയോ, നിയമസഭയിൽ ഹൎജ്ജി ബോധിപ്പിച്ചോ, പ്രതിഷേധയോഗങ്ങൾ കൂടിയോ, പരിഷ്കാരങ്ങൾക്കുവേണ്ടി പത്രപ്രചരണംചെയ്തോ, ഭൂരിപക്ഷത്തിനു് അധികാരത്തിലിരിക്കുന്ന ന്യൂനപക്ഷത്തിൽനിന്നു രക്ഷപ്പെടാം. എന്നാൽ ജനാധിപത്യം നിലവിലില്ലാത്ത സ്ഥലങ്ങളിലും, ഒരു ജനാധിപത്യഗവണ്മെൻറു് അതിൻേറതായ ചട്ടങ്ങളെ മാനിക്കു

വാൻ തയ്യാറാകാത്തപ്പോഴം അടിച്ചമർത്തപ്പെട്ടുന്നുവെന്നു സ്വയം ബോധമുണ്ടാകുന്ന ഭൂരിപക്ഷത്തിനു് പ്രത്യക്ഷസമരത്തെ അഭയംപ്രാപിക്കേണ്ടിവരും. പക്ഷേ, പ്രകൃതിയെ കീഴടക്കുന്ന ശാസ്ത്രവും സാങ്കേതികവിദ്യയും ഭരിക്കുന്ന ന്യൂനപക്ഷത്തിന്റെ പോലീസിനെയും പട്ടാളത്തെയും അത്യധികമായി ശക്തിപ്പെട്ടുത്തിയിട്ടുണ്ടു്. അതുകൊണ്ടു് ഈ പ്രത്യക്ഷസമരം ഹിംസാപരമാണെങ്കിൽ വിജയം പ്രാപിക്കാൻ വഴിയില്ല. കാരണം, ഏതൊരു ആയുധസംഘട്ടനത്തിലും, ടാങ്കുകളും, വിമാനങ്ങളും, ജ്വാലാക്ഷേപിണികളുമുള്ളപക്ഷത്തിനു വെറും കൈബോംബുകൾമാത്രമുള്ള എതിർപക്ഷത്തെ—അതു് എത്രയേറെ ശക്തിമത്താണെങ്കിലും—നിഷ്പ്രയാസം തോല്പിക്കാമല്ലോ.

പ്രായോഗികശാസ്ത്രംമൂലം ശക്തിപ്പെട്ടിട്ടുള്ള ഈ അനാശാസ്യ രാഷ്ട്രീയപരിതഃസ്ഥിതികളിൽനിന്നു പൊതുജനങ്ങൾക്കു രക്ഷനേടുവാൻ എന്തെങ്കിലും മാർഗ്ഗങ്ങളുണ്ടോ? ഇതുവരെയായി ആശാവഹമായ ഒരൊററ മാർഗ്ഗംമാത്രം കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടു്. ദക്ഷിണാഫ്രിക്കയിലും, പിന്നീടു് ഇന്ത്യയിലും ഗാന്ധിജിക്കും അദ്ദേഹത്തിന്റെ അനുയായികൾക്കും അപ്രതിരോദ്ധ്യമെന്നു കരുതിയിരുന്ന പട്ടാളശക്തിയുള്ള ഒരു മർദ്ദകഗവണ്മെൻറിനെ അഭിമുഖീകരിക്കേണ്ടിവന്നു. ഒരു ആദർശവാദിയും തത്ത്വദീക്ഷയുള്ളയാളും മാത്രമല്ല, ഒരു ഒന്നാംകിട പ്രായോഗികരാഷ്ട്രതന്ത്രജ്ഞനുംകൂടിയായിരുന്ന ഗാന്ധിജി, ബ്രിട്ടീഷ്ഗവണ്മെൻറ് സൃഷ്ടിച്ച നിരാശാജനകമായ നിലപാടിനെ നേരിട്ടുവാൻ 'സത്യാഗ്രഹം' എന്നു് അദ്ദേഹം പേരിട്ട അഹിംസാത്മകമായ പ്രത്യക്ഷസമരപരിപാടിയാൽ ശ്രമിച്ചു. (സത്യാഗ്രഹത്തിന്റെ രീതികളും ഫലങ്ങളും അറിയാൻ ആഗ്രഹിക്കുന്ന വായനക്കാർ കൃഷ്ണലാൽ ശ്രീധരാനിയുടെ 'ബലപ്ര

യോഗംകൂടാതെയുള്ള സമരം' (War without Violence) എന്ന പുസ്തകം വായിക്കുക.) സൈനികദൃഷ്ട്യാ വീക്ഷിച്ചാൽ വളരെ വലിയ ശക്തികൾക്കെതിരായി മഹനീയ വിജയങ്ങൾ ഈ രീതിയാൽ നേടി എന്നുമാത്രം ഇവിടെ പറയട്ടെ. ഗാന്ധിജിയുടെ നേട്ടങ്ങൾ വ്യവസായവൽകൃതമായ പാശ്ചാത്യലോകത്തെ സംബന്ധിച്ചിടത്തോളം ചരിത്രപരവും മനശ്ശാസ്ത്രപരവുമായി അനുചിതമാണെന്നു വിചാരിക്കുന്നവരുണ്ടാകാം. മി. ശ്രീധരാനി അവർക്കു കൊടുക്കുന്ന ഉത്തരം നോക്കുക:

"ബോധപൂർവ്വം ഒരിക്കൽ സ്വീകരിച്ചുകഴിഞ്ഞാൽ സത്യാഗ്രഹത്തിനു വളരാനും വളർന്നു വികസിക്കാനും പറ്റിയ വളക്കൂറുള്ള ഭൂമികൾ പൂർവ്വദേശങ്ങളെക്കാൾ പശ്ചിമരാജ്യങ്ങളിൽ കൂടുതൽ ഉണ്ടെന്നു്, സാധാരണയുള്ള വിശ്വാസത്തിനെതിരായി ചിന്തിക്കാൻ പാശ്ചാത്യരാജ്യങ്ങളുമായുള്ള എൻെറ സമ്പക്കം എന്നെ പ്രേരിപ്പിച്ചിട്ടുണ്ടു്. യുദ്ധത്തിനു് എന്നപോലെതന്നെ സത്യാഗ്രഹത്തിൻ്റെയും വിജയത്തിനു പൗരബോധവും, ആത്മത്യാഗവും, സംഘടനാശക്തിയും അച്ചടക്കവും ആവശ്യമാണു്. ഈ ഗുണങ്ങൾ എൻെറ സ്വന്തംരാജ്യത്തിലെക്കാൾ പാശ്ചാത്യരാജ്യങ്ങളിൽ കൂടുതൽ പ്രകടമായി ഞാൻ കണ്ടിട്ടുണ്ടു്. ഒരുപക്ഷേ, ആക്രമണവിദഗ്ദ്ധന്മാർ അനാക്രമണപ്രത്യക്ഷസമരത്തിൻെറയും ഏററവും നല്ല പ്രയോക്താക്കളായിത്തീൎന്നുവരാം. വില്യം ജെയിംസിൻെറഭാഷയിൽ പറഞ്ഞാൽ 'അഭിപ്രായം സൃഷ്ടിക്കുന്ന ആളുകൾ ചരിത്രാവസരങ്ങളെ പിടിച്ചെടുക്കുന്ന'തിൻെറ ഒരു പ്രശ്നം മാത്രമാണിതു്."

തത്ത്വദീക്ഷയോ മനസ്സാക്ഷിയോ കൂടാതെ തങ്ങളുടെ സൈനികോല്ക്കർഷത്തെ ചൂഷണംചെയ്യുവാൻ തയ്യാറാ

കുന്ന നേതാക്കന്മാരുള്ള ഒരു സംഘടനയ്ക്കെതിരായി സത്യാഗ്രഹത്തിനു പ്രവത്തിക്കാൻ സാധ്യമല്ലെന്നു പലപ്പോഴും വാദിക്കപ്പെടാറുണ്ട്. ഒരുപക്ഷേ, അതു ശരിയായിരിക്കാം. അക്രമപ്രസക്തമോ മററുവിധത്തിലോ ഉള്ള ഏതൊരു രാഷ്ട്രീയപ്രവത്തനത്തെക്കാളും സത്യാഗ്രഹം കൂടുതൽ വിജയം വാഗ്ദാനംചെയ്യുന്നില്ല എന്നതു സത്യമാണ്. പക്ഷേ, നിർദ്ദയനും മതഭ്രാന്തനുമായ ഒരു ശത്രുവിനെതിരായി ത്യാഗത്തോടെ കഷ്ടതകളനുഭവിക്കുവാനുള്ള സന്നദ്ധതയോടുകൂടിയ സഹകരണം അഥവാ, തോറോ പറഞ്ഞ 'സിവിൽനിയമലംഘനം'പോലും ഫലപ്രദമായെന്നുവരില്ല. അതിൽനിന്ന് ഉൽഭൂതമാകുന്ന സ്ഥിതിവിശേഷം, അസഹനീയമായ മർദ്ദനത്തെ നിസ്സഹായതയോടെ സ്വീകരിക്കുന്നതിൽനിന്നോ ശക്തികൊണ്ടുതന്നെ നിഷ്പ്രയോജനമായി എതിക്കുന്നതിൽനിന്നോ വളരെയൊന്നും മോശമല്ല. എന്നാൽ, മനശ്ശാസ്ത്രപരമായും ധാമ്മികമായും ഈ സമരം എല്ലാ നിലക്കും വളരെ നല്ലതായിരിക്കുകയുംചെയ്യും—സത്യാഗ്രഹത്തിൽ പങ്കെടുക്കുന്നവക്കും കാഴ്ചക്കാക്കും, നേട്ടങ്ങളെപ്പററി കേട്ടറിയുന്നവക്കുപോലും.

ഭാവിയിൽ സത്യാഗ്രഹം പാശ്ചാത്യരാജ്യങ്ങളിലും വേരൂന്നാനുള്ള സാധ്യതകളുണ്ടെന്നു തോന്നുന്നു. ഇതു് ഏതെങ്കിലുംതരത്തിലുള്ള 'മാനസികപരിവത്തന'ത്തിൻെറ ഫലമായിട്ടല്ല. പിന്നെയോ, പൊതുജനങ്ങൾക്കു് (വിശേഷിച്ചും പിടിച്ചടക്കപ്പെട്ട രാജ്യങ്ങളിലെ) രാഷ്ട്രീയനടപടികൾക്കുള്ള ഏകപ്രായോഗികമാർഗ്ഗം ഇതായതുകൊണ്ടുമാത്രമാണ്. റൂറി(Ruhr)ലെയും പാലററിനേററി (Palatinate)ലെയും ജമ്മൻകാർ 1923-ൽ ഫ്രഞ്ചുകാക്കെതിരായി സത്യാഗ്രഹത്തെ അഭയംപ്രാപിച്ച ചരിത്രമുണ്ട്. അവിടെ ആ പ്രസ്ഥാനം സ്വയോല്പാദിതമായിരുന്നു.

ദാർശനികമായും, സദാചാരപരമായും, സംഘടനാപരമായും അതിനു തയ്യാറെടുത്തിട്ടുണ്ടായിരുന്നില്ല. അതുകൊണ്ടാണ് അതു് അവസാനം തകന്നതു്. പക്ഷേ, മററാരെക്കാളുമധികം പട്ടാളമേധാവിത്വം പഠിച്ചിട്ടുള്ള ഒരു പാശ്ചാത്യജനത, ആത്മത്യാഗത്തിൻെറ അന്തസ്സത്ത ഉൾക്കൊണ്ടു് അക്രമരഹിതമായ പ്രത്യക്ഷസമരം നടത്താനും കഴിവുള്ളവരാണെന്നു തെളിയിക്കാൻമാത്രം അതു നിലനിന്നു. കുറേക്കൂടി ബോധപൂർവ്വവും, വേണ്ടത്ര തയ്യാറെടുപ്പോടുകൂടിയതുമായ അത്തരം സത്യാഗ്രഹപ്രസ്ഥാനങ്ങൾ ഒരുപക്ഷേ, കീഴടക്കപ്പെട്ട ജർമ്മൻജനതയിൽ ഇനിയും ആരംഭിച്ചുവെന്നുവരാം. മറേറതൊരു രാഷ്ട്രീയപ്രസ്ഥാനവും അപ്രായോഗികമായതിനാൽ ഇതു് ഇന്നല്ലെങ്കിൽ നാളെ സംഭവിക്കാനും സാധ്യതകളുണ്ടു്. ക്ലൗസെവിറ്റ്സിനെയും ബെൻഹാർഡിയെയും ഹിററ്ലറെയും പ്രസവിച്ച ഒരു നാടു്, പരിതഃസ്ഥിതികളുടെ സമ്മർദ്ദത്താൽ ശാസ്ത്രീയപുരോഗതിയുടെ ഈ യുഗത്തിൽ, ആശാവഹമല്ലാത്ത വിപ്ലവത്തിനും ആത്മഹത്യാപരമായ യുദ്ധത്തിനും മനുഷ്യരാശിയുടെ പ്രായോഗികമായ ഏകപ്രതിവിധിയായ അനാക്രമണപ്രത്യക്ഷസമരത്തിൻെറ, പാശ്ചാത്യദേശത്തെ ഏററവും വലിയ വ്യാഖ്യാതാവായിത്തീരുന്നതു് ചരിത്രത്തിലെ സന്തോഷപ്രദമായ വിരോധാഭാസങ്ങളിലൊന്നായിരിക്കും.

2. തൂലികയും നാവും വാളിനു തുല്യം പ്രബലമാണു്; കാരണം ഉച്ചരിക്കപ്പെടുന്നതോ ഉത്തരവിൽ വരുന്നതോ ആയ വാക്കുകളുടെ കേവലം ഒരു ആജ്ഞാനുസാരി മാത്രമാണല്ലോ വാൾ. സാങ്കേതികപുരോഗതി, ബലാൽക്കാരത്തിനുള്ള വിപുലവും ഉത്തമവുമായ ഉപകരണങ്ങൾ സംഭാവനചെയ്തിട്ടുണ്ടാകാം. എന്നാൽ ഭരണാധികാരികളുടെ ഈ ആയുധങ്ങളേക്കാൾ മഹത്തും സ്വാധീനശക്തിയുള്ളതു

മായ ചില ഉപകരണങ്ങൾ സാങ്കേതികപുരോഗതിയുടെ നേട്ടങ്ങളായുണ്ട്. റോട്ടറിപ്രസ്സും അട്ടത്തകാലത്തു റേഡിയോവും രാഷ്ട്രീയ-സാമ്പത്തികശക്തികളുടെകേന്ദ്രീകരണത്തിൽ കനപ്പെട്ട സംഭാവനകൾ ചെയ്തിരിക്കുന്നു. എല്ലാവരുംവായനപരിശീലിക്കുന്നതോടെ വിവേകത്തിന്റെയുംപ്രജാധിപത്യത്തിന്റെയും ഭരണം എന്നെന്നേക്കുംസുസ്ഥിരമാകുമെന്നു ജെയിംസ്മിൽ വിശ്വസിച്ചു. എന്നാൽ ചരിത്രയാഥാർത്ഥ്യം നോക്കുമ്പോൾ, സൗജന്യനിർബ്ബന്ധിത വിദ്യാഭ്യാസത്തിൻെറ വികാസത്തെയും അച്ചടിയുടെ തീവ്രമായ പുരോഗതിയെയും ചെലവുകുറവിനെയും തുടന്നുകൊണ്ടു ജനാധിപത്യത്തെ നശിപ്പിച്ച പ്രഭുജനവാഴ്ച വളരുന്നതാണു കണ്ടതു്. ഇതിനുള്ള കാരണങ്ങൾ വ്യക്തമാണു്. പരസ്യക്കാരാലോ, (അതായതു്, കേന്ദ്രീകൃതസമ്പത്തും, വൻകിട ഉൽപാദന-വിതരണവ്യവസായങ്ങളുംനിയന്ത്രിക്കുന്ന ആളുകൾ) സ്വതാൽപര്യസംരക്ഷണത്തിനായി പൊതുജനാഭിപ്രായത്തിൽ സ്വാധീനംചെലുത്തണമെന്നു് ആഗ്രഹമുള്ള ഏതെങ്കിലും സംഘടനകളാലോ, കേന്ദ്രഗവണ്മെൻറിനാലോ സഹായിക്കപ്പെടാതെ ഒരു പത്രവും ആകർഷണീയതയോടും വിലക്കുറവോടുംകൂടി പ്രസിദ്ധപ്പെടുത്തുക സാധ്യമല്ല. പത്രസ്വാതന്ത്ര്യം ഉണ്ടെന്നുപറയുന്ന രാജ്യങ്ങളിൽ പത്രങ്ങൾക്കു പരസ്യക്കാരാണു പ്രധാനമായും ധനസഹായം ചെയ്യുന്നതു്. രാഷ്ട്രീയപ്പാർട്ടികളും സാമ്പത്തിക-വ്യാപാരസംഘടനകളും കുറഞ്ഞതോതിൽ ധനസഹായം ചെയ്തെന്നുംവരാം. പത്രസ്വാതന്ത്ര്യം ഇല്ലാത്ത രാജ്യങ്ങളിലാകട്ടെ, പത്രങ്ങൾക്കു കേന്ദ്രഗവണ്മെൻറിൻെറ സാമ്പത്തികസഹായം ലഭിക്കും. പണം കൊടുക്കുന്നവൻ പറയുന്നതുപോലെ കുഴലൂതണമല്ലോ! മുതലാളിത്തജനാധിപത്യത്തിൽ, പത്രങ്ങൾ കേന്ദ്രീകൃതവ്യവസാ

യത്തിൻെറയും സമ്പത്തിൻെറയും, ആ സ്ഥാപനങ്ങൾ ലാഭകരമായി പ്രവൃത്തിക്കാൻ ഗവണ്മെൻററ് എത്രത്തോളം കേന്ദ്രീകൃതമാകണമോ അതിൻെറയും തോതനുസരിച്ച് അവയുടെയെല്ലാം ഗുണങ്ങളെപ്പററി പുകഴ്ത്തി പരസ്യക്കാരെ സഹായിക്കും. ഏകാധിപത്യരാജ്യങ്ങളിലാണെങ്കിൽ, ഗവണ്മെൻറിൻെറ അധികാരാധിക്യത്തിൻെറയും ഏകകക്ഷിരാഷ്ട്രീയത്തിൻെറയും എല്ലാത്തിലും സ്റ്റേററുടമയുണ്ടാകുന്നതിൻെറയും മാഹാത്മ്യങ്ങളെ പാടിപ്പുകഴ്ത്തുകയാണ പത്രങ്ങൾ ചെയ്യുന്നതു്. രാഷ്ട്രീയ-സാമ്പത്തികശക്തികളുടെ കേന്ദ്രീകരണം പൊതുനന്മയ്ക്കാണെന്നു് ആളുകളെ ഉപദേശിക്കാനുള്ള ഉപകരണങ്ങൾ കൊടുത്തു് 'സ്ഥലത്തെ പ്രമാണിമാരു'ടെ കൈകളെ ശക്തമാക്കുകയാണു് ഈ രണ്ടു സംഗതികളിലും സാങ്കേതിക പുരോഗതി ചെയ്തിട്ടുള്ളതു്.

പത്രങ്ങളെപ്പറ്റി പറഞ്ഞതെല്ലാം റേഡിയോവിനെ സംബന്ധിച്ചും യഥാർത്ഥമാണു്. 'മരക്കൊഴപ്പി'ൽ അച്ചടിച്ച വാക്കുകളേക്കാൾ സംസാരിക്കപ്പെടുന്ന വാക്കുകൾ കൂടുതൽ ഇളക്കുന്നവയായിരിക്കും. പഴയകാലങ്ങളിൽ ഏററവും നല്ല ഒരു വാഗ്മിയുടെ പ്രസംഗംപോലും കുറച്ചു് ആയിരം ജനങ്ങൾക്കേ കേൾക്കാൻ സാധിക്കുമായിരുന്നുള്ളു. ഇന്നാകട്ടെ, പ്രായോഗികശാസ്ത്രപുരോഗതിമൂലം വാചാലനായ ഒരു ഏകാധിപതിക്കു വികാരതീവ്രത ഉരുകിച്ചേർന്ന തൻ്റെ 'സുവിശേഷം' കോടിക്കണക്കിനു കർണ്ണപുടങ്ങളിലേക്കു പ്രവഹിപ്പിക്കാൻ സാധിക്കും! സീസറിൻെറ ശവത്തിനുചുററും കൂടിയിരുന്ന ജനക്കൂട്ടത്തോടു മാർക്ക് ആൻ്റണിക്കു ചെയ്യാൻകഴിഞ്ഞതു് ഇന്നു് അദ്ദേഹത്തിൻ്റെ ഒരു ബദലിനു് രാഷ്ട്രങ്ങളോടു മുഴുവൻ ചെയ്യാൻ കഴിയും. അങ്ങനെ, ഇത്രയധികംപേർ ഇത്ര കുറച്ചാളു

കൾക്കു് ഇത്രത്തോളം കീഴടങ്ങിക്കൊണ്ടു് ഇതിനുമുമ്പൊരിക്കലും ജീവിക്കേണ്ടിവന്നിട്ടില്ല.

പ്രസിദ്ധീകരണത്തിനു പണം കൊടുക്കുന്നവക്കു മനഃപരിവത്തനം ഉണ്ടാകുകയോ അല്ലെങ്കിൽ അവരുടെ സ്ഥാനത്തു് ആ പണം മററാവശ്യങ്ങൾക്കു ചെലവാക്കുന്നവർ വരികയോ ചെയ്യുന്നതുവരെ അനിഷ്ടമായ പ്രചരണങ്ങൾ അവസാനിക്കുകയില്ല. സ്വയം നിരാസനമല്ലാതെ. ഈ രോഗത്തിനു വേറെ മരുന്നില്ല. പത്രപാരായണവും റേഡിയോശ്രവണവും മാനസികാസക്തികളാണു്. മദ്യം, പുകയില, ചില മരുന്നുകൾ ഇവയോടുള്ള ശാരീരികാസക്തിപോലെതന്നെ മാനസികമായ ആസക്തികളും ആസക്തിവിധേയൻെറ സ്വമേധയായുള്ള പ്രയത്നംകൊണ്ടുമാത്രമേ നശിപ്പിക്കാൻ സാധിക്കുകയുള്ളു. കൊലപാതകങ്ങൾ, വിവാഹമോചനങ്ങൾ, വിനോദപംക്തികൾ, സംഗീതനാടകങ്ങൾ, യാന്ത്രികസംഗീതം എന്നീ ആസക്തികൾക്കു കീഴടങ്ങുന്നിടത്തോളംകാലം അത്തരം ശീലങ്ങൾ രൂപീകരിക്കുന്ന ഉദ്ദീപനങ്ങളോടൊപ്പം ഉണ്ടാകുന്ന പ്രചരണത്തിനു് അവർ വിധേയരാകുമെന്നു പ്രതീക്ഷിക്കാം. ന്യൂയോക്കിലെ ഒരു തൊഴിലാളിസംഘടനയുടെ നേതാക്കൾ ഈയിടെ വായനശീലത്തെപ്പററി അതിലെ അംഗങ്ങൾക്കു് ഒരു ചോദ്യാവലി അയച്ചിരുന്നു. ആ ചോദ്യാവലിയിൽ ചിലതു്: നിങ്ങൾ നിത്യവും വായിക്കുന്ന ദിനപ്പത്രം ഏതു്? അല്പംപോലും വിശ്വസിക്കാൻ കൊള്ളാത്തതും അങ്ങേയറ്റം നുണകൾ ഉള്ളതുമായി ഏതു ദിനപ്പത്രത്തെയാണു നിങ്ങൾ കണക്കാക്കുന്നതു്? 'എക്സ്' എന്ന പത്രമാണു് ഇക്കാര്യത്തിൽ മുൻപന്തിയിൽ നില്ക്കുന്നതെന്നു് ആ അംഗങ്ങളിൽ 60 ശതമാനം അഭിപ്രായപ്പെട്ടു. എന്നാലും അതിലെ വിനോദപംക്തിയും പരിഭ്രമ

ജനകവും വൈകാരികപ്രാധാന്യമുള്ളതുമായ വാർത്തക
ളുംകാരണം അവരിൽ നാല്പതുശതമാനം നിത്യപാരായ
ണത്തിനു് ആ പത്രം ഉപയോഗിക്കുന്നുവെന്നു സമ്മതിച്ചു.
ഞാൻ നല്ലതു കാണുന്നു; അതു നല്ലതാണെന്നു സമ്മതിക്കു
കയും ചെയ്യുന്നു. എന്നിട്ടും ചീത്തയാണു് ഞാൻ പിന്തുട
രുന്നതു് എന്നു പറഞ്ഞതുപോലെയാണു് ഈ കഥയും.
ഇത്തരുണത്തിൽ, വായനക്കാരുടെ സ്വയംനിരസനം
വഴിയല്ലാതെ 'എക്സ്' എന്ന ആ പത്രത്തിൻെറ സ്വാധീ
നശക്തി ഒരുവിധത്തിലും കുറയ്ക്കാൻ സാധ്യമല്ല,

3. ഭരിക്കുന്ന പ്രഭുജനകോയ്മയ്ക്കു ബലാൽകാരത്തിനും
സ്വാധീനപ്പെടുത്തുന്നതിനുമുള്ള ശക്തിമത്തായ ഉപകര
ണങ്ങൾ സംഭാവനചെയ്യുന്നതുമൂലം, ഏതാനും ആളുകളു
ടെ കൈയിൽ അധികാരം കേന്ദ്രീകരിക്കുകയാണു് പ്രാ
യോഗികശാസ്ത്രം പ്രത്യക്ഷമായി ചെയ്തിട്ടുള്ളതു്. ആ ല
ക്ഷ്യപ്രാപ്തിക്കു് അതു നേരിട്ടല്ലാതെയുള്ള സംഭാവനകളും
നല്കിയിട്ടുണ്ടു്. അതു സാധിച്ചിട്ടുള്ളതു രണ്ടു മാർഗ്ഗങ്ങളി
ലൂടെയാണു്: ഒന്നു്, വ്യാവസായിക-കാർഷികസമ്പത്തി
ൻെറ വിപുലമായ മണ്ഡലങ്ങളിൽ, വലിയതോതിലുള്ള
കൂട്ടൽപ്പാദനവും വിതരണവും നടപ്പിലാക്കി; രണ്ടു്, അ
തിൻെറ വമ്പിച്ച പുരോഗതിയിലൂടെ, ഉടമകളുടെയും
മാനേജരന്മാരുടെയും തൊഴിലാളികളുടെയും ഇടയിൽ
സാമ്പത്തിക-സാമൂഹ്യ അരക്ഷിതാവസ്ഥ സൃഷ്ടിച്ചു സ്റ്റേ
റ്റിൻെറ സഹായത്തിനായി തള്ളിവിട്ടു്. ശക്തികേന്ദ്രീ
കരണത്തിൻെറ ഈ രണ്ടു ഘടകങ്ങളെയുംകുറിച്ചു നമുക്കു്
വിശദമായി നോക്കാം.

(a) സ്വാർത്ഥരഹിതമായ ശാസ്ത്രീയഗവേഷണഫല
ങ്ങളുപയോഗിച്ചു കണ്ടുപിടുത്തക്കാരും, സാങ്കേതികവിദ

ധന്മാരും, വൻകിടസ്ഥാപനങ്ങൾക്കു കൂട്ടുൽപ്പാദനത്തിനും വിതരണത്തിനും ഉപകരിക്കുന്ന വിലപിടിച്ച യന്ത്രസാമഗ്രികൾ ഉണ്ടാക്കുന്നതിലാണു കൂടുതൽ ശ്രദ്ധിച്ചതു്. അല്ലാതെ വ്യക്തികൾക്കോ സഹകരണസംഘങ്ങൾക്കോ അവരുടെ സ്വന്തം ഉപജീവനത്തിനും, പ്രാദേശികവിപണികളുടെ ആവശ്യത്തിനു മതിയാകുന്ന വിലകുറഞ്ഞതും ലഘുവും എന്നാൽ ഉപയോഗയോഗ്യവുമായ ഉൽപ്പാദനോപകരണങ്ങൾ ഉണ്ടാക്കുന്നതിനല്ല. ഇതിനു കാരണം, വൻകിട ഉൽപ്പാദകരുടെയും വിതരണക്കാരുടെയും കൈയിൽ കൂടുതൽ പണമുണ്ടു്. അതിനുള്ള കാരണമാകട്ടെ, ഒരു വികേന്ദ്രീകൃത ഉൽപ്പാദനവ്യവസ്ഥയിലെക്കാൾ കേന്ദ്രീകൃത ഉൽപ്പാദനവ്യവസ്ഥയിൽ അവക്കു കൂടുതൽ ലാഭവും കൂടുതൽ ശക്തിയും നേടാൻ വേണ്ടതു്, അവക്കു ധനസഹായം ചെയ്യുന്നവർ ചെയ്തിട്ടുണ്ടു് എന്നതത്രെ.

സാമ്പത്തികശക്തികളുടെ കേന്ദ്രീകരണം, പതിനെട്ടും പത്തൊമ്പതും നൂററാണ്ടുകളിലെ ശാസ്ത്രീയവിപ്ലവത്തിനുമുമ്പായി സംഭവിച്ചെന്നും, വെറുക്കപ്പെടേണ്ടിയിരുന്നതും ഇന്നും ഒട്ടൊക്കെ വെറുക്കപ്പെടുന്നതുമായ വ്യാവസായികസംസ്കാരത്തെ കെട്ടിപ്പടുക്കുന്നതിനു് ഉത്തരവാദിയാണെന്നുമുള്ള വസ്തുത അതിനിടയിൽ സൂചിപ്പിക്കട്ടെ. യൂറോപ്പിലാകമാനം, ഭൂമിയും പ്രകൃതിവിഭവങ്ങളും ചെറുകിടക്കാരായ ഭൂരിപക്ഷത്തിന്റെ ഉടമയിലല്ലായിരുന്നു. അല്ലെങ്കിൽ ചെറുകുടിയാന്മാർക്കു ഭൂമി പാട്ടത്തിനു കൊടുത്തു് അതിൽനിന്നുള്ള പാട്ടം സാമൂഹ്യാവശ്യങ്ങൾക്കു ചെലവാക്കുന്ന ഏതെങ്കിലും നാടുവാഴിയുടെയോ മറ്റേതെങ്കിലും കോയ്മയുടെയോ അധീനതയിലും അല്ലായിരുന്നു. പിന്നെയോ? എല്ലാവരുടെയുമായ സ്വത്തു് സ്വകാര്യാവശ്യങ്ങൾക്കായി അപഹരിച്ച ഒരു ന്യൂനപക്ഷം ഭൂവുടമക

ളുടെ കുത്തകയായിരുന്നു ഈ ഭൂമിയുടെയും പ്രകൃതിവിഭവങ്ങളുടെയും ഭൂരിഭാഗവും. ഇതുകൊണ്ടു സാമ്പത്തികശക്തികളുടെ കേന്ദ്രീകരണം ഉണ്ടായി. ഈ ശക്തിയാകട്ടെ, സമ്പത്തുമുഴുവൻ കുമിഞ്ഞുകൂട്ടിയിരുന്ന ആ വർഗ്ഗത്തിന്റെ മാത്രം ഗുണത്തിനായി സാങ്കേതികകണ്ടുപിടുത്തങ്ങളെ ചൂഷണംചെയ്യുന്ന ഒന്നാണ്. അല്ലാതെ ചെറുകിട ഉൽപ്പാദകരുടെയോ സഹകരണസംഘങ്ങളുടെയോ നന്മയ്ക്കല്ല ഉപകരിക്കുന്നത്. കേന്ദ്രീകൃതസമ്പദ്‌വ്യവസ്ഥ കേന്ദ്രീകൃതവ്യവസായത്തെ ജനിപ്പിച്ചു. ക്രമേണ കേന്ദ്രീകൃതവ്യവസായം കേന്ദ്രീകൃതസമ്പദ്‌വ്യവസ്ഥയുടെ ശക്തിയും വർദ്ധിപ്പിച്ചു. അതുകൊണ്ടു വിപുലമായ കേന്ദ്രീകൃത ഉൽപ്പാദനത്തിന്റെയും വിതരണത്തിന്റെയും ലക്ഷ്യത്തിലേക്ക് അനുസ്യൂതമായി പ്രയാണംചെയ്യാൻ അതിനുകഴിവുണ്ടായിത്തീർന്നു.

വൻകിട ഉൽപ്പാദനവ്യവസായശാലകളിൽ വ്യാവസായികകഴിവുകൾ കേന്ദ്രീകരിച്ചതുമൂലം നഗരങ്ങളിൽ ജനസംഖ്യാകേന്ദ്രീകരണവും ഉണ്ടായി. അതോടൊപ്പം, എണ്ണമില്ലാതെ പെരുകുന്ന ജനങ്ങളെ മുഴുവൻ കുറെ സ്വകാര്യമുതലാളിമാരുടെയോ അവരുടെ മാനേജരന്മാരുടെയോ അല്ലെങ്കിൽ രാഷ്ട്രീയപ്രവർത്തകരാൽ പ്രതിനിധാനംചെയ്യപ്പെടുന്നതും സിവിൽഉദ്യോഗസ്ഥന്മാരിലൂടെ പ്രവർത്തിക്കുന്നതുമായ 'സ്റ്റേററ്' എന്ന പൊതുമുതലാളിയുടെയോ പരിപൂർണ്ണആശ്രയത്തിലും അധീനതയിലും ആക്കുകയും ചെയ്തു. സ്വാതന്ത്ര്യത്തെസംബന്ധിച്ചിടത്തോളം ഈ രണ്ടുതരം യജമാനന്മാരും നന്നല്ല. ഇതുവരെയും സ്റ്റേററുനിയന്ത്രണത്തിലുള്ള വ്യാവസായികസ്ഥാപനങ്ങളെല്ലാം മുതലാളിമാരുടെ വലിയ വ്യവസായങ്ങളുടെ മാതൃകയിലാണ് രൂപപ്പെട്ടത്തിയിട്ടുള്ളതെന്നു കാണാം.

വ്യക്തികൾക്കോ സഹകരണസംഘങ്ങൾക്കോ ചെറുകിട ഉൽപ്പാദനത്തിനും വ്യക്തിസ്വാതന്ത്ര്യത്തിനും സ്വയംഭരണത്തിനും ഉള്ളമാർഗ്ഗങ്ങൾ പ്രദാനംചെയ്യണമെന്ന ഉദ്ദേശത്തോടെ ഭൂമിയും പ്രകൃതിവിഭവങ്ങളും ദേശസാൽകരിക്കപ്പെട്ടിട്ടില്ലെന്നും നമുക്ക കാണാം. നേരെമറിച്ച്, ഭൂമിയും പ്രകൃതിവിഭവങ്ങളും ഒഴികെ ഉൽപ്പാദനോപകരണങ്ങളാണ് ദേശസാൽകരിക്കപ്പെട്ടവസ്തുക്കളിൽപ്പെടുന്നതു്. ഈ ദേശസാൽകരണമാകട്ടെ, സ്വന്തം പ്രജകൾക്കെതിരായി അധീശത്വം ഉറപ്പിക്കാൻ സ്റ്റേറ്റിനു്—അതായതു് അല്പനാളത്തേക്കു് അധികാരത്തിൽ കഴിയുന്ന രാഷ്ട്രീയപ്രവത്തകക്കു്—കൂടുതൽ കഴിവുണ്ടാക്കുവാൻവേണ്ടി ഏപ്പെട്ടത്തിയിട്ടുള്ളതാണു്. അല്ലാതെ, പണക്കാരുടെ സാമ്പത്തികാശ്രയത്തിൽനിന്നു വ്യക്തികൾക്കു സ്വാതന്ത്ര്യം കൊടുക്കണമെന്ന ഉദ്ദേശത്തോടെയാണെന്നു തെററിദ്ധരിക്കേണ്ട. ഈ സാമ്പത്തികാശ്രയമാകട്ടെ അങ്ങേയററം ദൂഷിച്ചതുമാണു്. എന്തെന്നാൽ അതിനു പ്രാദേശികസ്വയംഭരണസ്ഥാപനങ്ങളോടോ, വ്യക്തിയുടെയും ഭരണത്തിൻെറയും സ്വാതന്ത്ര്യത്തോടോ പൊരുത്തപ്പെട്ടുപോകാൻ സാധ്യമല്ലെന്നതു തീച്ച്യാകുന്നു. സ്വകാര്യമുതലാളിമാരെയും ഗവണ്മെൻറിനെയും ആശ്രയിക്കാതെതന്നെ ജീവസന്ധാരണത്തിനാവശ്യമായ ഭൂമിയും ഉപകരണങ്ങളും പ്രായോഗികപരിജ്ഞാനവുമുള്ള ഭൂരിഭാഗം പൗരന്മാർ അധിവസിക്കുന്ന സ്ഥലങ്ങളിലും കാലങ്ങളിലും ജനാധിപത്യപ്രസ്ഥാനങ്ങൾ ഏററവും നന്നായി പ്രവത്തിക്കാൻ സാധ്യതയുണ്ടു്. എന്നാൽ സമകാലീനപാശ്ചാത്യലോകത്തിൽ എന്താണു കാണുന്നതു്? പൗരസഞ്ചയത്തിൻെറ ഭൂരിഭാഗത്തിനും ഇപ്പറഞ്ഞതൊന്നുംതന്നെ സ്വന്തമായിട്ടില്ല. എന്തിനേറെ, സാങ്കേതികമായ കഴിവുകൾപോലും ഇല്ല.

അദ്ധസ്വയംനിയന്ത്രിതയന്ത്രങ്ങൾ ധാരാളമുള്ള നാട്ടിൽ ആ കഴിവുകൾ അധികം ആവശ്യവുമില്ല. ഇത്തരം ഒരു പരിതഃസ്ഥിതിയിൽ വ്യക്തിസ്വാതന്ത്ര്യവും രാഷ്ട്രീയ-സാമൂഹ്യാവകാശങ്ങളും, മുതലാളിമാരുടെയും ദേശീയോടമകളുടെയും, ഉൽപ്പാദനത്തിന്റെയും വിതരണത്തിന്റെയും മാനേജരന്മാരുടെയും ദയയെയും, ജനാധിപത്യനിയമങ്ങളെ ആദരിക്കാനുള്ള അവരുടെ മനോഭാവത്തെയുമാണ് ഏറെക്കുറെ ആശ്രയിച്ചിരിക്കുന്നതു്. താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും മർദ്ദനങ്ങളിൽനിന്നു രക്ഷപ്പെടുന്നതിനും നിർദ്ധനരായ തൊഴിലാളികൾ ട്രേയ്ഡ് യൂണിയനുകളുണ്ടാക്കി സംഘടിക്കുന്നു. മുതലാളിമാരുടെ അമിതമായ ആഗ്രഹങ്ങൾക്കും ധനേച്ഛക്കും കടിഞ്ഞാണിടാനും, തൊഴിലാളികളുടെ നില നന്നാക്കാനും ഇതു വളരെ സഹായിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട വ്യവസായങ്ങളെപ്പോലെതന്നെ ട്രേയ്ഡ് യൂണിയനുകളും സ്ഥൂലീകരണത്തിനും കേന്ദ്രീകരണത്തിനും വിധേയമാണ്. അതുനിമിത്തം സംഘടിതതൊഴിലാളികൾ യജമാനന്മാരും യൂണിയൻ നേതാക്കന്മാരുമായ രണ്ടുതരം ഭരണവർഗ്ഗങ്ങൾക്കു് അധീനപ്പെട്ടുകയാണ്. , ആദ്യത്തെക്കൂട്ടരുടെമേൽ പണിമുടക്കോ പണിമുടക്കുഭീഷണിയോ അല്ലാതെ മറെറാരു നിയന്ത്രണവും സാധ്യമല്ല. രണ്ടാമത്തെക്കൂട്ടരുടെമേലുള്ള നിയന്ത്രണമാകട്ടെ വിദൂരവും ബലഹീനവുമാണ്. ജനാധിപത്യസ്വാതന്ത്ര്യത്തിന്റെ സത്തായ സ്വയംഭരണം അവരുടെ പ്രായോഗികജീവിതത്തിൽനിന്നു പാടേ അസ്തമിച്ചതുമാണ്. ഇതിന്റെയെല്ലാം അവസാനം, നാം കണ്ടുകഴിഞ്ഞതുപോലെ പാപ്പരത്വവും, അതുകൊണ്ടു് സ്വകാര്യ-പൊതുഉടമകളെയും, കൂട്ടായ ഉൽപ്പാദന-വിതരണോപാധികളുടെ മാനേജരന്മാരെയും ആശ്രയിക്കേണ്ടിവരുന്നതു

മാണു്. ഈ പാപ്പരത്വം, മറ്റു പലതിനുമിടയിൽ പ്രയോഗികശാസ്ത്രത്തിൻെറ പുരോഗമനത്താലാണു് സംഭവിക്കുന്നതു്. കേന്ദ്രീകൃതസമ്പത്തിൻെറ ആഭിമുഖ്യത്തിലുള്ള ഈ പുരോഗമനം വ്യക്തിയുടെയും സഹകരണസംഘങ്ങളുടെയും ഉപയോഗത്തിനോ, പ്രാദേശികവിപണികളിൽ വിതരണത്തിനോ ആയി ഉണ്ടാക്കുന്ന ചെറുകിട ഉൽപ്പന്നങ്ങളെ നാശോന്മുഖമാക്കിക്കൊണ്ടു് വൻകിട ഉൽപ്പാദനത്തെ സഹായിക്കുകയാണു് ഇതുവരെ ചെയ്തതു്.

ഏററവുമധികം വ്യാവസായികമായി വളൎന്ന രാജ്യങ്ങളിൽ, പ്രായോഗികശാസ്ത്രവും അതിൻെറ ഉററബന്ധുവും യജമാനന്മായ കേന്ദ്രീകൃതസമ്പത്തും കാർഷികജീവിതത്തിൻെറ പാരമ്പര്യത്തെ [illegible] പൊളിച്ചെഴുതുകയുണ്ടായി. അങ്ങനെ അമേരിക്കൻ ഐക്യനാടുകളിൽ ഭൂമിയിൽ നിന്നു ജീവിതവൃത്തി നേടുന്ന ആളുകളുടെ എണ്ണം അടുത്ത കാലത്തു വെറും അഞ്ചിലൊന്നായി കുറഞ്ഞു. ശക്തങ്ങളായ കോർപ്പറേഷനുകൾ, യന്ത്രീകൃതകൃഷിസമ്പ്രദായം ഉപയോഗിച്ചു്, സാമ്പത്തികപരിധിയുടെ പരമാവധി ചൂഷണംചെയ്യുവാൻ കൃഷിസ്ഥലങ്ങൾ കൂട്ടിക്കൂട്ടിച്ചേർക്കയാൽ ഓരോ കൃഷിയിടങ്ങളുടെയും വിസ്തീർണ്ണം ഇതിനകം വൎദ്ധിച്ചുകൊണ്ടേയിരുന്നു. മറെറാരു സംഗതിയും ഇതോടെ നടക്കുന്നു. പ്രഥമവും പ്രധാനവുമായി ജീവിതവൃത്തിയെയും രണ്ടാമതായി ധനസമ്പാദനത്തെയും കണക്കിലെടുക്കുന്ന ചെറുകിട കൎഷകരുണ്ടു്. അക്കൂട്ടരുടെ സ്ഥാനത്തു് പ്രധാനമായി 'ധനവിള'യെ കണക്കിലെടുക്കുന്ന ഒരു വൎഗ്ഗം ആളുകൾ പകരം വരുകയാണു്. അവർ അങ്ങനെ സമ്പാദിക്കുന്ന പണം വമ്പിച്ച പരസ്യങ്ങളിൽ പ്രത്യക്ഷപ്പെടുന്ന പാകംചെയ്ത ആഹാരസാധനങ്ങൾ കടകളിൽനിന്നു വാങ്ങുന്നതിനു ചെലവാക്കയുമാണു്.

കാർഷികോൽപ്പാദനത്തെ യന്ത്രീകരിക്കുന്നതിന്റെയും ഭൂമിയുടെമേലുള്ള നിയന്ത്രണത്തിന്റെയും കേന്ദ്രീകരണ സംയോജനങ്ങൾ ഗവണ്മെൻറ് ഉത്തരവിനാലും സമുദായത്തിലെ ഒരു വർഗ്ഗത്തെ തീരെ നിർമ്മാർജ്ജനംചെയ്തുമാണു റഷ്യയിൽ സാധിച്ചതു്. എന്നാൽ അവിടെയും തൊഴിലാളികളുടെ മനോവീര്യം നന്നാക്കി കാർഷികകാര്യക്ഷമത വർദ്ധിപ്പിക്കാൻ ഏതാനും സ്വകാര്യചെറുകിടഉടമാവകാശമോ അർദ്ധഉടമാവകാശമോ വീണ്ടും ആവിഷ്കരിക്കേണ്ടിവന്നു.

(b) സാങ്കേതികരംഗത്തുണ്ടാകുന്ന തൊഴിലില്ലായ്മയും, അനേകകാലമായി നിലനിന്നുപോന്നിരുന്ന കാർഷിക-വ്യാവസായികോൽപ്പന്നസൃഷ്ടിയുടെ സ്വഭാവമാറ്റവും പ്രായോഗികശാസ്ത്രത്തിന്റെ അതിശീഘ്രമായ പുരോഗതിയുടെ ചില സാധാരണഫലങ്ങളാണ്. സ്ഥാനസ്ഥിതിമാററങ്ങൾ വളരെ പെട്ടെന്നാകുമ്പോൾ, ജീവികൾക്കു വളരെ അസുഖകരവും ചിലപ്പോൾ മരണകാരണവുംകൂടിയായിത്തീരും. അതുകൊണ്ടാണ് ഒരു വിമാനത്തിൽനിന്നു് അന്തരീക്ഷമദ്ധ്യത്തിൽ ഇറങ്ങുമ്പോൾ നാം പാരച്യൂട്ട് ഉപയോഗിക്കുന്നതും, അതുപോലെ ഒരു 'ടർക്കിഷ് കുളി' നടത്തുമ്പോൾ ഉഷ്ണം ഏററവും അധികമുള്ള അറയിലേക്കു പെട്ടെന്നു കടക്കാതിരിക്കുന്നതും. അപ്രകാരം തന്നെ, സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ പരിവർത്തനങ്ങൾ മനുഷ്യന്റെ നന്മയ്ക്കു ചേരാത്തവിധം വേഗത്തിൽ സംഭവിക്കാം. സാമ്പത്തികവും രാഷ്ട്രീയവും സദാചാരപരവുമായ രംഗങ്ങളിൽ, അതിവേഗം പുരോഗമിക്കുന്ന സാങ്കേതികവിദ്യകൾ അവിച്ഛിന്നവും, പലപ്പോഴും അതിവേഗത്തിലും ഞെട്ടിപ്പിക്കുന്നതുമായ പരിവർത്തനങ്ങൾ വരുത്തിയിരിക്കുന്നതിന്റെ ചിത്രമാണു

നാം കാണുന്നതു്. അത്തരം പരിവത്തനങ്ങളാകട്ടെ, അവ സ്ഥിരയായ സമുദായത്തെ ഒരിക്കലും തീരാത്ത അസുഖങ്ങളിലേക്കും അനിശ്ചിതാവസ്ഥയിലേക്കും തള്ളിവിടുകയാണു ചെയ്യുന്നതു്. ഒരു പരിനിശ്ചിതകാലത്തു് ആകാവുന്നതും ഏററവും പററിയതുമായ മാററത്തിൻെറ തോതും അളവും സാമൂഹ്യശാസ്ത്രജ്ഞന്മാക്കു് ഒരുപക്ഷേ, പറയാൻ കഴിയുമായിരിക്കും. എന്നാൽ ഇന്നാകട്ടെ, ബന്ധപ്പെട്ട എല്ലാവക്കും തീവ്രമായ അസ്വാസ്ഥ്യങ്ങളുണ്ടാക്കത്തക്ക വിധം പാശ്ചാത്യസമുദായങ്ങൾ വളരുന്ന സാങ്കേതികവിദ്യകൾക്കു് അടിമപ്പെട്ടിരിക്കുകയാണു്. അങ്ങനെ, സദാചാര-രാഷ്ട്രീയ-സാമൂഹ്യജീവിയായ മനുഷ്യൻ, പുതിയ പുതിയ യന്ത്രസാമഗ്രികൾ കണ്ടുപിടിക്കുകയും നിമ്മിക്കുകയും ചെയ്യുന്ന കരുവാനായിത്തീരാൻ ഹോമിക്കപ്പെട്ടിരിക്കുകയാണു്!

അതേസമയം സാങ്കേതികവിദഗ്ധന്മാരുടെ തൊഴിലില്ലായ്മയും എപ്പോഴും നമ്മുടെകൂടെയുണ്ടെന്നു് ഓക്കണം. കാരണം, തൊഴിലാളികളുടെ എണ്ണം കുറയ്ക്കുന്നതും, പഴയതും കായ്യക്ഷമതകുറഞ്ഞതുമായ സാങ്കേതികവിദ്യകളുടെ സ്ഥാനത്തു് പുതിയതും കൂടുതൽ കഴിവുള്ളതുമായ സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതുമായ എല്ലാമാഗ്ഗങ്ങളും തൊഴിലാളിശക്തിയുടെ പ്രാദേശികവും താൽക്കാലികവുമായ ന്യൂനീകരണത്തിലാണു് അവസാനിക്കുന്നതു്. എന്നാൽ, കാലാന്തരത്തിൽ, സാങ്കേതികപുരോഗതിയുടെ ഫലമായി പിരിച്ചുവിടപ്പെട്ട ആളുകൾ മററു വ്യവസായങ്ങളിലോ അവർ പിരിച്ചുവിടപ്പെട്ട വ്യവസായങ്ങളിൽ ത്തന്നെയോ വീണ്ടും നിയമിതരാകുന്നതു കാണാം. എന്തെന്നാൽ, വികസിതകഴിവുകൾ, സാധനങ്ങളുടെ വിലക്കുറവിലും കൂടുതൽ ആവശ്യത്തിലും ഉൽപ്പാദനവികസനത്തി

ല്യമാണ് അവസാനിക്കുന്നത്. ഇത് ആദ്യമുണ്ടായ സാങ്കേതിക തൊഴിലില്ലായ്മയെ തട്ടിക്കഴിപ്പാൻമാത്രം കാരണമാകുകയും ചെയ്യും. എന്നാൽ, കാലാന്തരത്തിൽ സംഭവിക്കാവുന്ന ഈ കാര്യങ്ങൾ വസ്തുവകകളൊന്നുമില്ലാത്ത, അപ്പപ്പോൾ ആഹാരസമ്പാദനത്തിനു ശ്രമിച്ചിട്ടും പട്ടിണിയിൽത്തന്നെ ജീവിക്കാൻ നിർബ്ബദ്ധരായ ആളുകൾക്ക് അല്പംപോലും പ്രയോജനകരമല്ല. അങ്ങനെയുള്ള ആളുകൾക്ക് ഈ ശാസ്ത്രീയപുരോഗതി നേടിക്കൊടുക്കുന്ന പ്രധാനഫലം അവസാനമില്ലാത്ത സാമൂഹ്യസാമ്പത്തിക അരക്ഷിതാവസ്ഥയാണ്.

ഇങ്ങനെയുള്ള കാര്യങ്ങൾക്കു ശാസ്ത്രീയപുരോഗതി മാത്രമല്ല കാരണമെന്നു മുമ്പൊരിക്കൽ ചൂണ്ടിക്കാണിച്ചതു് ഇവിടെ വീണ്ടും ആവൎത്തിക്കേണ്ടിയിരിക്കുന്നു. വിപുലമായ തൊഴിലില്ലായ്മയ്ക്കും, ഉൽപ്പാദിതസാധനങ്ങളുടെ കാലാകാലങ്ങളിലുള്ള വമ്പിച്ച വിലയിടിവിനും പരസ്പരബന്ധിതങ്ങളായ പലകാരണങ്ങളുണ്ട്. ശാസ്ത്രത്തോടും സാങ്കേതികവിദ്യയോടും എന്നതുപോലെതന്നെ കാലാവസ്ഥാശാസ്ത്രത്തോടും സാമ്പത്തിക-മാനസിക ശാസ്ത്രങ്ങളോടും ഇവയ്ക്കു ബന്ധമുണ്ട്. ഈ ഘടകങ്ങളുടെ താരതമ്യപ്രാധാന്യത്തെപ്പററി വിദഗ്ദ്ധന്മാർ ഇന്നേവരെ യോജിച്ചിട്ടില്ല. ഇവയെപ്പററി പല സിദ്ധാന്തങ്ങളും അവതരിപ്പിച്ചിട്ടുണ്ടെന്നുമാത്രം. പക്ഷേ, അവയും മററുള്ളവയെ പരിത്യജിച്ച് ഏതെങ്കിലും ഒരു ഘടകത്തിന് അതിപ്രാധാന്യം നല്കുന്നതാണ്. ഈ സിദ്ധാന്തങ്ങൾക്കൊന്നിനുംതന്നെ സാൎവ്വലൗകികമായ അംഗീകരണം കിട്ടിയിട്ടില്ല. എന്നാൽ അവയെല്ലാം ഒരുകാര്യം സമ്മതിക്കുന്നുണ്ട്. അതായതു്, സാങ്കേതികതൊഴിലില്ലായ്മ ഒരു യാഥാൎത്ഥ്യമാണെന്നും ആധുനികവ്യാവസായിക സമുദായത്തെ ബാ

ധിച്ചിട്ടുള്ള 'പ്ലേഗാ'യ സാമ്പത്തിക-സാമൂഹ്യ അരക്ഷിതാവസ്ഥയെ സൃഷ്ടിക്കുന്നതിൽ പ്രായോഗികശാസ്ത്രം ഒരു പ്രധാനപങ്കു വഹിച്ചിട്ടുണ്ടെന്നും ആണതു്. ഇപ്പോൾ നമ്മെ സംബന്ധിച്ചിടത്തോളം പ്രധാനസംഗതിയും അതാണല്ലോ?

വിലക്കൂട്ടതലുണ്ടാകുമ്പോൾ, കടംകൊടുക്കുന്ന ആളുകൾ പരമ്പരാഗതമായ ബാങ്കിംഗ്രീതിയനുസരിച്ച്, ആ കടങ്ങൾ പിൻവലിച്ച് വിലക്കൂട്ടതലിനെ വിലയിടിവാക്കി മാററുന്നതാണ് മുതലാളിത്തരാജ്യങ്ങളിലെ സാമ്പത്തികവ്യവസ്ഥയിൽ ഇന്നു കാണുന്നതു്. അതേസമയം വൻകിടവ്യവസായങ്ങളുടെ ഉടമകൾ, ലാഭമുണ്ടാക്കുന്ന രീതികൾമൂലം, തോഴ്സ്റ്റീൻ വെബ്ലൻെറ ഭാഷയിലെ 'മുതലാളിത്തഉരങ്കംവെട്ടലി'നു നിർബ്ബന്ധിതരായിത്തീരുന്നു. മററുവിധത്തിൽ പറഞ്ഞാൽ, ലാഭമുണ്ടാക്കേണ്ടതുകൊണ്ടു്, അവരുടെ യന്ത്രോപകരണങ്ങൾക്കു കഴിയുന്നതുപോലെ വില കുറച്ചും എണ്ണത്തിൽ കൂട്ടിയും സാധനങ്ങൾ ഉണ്ടാക്കുന്നതിൽനിന്നു് അവർ അവരുടെ മാനേജരന്മാരെ തടയുവാൻ നിർബ്ബന്ധിതരായിത്തീരുകയാണു്. രണ്ടിലും പരമ്പരാഗതനിയമങ്ങളെ തുടരുന്നതുകൊണ്ടുള്ള ഫലം, സാങ്കേതികപുരോഗതിയിൽനിന്നുണ്ടാകുന്ന സാമൂഹ്യവും സാമ്പത്തികവുമായ അരക്ഷിതാവസ്ഥയെ വർദ്ധിപ്പിക്കുകയെന്നതാണു്. സോഷ്യലിസ്റ്റുകൾ ഇതിനു മരുന്നു നിർദ്ദേശിക്കുന്നുണ്ടു്. ബാങ്കിംഗ്, ഭൂമി, വ്യവസായം ഇവയുടെ ദേശസാൽകരണമാണു് ഈ പിശാചുക്കളെ ആട്ടിപ്പായിക്കുവാൻ അവക്കു നിർദ്ദേശിക്കാനുള്ളതു്. മറെറാരു വിധത്തിൽ പറഞ്ഞാൽ, സാമ്പത്തികവും രാഷ്ട്രീയവുമായ ശക്തികളെ അപ്പപ്പോൾ ഭരിക്കുന്ന രാഷ്ട്രീയക്കാരുടേയും അവരുടെ മാനേജരന്മാരുടേയും കൈയിലാക്കി അങ്ങനെ

ഒരു അവസാനകേന്ദ്രീകരണം സൃഷ്ടിക്കുകയെന്നതാണിതു്. എന്നാൽ അധികാരം അതിൻെറ സത്തയിൽ വികസ്വരമാണു്. അതിനെ തത്തുല്യമോ അല്ലെങ്കിലും തുല്യമോ അല്ലാത്ത മറ്റു ശക്തികളെക്കൊണ്ടു കടിഞ്ഞാണിടുക സാധ്യമല്ല. ഒരു സ്റ്റേററ് സോഷ്യലിസഭരണത്തിൽ, രാഷ്ട്രീയവും സാമ്പത്തികവുമായി സർവ്വശക്തമായ ഭരണകൂടത്തിനെതിരെ പ്രതിരോധനിര സൃഷ്ടിക്കാൻ കഴിവുള്ള ഒരു ശക്തിയും സമുദായത്തിനുള്ളിൽ ഉണ്ടായിരിക്കുകയില്ല. രാജ്യത്തിൻെറമേൽ നിയന്ത്രണം ചെലുത്തുന്ന രാഷ്ട്രീയനേതാക്കളും ഉദ്യോഗസ്ഥന്മാരും നിയന്ത്രിക്കപ്പെടുന്നതാകട്ടെ വെറുമൊരു കടലാസുഭരണഘടനയാലായിരിക്കുംതാനും. സ്റ്റേററ് സോഷ്യലിസം അക്രമരഹിതവും ഭരണഘടനാപരവുമായ രീതിയിലൂടെ മുതലാളിത്തജനാധിപത്യത്തെ പിന്തുടരുന്ന അവസരങ്ങളിൽ, ഈ രാഷ്ട്രീയക്കളിയുടെ നിയമങ്ങൾ പലവിധത്തിലും മുൻഭരണത്തിലുണ്ടായിരുന്നവതന്നെയായിരിക്കാനാണു സാധ്യത. ജനാധിപത്യപാരമ്പര്യങ്ങളിൽ വളർന്നുവന്ന ആളുകൾ ഈ പുതിയ രീതിയിലൂടെ ഭരിക്കുന്നിടത്തോളംകാലം ഭരണഘടനാനിയമങ്ങളെ ഒരുപക്ഷേ, അനുസരിക്കുമായിരിക്കാം. എന്നാൽ, സർവ്വാധിപതിയായ സ്റ്റേററിലെ സമുദായത്തിൽ ജനിച്ചുവളർന്ന ഒരു തലമുറ ഈ ആളുകളെ അതിജീവിച്ചുവരുമ്പോൾ എന്തായിരിക്കും ഫലം? ഒരു വശത്തു ഗവണ്മെൻറിന്റെ സർവ്വാധിപത്യവും മറുവശത്തു സ്റ്റേററിനോടും അതിൻെറ പ്രതിനിധികളോടും കൂട്ടായ ആശ്രയത്വവും, ക്രമേണ ദാസ്യവും മാത്രം മനസ്സിലാക്കിയിട്ടുള്ള ആളുകൾ സ്വാതന്ത്ര്യത്തിൻെറ കടലാസുവാഗ്ദാനങ്ങളെ—സാമ്പത്തിക-രാഷ്ട്രീയശക്തികളാൽ പിന്താങ്ങപ്പെടാത്ത വാഗ്ദാനങ്ങൾ—അക്ഷരംപ്രതി ബഹുമാനിക്കു

മെന്നു് അങ്ങേയററം നിഷ്കപടമായ ശുഭാപ്തിവിശ്വാസമുള്ളവരും, ചരിത്രത്തിൻെറയും മനഃശാസ്ത്രത്തിൻെറയും സത്യങ്ങളോടു മനഃപ്പൂർവ്വമായി കണ്ണടയ്ക്കുന്നവരുമായ ആളുകൾക്കുമാത്രമെ വിശ്വസിക്കാൻ കഴിയുകയുള്ളു.

അപ്പോൾ സാങ്കേതികവിദ്യയുടെ പുരോഗമനം, സാമ്പത്തിക-സാമൂഹ്യ അരക്ഷിതാവസ്ഥയിൽ അവസാനിക്കുന്നു എന്നു നമുക്കു കാണാം. മുതലാളിത്തരാജ്യങ്ങളിൽ ബാങ്കിംഗിൻെറയും വൻകിട ഉൽപ്പാദനത്തിൻെറയും പരമ്പരാഗതമായ നിയമങ്ങൾ സ്ഥിരമായി നിലനിർത്തപ്പെടേണ്ട ആവശ്യമുള്ളതിനാൽ ഈ അരക്ഷിതാവസ്ഥയും വളരെയധികം ഉദ്ദീപിപ്പിക്കപ്പെടുന്നുണ്ടു്. വ്യവസായവും കൃഷിയും ബാങ്കിംഗും ദേശസാൽകരിക്കപ്പെടുകയോ, അല്ലെങ്കിലും നിയന്ത്രണാധീനമാക്കപ്പെടുകയോ ചെയ്യുന്നതുമൂലം, കാലാകാലങ്ങളിലുള്ള വിലയിടിവിൽനിന്നു സ്റ്റേററിനു് ഒരുപക്ഷേ മോചനംലഭിച്ചേക്കും; സാമ്പത്തികരാഷ്ട്രീയനടപടികൾമൂലം ശാസ്ത്രീയപുരോഗതിയുടെ ഏററവും ദൂഷിച്ചഫലങ്ങളെ ലഘൂകരിക്കുന്ന ഒരു നിലയുണ്ടാക്കാനും ഇതോടെ കഴിയും. ഈ വിധത്തിൽ, കേന്ദ്രീകൃതസമ്പത്തിൻെറയും വൻകിട വ്യവസായത്തിൻെറയും അർദ്ധയന്ത്രീകൃതകൃഷിയുടെയും നേട്ടങ്ങളെ ബഹുജനങ്ങളുടെ സാമൂഹ്യവും സാമ്പത്തികവുമായ സുരക്ഷിതാവസ്ഥയുമായി പൊരുത്തപ്പെടുത്താൻ സാധിക്കും. എന്നാൽ ഓരോന്നിനും അതിൻേറതായ വിലയുണ്ടു്. ഈ വിധത്തിൽ നേടിയ സുരക്ഷിതാവസ്ഥ, എല്ലാ രാഷ്ട്രീയനടപടികളുടെയും, എല്ലാ സാമൂഹ്യ സാമ്പത്തിക വ്യവസ്ഥകളുടെയും അന്ത്യമായ നിയമത്തിൻെറ കീഴിലുള്ള സ്വാതന്ത്ര്യവുമായി ദീർഘകാലം സഹവർത്തിത്വത്തിൽ പോകുകയെന്നതു് അസംഭാവ്യമായി തോന്നുന്നു.

ഈ കാലഘട്ടത്തിൽ, മറെറന്തിനെക്കാളുമധികം വമ്പിച്ച തൊഴിലില്ലായ്മയാൽ ഉദാഹരിക്കപ്പെടുന്ന ഈ അരക്ഷിതാവസ്ഥയുടെ ഭീകരതകൾ സാധാരണക്കാരുടെ ഹൃദയത്തെ അഗാധമായി സ്പർശിച്ചിട്ടുണ്ട്. തന്മൂലം സ്വാതന്ത്ര്യം, സുരക്ഷിതാവസ്ഥ ഇവയിൽ ഏതെങ്കിലും ഒന്നിനെ തെരഞ്ഞെടുക്കാൻ ആവശ്യപ്പെട്ടാൽ, ഭൂരിപക്ഷവും യാതൊരു മടിയുംകൂടാതെ സുരക്ഷിതാവസ്ഥക്കുതന്നെ വോട്ടുചെയ്യും. ചരിത്രത്തിൻെറ മററു കാലഘട്ടങ്ങളിലും ഇതു സംഭവിച്ചിട്ടുണ്ട്. അതുവരെ സ്വതന്ത്രരായിരുന്ന കർഷകരും കുടിയാന്മാരും അവരെ രക്ഷിക്കുന്നതിനായി സ്വമേധയാ കൈവശമുള്ള ഭൂമിയും സ്വദേഹങ്ങൾപോലും അടുത്തുള്ള ശക്തന്മാരായ പ്രഭുക്കന്മാൎക്ക് അടിയറവെയ്ക്കത്തക്കവിധം അത്ര ഭീകരമായിരുന്നു റോമാസാമ്രാജ്യത്തിൻെറ അന്ത്യവർഷങ്ങളിൽ ജീവനും സ്വത്തിനുമുണ്ടായ അരക്ഷിതാവസ്ഥ. കവർച്ചക്കാരുടെയും കിരാതന്മാരുടെയും കൂലിക്കു പണിയെടുക്കുന്ന പട്ടാളക്കാരുടെയും ദയയ്ക്കു വിധേയമായി സ്വതന്ത്രരാകുന്നതിനെക്കാൾ ഭേദം, ഒരു ശക്തനായ പ്രഭുവിൻെറ അടിമകളായി ജീവിക്കുന്നതാണു നല്ലതെന്നു് അവൎക്കു തോന്നി. 'നമ്മുടെ ഇന്നത്തെ അരക്ഷിതാവസ്ഥയുടെ കാരണങ്ങൾ പതിനഞ്ചു നൂററാണ്ടിനുമുമ്പുണ്ടായിരുന്ന അരക്ഷിതാവസ്ഥയുടെ കാരണങ്ങൾപോലെയല്ല. എന്നാൽ രണ്ടിലും അരക്ഷിതാവസ്ഥയുടെ പ്രത്യാഘാതങ്ങൾ തുല്യമാണു്. അതായതു്, രക്ഷയ്ക്കുവേണ്ടി സ്വാതന്ത്ര്യത്തെയും, വൻശക്തികൾക്കു സേവനംചെയ്താൽ കിട്ടുമെന്നു് ഉറപ്പുള്ള ഉപജീവനത്തിനുവേണ്ടി നിരാശ്രയതത്തെയും പകരംകൊടുക്കുവാനുള്ള ഒരു പൊതുവാഞ്ഛ. എന്നാൽ ഈ വൻശക്തി, അതുപയോഗിക്കുന്നവരുടെമേൽ തീർച്ചയായും ഒരു ദൂഷിച്ച സ്വാധീനംചെലുത്തും. അങ്ങനെ

വരുമ്പോൾ കാലക്രമേണ ആ സർവ്വാധിപത്യരാജ്യത്തിലെ യജമാനന്മാരുടെ ഭീകരവാഴ്ച അസഹനീയമായിത്തീരും. അതിൻെറ ഫലമായി ഇപ്പോൾ രക്ഷസ്സായി ആധിപിടിക്കുന്ന പൊതുജനങ്ങൾ സ്വാതന്ത്ര്യത്തിനുവേണ്ടി വളരെ തീക്ഷ്ണമായി ഉൽകണ്ഠപ്പെട്ടും. എന്നാൽ, ശാസ്ത്രത്തിന്റെ നേട്ടങ്ങൾകൊണ്ട്, സ്വയംപ്രവത്തിക്കുന്ന ജ്വാലാക്ഷേപിണികളും അണുവായുധങ്ങളും സമ്പാദിച്ചുവെച്ചിട്ടുള്ള ന്യൂനപക്ഷമായ ഭരണാധികാരികളിൽനിന്നു സ്വാതന്ത്ര്യം പിടിച്ചുപററുകയെന്നതു് അസംഭാവ്യതയുടെ പരമകാഷ്ഠയായിത്തോന്നുന്നു. ഭാവിയിലെ വിപ്ലവങ്ങളുടെയെല്ലാം ഏകആശാകേന്ദ്രം നിലകൊള്ളുന്നതു് 'സത്യാഗ്രഹ'ത്തിൽ അല്ലെങ്കിൽ അക്രമരഹിതമായ പ്രത്യക്ഷസമരത്തിൽ, ആണു്. അതേസമയം, സമകാലീനലോകത്തിൽ സ്വാതന്ത്ര്യത്തിനുവേണ്ടി ഏതെങ്കിലും പൊതുപ്രസ്ഥാനമുണ്ടാകുമെന്ന പ്രശ്നമേയില്ല. നേരെമറിച്ചു് എല്ലാത്തിലും ഗവണ്മെൻറിനുള്ള നിയന്ത്രണം വദ്ധിപ്പിക്കുന്നതിനായി പൊതുജനങ്ങൾ എല്ലായിടത്തും മുറവിളികൂട്ടുന്നുമുണ്ടു്. ഈ ആവശ്യങ്ങൾ പൊതുജനങ്ങളുടേതുമാത്രമല്ല. വിവിധ മുതലാളിത്തവ്യവസ്ഥകളുടെ ഉടമകളും മാനേജരന്മാരും കൂടി ഈ പൊതു അരക്ഷിതാവസ്ഥയ്ക്കു് ഇരയായിരിക്കുകയാണു്. തന്മൂലം അവരും ഒരു പരിധിവരെ ഗവണ്മെന്റു നിയന്ത്രണം ഇഷ്ടപ്പെട്ടും. പക്ഷേ, ലാഭമുണ്ടാക്കുന്നതിനു ഉറപ്പുനല്കുന്നത്രമാത്രം. ദേശസാൽകരണമോ ഉടമാവകാശം അവസാനിപ്പിക്കുന്നതോ പാടില്ലതാനും.

വളന്നുകൊണ്ടിരിക്കുന്ന സാങ്കേതികവിദ്യകളുടെ ഭൗതികനേട്ടങ്ങളെ സുരക്ഷിതത്വത്തോടുമാത്രമല്ല സ്വാതന്ത്ര്യത്തോടും സംയോജിപ്പിക്കാൻ എന്തെങ്കിലും മാഗ്ഗമുണ്ടോ? എൻെറ അഭിപ്രായം—വികേന്ദ്രീകരണവാദികൾ

Aldous Huxley Page 34 കാണുക



ളുടെ അഭിപ്രായവും അതുതന്നെ—ശാസ്ത്രത്തിൻെറ നേട്ടങ്ങൾ നമ്മുടെ വൻകിടഉല്പാദന-വിതരണവ്യവസായങ്ങളെ വിപുലമാക്കുന്നതിനും കൂടുതൽ സാങ്കേതികമാക്കുന്നതിനും ഉപയോഗപ്പെടുത്തുന്നിടത്തോളംകാലം, കുറച്ചുകുറച്ച് ആളുകളുടെ കൈയിൽ കൂടുതൽ കൂടുതൽ അധികാരകേന്ദ്രീകരണം ആയിത്തീരുമെന്നാണ്. ഈ സാമ്പത്തിക-രാഷ്ട്രീയശക്തികളുടെ കേന്ദ്രീകരണത്തിന്റെ അനുബന്ധിതഫലം ബഹുജനങ്ങളുടെ പൗരസ്വാതന്ത്ര്യവും, വ്യക്തിസ്വാതന്ത്ര്യവും സ്വയംഭരണാവസരങ്ങളും കൂടുതൽ കൂടുതൽ നഷ്ടപ്പെടുന്നു എന്നതാകുന്നു. എന്നാൽ ഇവിടെ നാം മറെറാരുകാര്യം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അതായതു നിസ്വാർത്ഥശാസ്ത്രീയഗവേഷണത്തിൻെറ (Disinterested Scientific Research) നേട്ടങ്ങളിൽ കേന്ദ്രീകൃതസമ്പത്തിൻെറയും വ്യവസായത്തിൻെറയും ഗവണ്മെൻറിൻെറയും നേട്ടങ്ങൾക്കായി പ്രയോജനപ്പെടുത്തത്തക്കവിധം അനിവാര്യമായതു യാതൊന്നുമില്ല. ഇനി, കണ്ടുപിടുത്തക്കാരും സാങ്കേതികവിദഗ്ദ്ധരും അങ്ങനെ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, ചെറുകിടഉടമകളുടെ സാമ്പത്തികസ്വയംപര്യാപ്തതയും രാഷ്ട്രീയസ്വാതന്ത്ര്യവും വർദ്ധിപ്പിക്കുന്നതിനു ശാസ്ത്ര (Pure science)ത്തിൻെറ നേട്ടങ്ങളെ ഉപയോഗപ്പെടുത്താവുന്നതാണ്. കാരണം, ഇക്കൂട്ടർ ജീവസന്ധാരണത്തിനും പ്രാദേശികവിപണികളുടെ ആവശ്യത്തിനുമായി സ്വന്തമായോ സഹകരണസംഘങ്ങളായോ പണിയെടുക്കുന്നവരാകുന്നു. വൻകിട വിതരണമൊന്നുമല്ല അവരുടെ താല്പര്യം. 'സാബത്' (Sabath) മനുഷ്യനുവേണ്ടി ഉണ്ടാക്കിയതാണ്. അല്ലാതെ മനുഷ്യൻ 'സാബത്തി'നുവേണ്ടി ഉണ്ടാക്കപ്പെട്ടതല്ല. ഇതു പ്രായോഗികശാസ്ത്രത്തെ സംബന്ധിച്ചും സത്യമാണ്. മനുഷ്യർക്കു ശാരീരികവും മാനസികവു

[redacted]

മായ് ചില ആവശ്യങ്ങളുണ്ടു്. അവക്ക് ആഹാരവും വസ്ത്രങ്ങളും കിടപ്പിടങ്ങളും ആവശ്യമാണു്. സദാചാരപരവും മാനസികവുമായ ആരോഗ്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി മററുള്ളവരുടെ സ്വാതന്ത്ര്യത്തിനും നന്മയ്ക്കും അനുരൂപമായവിധത്തിൽ അവരിൽ അന്തർലീനമായിക്കിടക്കുന്ന കഴിവുകളെ അങ്ങേയററം വികസിപ്പിക്കാനുള്ള അവസരങ്ങളും അവക്കു നല്കേണ്ടതാണു്. ഈ പ്രാഥമികമാനസികാവശ്യങ്ങൾക്കുമപ്പുറത്തു മനുഷ്യൻെറ ആത്മീയാവശ്യങ്ങൾ കിടക്കുന്നു. പരമതത്വത്തെക്കുറിച്ചുള്ള ഏകീഭാവജ്ഞാനമെന്നോ, ആത്മാവും ബ്രഹ്മവും ഒന്നാണെന്നുള്ള സാക്ഷാത്കാരമെന്നോ, ശരീരം പരിശുദ്ധാത്മാവിൻെറ ക്ഷേത്രമാണെന്നോ പറയപ്പെടുന്ന, മതത്തിൻെറ ഭാഷയിലെ 'പരമപദം' നേടലാണതു്.

മനുഷ്യൻെറ ആത്മീയാവശ്യങ്ങൾ പോകട്ടെ, മാനസികാവശ്യങ്ങളെപ്പററി മാത്രം നോക്കിയാലും, അയാൾക്കു് ഒരു സ്വയംഭരണസ്ഥാപനത്തിൽ, സ്ഥാപനത്തോടു വ്യക്തിപരമായ ഉത്തരവാദിത്വം ഇല്ലാതിരുന്നാലും, അയാളുടെ പ്രവർത്തനങ്ങൾക്കു ചില കലാമൂല്യങ്ങളും മാനുഷികപ്രാധാന്യങ്ങളും ഇല്ലാതിരുന്നാലും, അയാളുടെ സ്വാഭാവിക പരിതഃസ്ഥിതികളോടു് ഇന്ദ്രിയപരമായും, സുദൃഢമായും, അന്വാദാനപരമായും ഉള്ള ബന്ധങ്ങൾ ഇല്ലാതിരുന്നാലും അവ സഫലമാക്കപ്പെടുക സാധ്യമല്ല. എന്നാൽ അധുനാതനവ്യാവസായികസമുദായത്തിൽ, ജീവിതം മുഴുവൻ വൃത്തികെട്ടനഗരങ്ങളിൽ കഴിച്ചുകൂട്ടുന്ന നിരവധിയാളുകൾ ജീവസന്ധാരണത്തിനായി മുതലാളിമാരെയോ ഗവണ്മെൻറിനെയോ ആശ്രയിക്കുന്നവരാണു്; വെറും ആവർത്തനാത്മകവും യാന്ത്രികവും അർത്ഥശൂന്യവുമായ ശാരീരികമോ ഗുമസ്തൻെറയോ ആയ ജോലികളെടു

[redacted]

ക്കേണ്ടവരാണു്; അവർ നിരാധാരരും, അകിഞ്ചനരും, പ്രകൃതിയുടെ ലോകത്തിൽനിന്നു വേർതിരിക്കപ്പെട്ടവരുമാണു്; ഈ പ്രകൃതിയിലാണു ജന്തുക്കളെന്നനിലയിൽ ഇനിയും അവർ ജീവിക്കുന്നതും മനുഷ്യരെന്നനിലയിൽ വേണ്ടത്ര വിനയവും സൗമ്യതയുമുള്ളവരാണെങ്കിൽ സർവ്വ ചരാചരങ്ങളെയും ഉൾക്കൊള്ളുന്ന ആത്മീയതത്ത്വത്തെ കാണാൻ ശ്രമിക്കുന്നതും. ഈ അനാശാസ്യാവസ്ഥയ്ക്കു കാരണം ശാസ്ത്രത്തിന്റെ നേട്ടങ്ങളെ വൻകിട ഉൽപ്പാദനത്തിൻെറയും വിതരണത്തിൻെറയും നേട്ടങ്ങൾക്കായി വളരെയധികം ഉപയോഗപ്പെടുത്തുകയും, ധനത്തിലും ഉൽപ്പാദനത്തിലും ഗവണ്മെൻറിലും അറിഞ്ഞോ അറിയാതെയോ ശക്തി കേന്ദ്രീകരിക്കുകയും ചെയ്യുന്നതാണു്.

എന്നാൽ, ശാസ്ത്രത്തിൻെറ നേട്ടങ്ങൾ സാമ്പത്തിക വികസനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നവർ വെറും വൻവ്യവസായങ്ങളുടെയോ, വൻകിടനഗരങ്ങളുടെയോ, സുശക്തഗവണ്മെൻറിൻെറയോ ഗുണത്തിനുവേണ്ടിയല്ല അതു ചെയ്യുന്നതെന്നു നമുക്കു് ഉദ്ദേശിക്കാം. വ്യക്തികൾക്കു ലാഭകരവും പ്രാധാന്യമേറിയതുമായ ജോലികൾ കൊടുക്കുകയും, യജമാനന്മാരിൽനിന്നു സ്ത്രീപുരുഷന്മാർക്കു സ്വാതന്ത്ര്യം നേടാൻ സഹായിക്കുകയുംകൂടി അവരുടെ ലക്ഷ്യങ്ങളാണു്. എന്തിനെന്നോ ഇതു്? അങ്ങനെ ചെയ്യുമ്പോൾ അവർ അവരുടെതന്നെ യജമാനന്മാരോ സ്വയംഭരണഗവണ്മെൻറുകളിലെ അംഗങ്ങളോ ജീവിതത്തിനും പ്രാദേശികവിപണികളുടെ ആവശ്യത്തിനുമായി പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളോ ആയിത്തീരാം. ഇവയെല്ലാം ഇനിമുതൽ കണ്ടുപിടുത്തക്കാരുടെയും എഞ്ചിനീയറന്മാരുടെയും പ്രയത്നങ്ങളെ നയിക്കുന്ന ലക്ഷ്യങ്ങളായിത്തീർന്നിരുന്നുവെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുക

യാണ്. യോജിച്ച നിയമനിർമ്മാണത്തിന്റെ പിന്തുണമൂലം ഭിന്നരൂപത്തിലാക്കപ്പെട്ടുന്ന ഈ സാങ്കേതികപുരോഗതി, ഇപ്പോൾ കാണുന്നതുപോലെ ശക്തികേന്ദ്രീകരണത്തെയും ഒരു ന്യൂനപക്ഷത്തിൻെറ കീഴിൽ ഭൂരിപക്ഷത്തെ അടിച്ചമർത്തുന്ന വ്യവസ്ഥകളെയും വളർത്തുകയല്ല, പ്രത്യുത ജനസംഖ്യയേയും, ഭൂമിയുടെയും ഉല്പാദനോപകരണങ്ങളുടെയും ഉടമാവകാശത്തെയും രാഷ്ട്രീയ-സാമ്പത്തികശക്തികളെയും വികേന്ദ്രീകരിക്കുകയാണു ചെയ്യുന്നതു്. വൻകിട ഉൽപ്പാദന വിതരണരീതികൾ ആകെ ഉൽപ്പാദിതവിഭവങ്ങളുടെ മൂന്നിലൊന്നിൻെറ കാര്യത്തിൽമാത്രമേ സാങ്കേതികരീത്യാ സാധൂകരിക്കപ്പെട്ടുന്നുള്ളു എന്നാണു റാൾഫ് ബോർസോഡിന്റെ പഠനങ്ങളിൽനിന്നു വ്യക്തമാകുന്നതു്. ബാക്കിയുള്ള മൂന്നിൽരണ്ടുഭാഗത്തെ സംബന്ധിച്ചാണെങ്കിൽ വൻകിടഉൽപ്പാദനത്തിന്റെ ഫലമായുള്ള ചെലവുകുറവ് കൂടുതൽ സ്ഥലങ്ങളിൽ വൻകിടവിതരണം നടത്തുന്നതുകൊണ്ടുണ്ടാകുന്ന അധികച്ചെലവുമൂലം തട്ടിക്കഴിപ്പാനിടയാകും. തന്മൂലം ജീവസന്ധാരണത്തിനും പ്രാദേശികവിപണികളുടെ ആവശ്യത്തിനുമായി പണിയെടുക്കുന്ന വ്യക്തികളോ സഹകരണസംഘങ്ങളോ ഉണ്ടാക്കുന്ന ദേശീയോൽപ്പന്നങ്ങൾ വിപുലമായ കേന്ദ്രീകൃതഫാക്ടറികളിലെ വൻകിടഉൽപ്പാദനത്തെക്കാൾ കൂടുതൽ ലാഭകരമാണ്. വികേന്ദ്രീകരണത്തിൻെറ ഈ സാമ്പത്തികനേട്ടങ്ങളോടു കൂടുതൽ ആളുകൾക്കു കൂടുതൽ മനുഷ്യത്വമായി ജീവിക്കാനുള്ള സാമൂഹ്യനേട്ടങ്ങളെക്കൂടി ചേർക്കേണ്ടതാണ്. വൻതോതിലുള്ള യഥാർത്ഥ സ്വയംഭരണജനാധിപത്യവും ഭക്ഷ്യസാധനങ്ങളുടെ വൻകിടഉൽപ്പാദകർ പരസ്യങ്ങളുടെ മാദ്ധ്യമത്തിലൂടെ നടത്തുന്ന നിസ്സാരമായ വയോജന

വിദ്യാഭ്യാസത്തിൽനിന്നുള്ള സ്വാതന്ത്ര്യവുംകൂടി ഇതോടൊപ്പം കൂട്ടിച്ചേർക്കേണ്ടതാകുന്നു.

4. ശാസ്ത്രത്തിൻെറയും സാങ്കേതികവിദ്യകളുടെയും അനവരതപുരോഗതി നിലവിലുള്ള മാനസികാവസ്ഥകളെ ഗാഢമായി ബാധിച്ചിട്ടുണ്ട്. ചിന്തയുടെ അടിസ്ഥാനബന്ധങ്ങളിൽത്തന്നെ പരിവർത്തനങ്ങളും വന്നിട്ടുണ്ട്. തന്മൂലം നമ്മുടെ പൂർവ്വികന്മാർ പ്രഥമദൃഷ്ട്യാ യാഥാർത്ഥ്യമായും പ്രാധാന്യമായും കണ്ടതെല്ലാം നാം തെററായോ നിസ്സാരവും അപ്രസക്തവും ആയോ ആണു കാണുന്നതു്. ഈ പരിവർത്തനങ്ങളിൽ ഏററവും പ്രധാനപ്പെട്ട ചിലതിനെയും, നമ്മുടെ കാലഘട്ടത്തിലെ സാമൂഹ്യരാഷ്ട്രീയ ജീവിതത്തിൽ അവ ചെലുത്തിയിട്ടുള്ള സ്വാധീനതകളെയുംപററി നമുക്കു് അല്പം ചിന്തിക്കാം.

(a) കലയെപ്പോലെയല്ല, മറിച്ചു് ശാസ്ത്രം യഥാർത്ഥമായും പുരോഗമിക്കയാണു്. ഗവേഷണത്തിൻെറയും സാങ്കേതികവിദ്യകളുടെയും മണ്ഡലങ്ങളിലുണ്ടാകുന്ന നേട്ടങ്ങൾ കൂടിക്കൂടിവരികയാണു്. മുൻഗാമികൾ അവസാനിപ്പിച്ചേടത്താണു് പുതിയ തലമുറ ആരംഭിക്കുന്നതു്. അതിനെല്ലാംപുറമെ, നിസ്വാർത്ഥമായ ഗവേഷണങ്ങളുടെ ഫലങ്ങൾ വൻകിടക്കാരും ഇടത്തരക്കാരുമടങ്ങിയ വ്യാവസായികസമുദായങ്ങളെ കൂടുതൽ കൂടുതൽ സമ്പന്നമാക്കുന്നതിനാണു് ആദ്യംമുതൽക്കുതന്നെ ഉപയോഗപ്പെട്ടത്തിയതു്. ഈ വർഗ്ഗങ്ങളിൽനിന്നുയൻ്നുവന്നവരും ശാസ്ത്രത്തിൻെറ രീതികളോടും നേട്ടങ്ങളോടും പരിചയമുള്ളവരുമായ ചിന്തകന്മാർ മനുഷ്യജീവിതത്തിൻെറ പൊതുസിദ്ധാന്തങ്ങൾ ആവിഷ്കരിക്കുന്നതിൽ സാങ്കേതിക-സാമ്പത്തികപുരോഗതികളെ ആധാരമാക്കിയതു് അതുകൊണ്ടാണെന്നു നമുക്കു പ്രതീക്ഷിക്കാം. ലോകം ഭൗതിക

മായും ബുദ്ധിപരമായും സദാചാരപരമായും വളരെ വളരെ മെച്ചപ്പെട്ടുകയാണെന്നും, ഈ പുരോഗതി ഒരുവിധത്തിൽ അനിവാര്യമാണെന്നും അവർ ഉറക്കെ പ്രഖ്യാപിച്ചു. പെട്ടെന്നു് ഒരു മതമായി മാറുകയും പൊതുചിന്താഗതിയുടെ പ്രത്യക്ഷപ്രമാണമായി കാണപ്പെട്ടുകയും ചെയ്യുന്ന പുരോഗതിയുടെ ഈ സിദ്ധാന്തം നൂതനവും ഒരു യാഥാസ്ഥിതികക്രിസ്ത്യാനിയുടെ വീക്ഷണത്തിൽ മതദ്രോഹവുമായിരിക്കും. എന്തെന്നാൽ, യാഥാസ്ഥിതികതത്തിൻെറ ദൃഷ്ടിയിൽ മനുഷ്യൻ നശിക്കുകയാണു്; മനുഷ്യവർഗ്ഗം വേഗം നശിക്കുകയല്ലെങ്കിൽ ദൃഷിച്ചതായിത്തന്നെ സ്ഥിതിചെയ്യുകയാണു്. വ്യക്തിയുടെ സ്വാതന്ത്ര്യമനോഭാവത്തോട്ടു സഹകരിച്ചുകൊണ്ടുമാത്രമേ ഈ തിന്മയുടെ ലഘൂകരണം സാധ്യമാകയുള്ളു. ഉദാഹരണത്തിനു് പതിമ്മൂന്നാം നൂററാണ്ടിൽ ജീവിച്ചിരുന്ന ആളുകൾ ആ കാലഘട്ടത്തെ എങ്ങനെ കണക്കാക്കിയിരുന്നുവെന്നും നമുക്കു നോക്കാം. രണ്ടാമത്തെക്കൂട്ടർ യൂറോപ്യൻചരിത്രത്തിലെ ഏററവും ശ്രേഷ്ഠമായ ഒരു കാലഘട്ടമായി അതിനെ കാണുന്നു. പ്രൊഫസ്സർ കൗൾട്ടൺ പറഞ്ഞതുപോലെ ആദ്യത്തെക്കൂട്ടരാകട്ടെ, ഒരു പ്രത്യേക അധമ്മത്തിന്റെയും സ്പഷ്ടമായ അപകഷത്തിൻെറയും നൂറ്റാണ്ടായി അതിനെ കണ്ടിരുന്നു. എലിസബത്തുരാജ്ഞിയുടെ കാലഘട്ടത്തിൽപ്പോലും ചിന്തകന്മാർ മനുഷ്യവർഗ്ഗത്തിൻെറ അധഃപതനത്തെപ്പററി പറയുകയായിരുന്നു. ആധുനികശാസ്ത്രത്തിന്റെ ആരംഭമായ പതിനേഴാംനൂററാണ്ടിൻെറ അവസാനംവരെ അഹംഭാവത്തിന്റെയും ആത്മപ്രശംസയുടെയും ശബ്ദം മുഴങ്ങുവാൻ തുടങ്ങിയിരുന്നില്ല. അതുപോലെ, മുമ്പു പ്രസ്താവിച്ച അനിവാര്യപുരോഗതിയുടെ സിദ്ധാന്തവും പൊതുവിശ്വാസത്തിൻ ചോദ്യംചെയ്യപ്പെടാത്ത സത്യ

മായി പതിനെട്ടും പത്തൊൻപതും നൂററാണ്ടുകൾവരെ ഇല്ലായിരുന്നു.

ഒരാൾക്കു യാതൊന്നും ചെലവിടാതെ എന്തെങ്കിലും കിട്ടുവാൻ കഴിയും എന്നുള്ള സ്വപ്നത്തിലാണ് സർവ്വതോമുഖമായ പുരോഗതിയിലുള്ള വിശ്വാസം സ്ഥിതിചെയ്യുന്നതു്. ഒരു മണ്ഡലത്തിലുണ്ടാകുന്ന ലാഭത്തിനു മറ്റു മണ്ഡലങ്ങളിൽ നഷ്ടം വേണ്ടിവരികയില്ല എന്ന ഒരു ധാരണയാണ് അതിൻെറ അടിയിലുള്ളതു്. ദൈവത്തിൻെറയോ സഹമനുഷ്യരുടെയോ പ്രകൃതിയുടെയോ നേരെയുള്ള സീമയില്ലാത്ത ധിക്കാരത്തെ ഒരിക്കലല്ലെങ്കിൽ വേറൊരിക്കൽ, ഒരു തരത്തിലല്ലെങ്കിൽ വേറൊരുതരത്തിൽ പ്രതിക്രിയാപരമായ ശിക്ഷ (ദൈവകോപം) പിന്തുടരുമെന്നു പുരാതനഗ്രീക്കുകാർ വിശ്വസിച്ചിരുന്നു. ഗ്രീക്കുകാരെപ്പോലെയല്ലാതെ, ഇരുപതാംനൂററാണ്ടിലെ നമുക്കു യാതൊരു അപകടവുംകൂടാതെ ധിക്കരിക്കാം എന്നൊരു ധാരണയുണ്ടു്.

അനിവാര്യമായ ഈ പുരോഗതിയുടെ സിദ്ധാന്തത്തിലുള്ള നമ്മുടെ വിശ്വാസം രണ്ടു ലോകമഹായുദ്ധങ്ങളെ അതിജീവിച്ച് ഏകാധിപത്യത്തെയും അടിമത്തത്തിന്റെ ഉണർവ്വിനെയും കോൺസൻട്രേഷൻ ക്യാമ്പുകളെയും ബോംബുവീഴ്ചകളെയും കണക്കാക്കാതെ തഴച്ചുവളരത്തക്കവിധം അവഗാഢമാണ്.

ആ പഴയ ജൂത-ക്രിസ്ത്യൻ വെളിപാടുകളെ പുനരുദ്ധരിക്കുകയും, സാർവ്വജനീനവും, അധുനാതനവുമായ ഒരു മിത്ഥ്യാശാസ്ത്രരൂപത്തിൽ ആക്കുകയും ചെയ്യുന്നതുമൂലം, പുരോഗതിയിലുള്ള വിശ്വാസം ആധുനിക രാഷ്ട്രീയജീവിതത്തെപ്പോലും ബാധിച്ചിട്ടുണ്ടു്. ഒരു ഉജ്ജ്വലമായ നിയതി മനുഷ്യരാശിയെയും കാത്തിരിക്കുകയാണ്. അതെ, വരാ

നിരിക്കുന്ന ആ സുവൎണ്ണയുഗം! അതിൽ കൂടുതൽ കഴിവുള്ള യന്ത്രോപകരണങ്ങളും വളരെ വിപുലമായ സാമൂഹ്യസ്ഥാപനങ്ങളുംകൂടി ഒരു പുതിയ മനുഷ്യരാശിയെത്തന്നെ വാൎത്തെടുക്കുകയും ചെയ്യും. മനുഷ്യൻെറ അന്തിമലക്ഷ്യപ്രാപ്തി ഇപ്പോഴല്ല; പ്രത്യുത അതിവിദൂരമല്ലാത്ത ഒരു 'യൂട്ടോപ്പിയൻ' ഭാവിയിലാണു്. അനന്തരതലമുറകൾക്കു സമാധാനവും സുഖവും നേടിക്കൊടുക്കുന്നതിനു് എത്ര തന്നെ യുദ്ധവും അടിമത്തവും യാതനകളും ദുരാചാരങ്ങളും ഭരണാധികാരികൾ മനസ്സാക്ഷിയില്ലാതെ അടിച്ചേല്പിക്കുന്നുവോ അതെല്ലാം ഇന്നത്തെ തലമുറ സഹിക്കുകയും ചെയ്യേണ്ടതുണ്ടു്. അതിൽ അവരുടെ ഭരണാധികാരികൾക്കു വിഷമമില്ല. ആധുനിക ഏകാധിപതികൾ, അവർ ഇടതുപക്ഷമോ വലതുപക്ഷമോ ആകട്ടെ, വരാനിരിക്കുന്ന സുവൎണ്ണഭാവിയെപ്പററി അനവരതം സംസാരിക്കുകയും, ഇപ്പോഴത്തെ ഭീകരനടപടികളെ സാധൂകരിക്കുകയും, അങ്ങനെ ആ മോഹനമായ ഭാവിക്കു് അതെല്ലാം ആവശ്യമാണെന്നു ധരിപ്പിക്കുകയും ചെയ്യുന്നു. ഭാവിയെപ്പററി നമുക്കെല്ലാവൎക്കും അറിയാവുന്ന ഒരു സത്യം, എന്താണു സംഭവിക്കാൻപോകുന്നതെന്നതിനെപ്പറ്റി നാം തികച്ചും അജ്ഞരാണെന്നതും,പലപ്പോഴും യഥാൎത്ഥത്തിൽ സംഭവിക്കുന്നതു് നാം പ്രതീക്ഷിക്കുന്നതുപോലെയല്ലെന്നുമാണു്. തന്നിമിത്തം സാങ്കല്പികസംഭവങ്ങളെപ്പറ്റിയുള്ള വിശ്വാസം സ്വാഭാവികമായും വെറും നിരാശാജനകമായ അസത്യമായിരിക്കും. ശോഭനമായ ഭാവിയെക്കുറിച്ചുള്ള വിശ്വാസമാണു് ആധുനികസ്വാതന്ത്ര്യത്തിൻെറ ഏററവും വലിയ ശത്രുവായി നാം പ്രയോഗത്തിൽ കണ്ടിരിക്കുന്നതു്. എന്തെന്നാൽ, ഒരുപക്ഷേ, ഇരുപത്തിയൊന്നാംനൂററാണ്ടിലോ, ഇരുപത്തിരണ്ടാംനൂററാണ്ടിലോ എങ്കിലും ലഭിക്കു

മെന്നു വെറും ഭാവനയിൽ പ്രതീക്ഷിക്കപ്പെടുന്ന ഫല ങ്ങൾക്കായി ഏററവും ഭീകരമായ ഭരണം ജനങ്ങളുടെ മേൽ അടിച്ചേല്പിക്കുന്നതിനെ ആ ദുഷ്ടഭൂതാവാഴ്ചക്കാർ സാധൂകരിക്കുകയാണു്.

(b) സിദ്ധാന്തപരമായി, നാനാത്വത്തെ ഏകത്വ മാക്കി രൂപാന്തരപ്പെടുത്തുന്നതാണു് ശാസ്ത്രത്തിന്റെ പ്ര വൃത്തി. പ്രയോഗത്തിലാകട്ടെ, ശാസ്ത്രീയഗവേഷണം ല ഘൂകരണത്താലാണു പുരോഗമിക്കുന്നതു്. ശാസ്ത്രീയചി ന്തയുടെയും പ്രയോഗത്തിന്റെയും ഈ സ്വഭാവങ്ങൾ ഒരു പരിധിവരെ അധുനാതന രാഷ്ട്രീയചിന്തയിലേക്കും പ്ര യോഗത്തിലേക്കുംകൂടി പകർന്നിട്ടുണ്ടെന്നു കാണാം. തന്റെ പ്രശ്നത്തെ നിയന്ത്രണാധീനമാക്കുന്നതിനുവേണ്ടി, അതി നെ തന്നിഷ്ടംപോലെ ലഘൂകരിക്കുന്ന ഒരു ശാസ്ത്രീയപ രീക്ഷകനെ പിന്തുടരുന്നതിനു്, ഒരു സമുദായത്തിനാകെ യുള്ള പദ്ധതികൾ ഏറെറടുക്കുന്ന ഒരു കേന്ദ്രീകൃതമേധാ വിത്വം അവയുടെ പരിഭ്രമജനകമായ സങ്കീർണ്ണതകൾ മൂലം നിർബ്ബദ്ധമായിത്തീരും. ഒരു പരീക്ഷണശാലയിൽ ഇതു് ആവശ്യമുള്ളതും നീതീകരിക്കാവുന്നതുമായ മാർഗ്ഗ മാണു്. എന്നാൽ മനുഷ്യസമുദായത്തിന്റെ പ്രശ്നങ്ങളിൽ പ്രയോഗിക്കുമ്പോൾ ഈ ലഘൂകരണമാർഗ്ഗങ്ങൾ തീർച്ച യായും പ്രതിരോധത്തിന്റെയും, സൈനികക്രമീകരണ ത്തിന്റെയും, സ്വാതന്ത്ര്യധ്വംസനത്തിന്റെയും, വ്യക്തി സ്വാതന്ത്ര്യനിഷേധത്തിന്റെയും മാർഗ്ഗങ്ങളാണു്. മാനു ഷികനാനാത്വങ്ങളെ ഇങ്ങനെ സൈനിക-അദ്ധ്യാ ന്ത്രിക ഏകത്വത്തിലേക്കു ചുരുക്കുകയെന്നതു പ്രചരണ ത്താലും നിയമങ്ങളാലും നേടാവുന്നതുമാണു്. ഈ രാഷ്ട്രീ യ-സാമ്പത്തികയജമാനന്മാർക്കു് ആ അവസരത്തിൽ, അ ടിച്ചേല്പിക്കുവാൻ ഏററവും സൗകര്യമെന്നുകാണുന്ന രീതി

കൾ സ്വീകരിക്കാൻ വൈമനസ്യം കാണിക്കുകയും തങ്ങളുടെ സ്വന്തം അഭിപ്രായങ്ങളിൽ ഉറച്ചുനില്ക്കുകയുംചെയ്യുന്ന ആളുകളെയോ വഗ്ഗങ്ങളെയോ ആവശ്യമെന്നുകണ്ടു കഴിഞ്ഞാൽ ജയിലിലിടുകയോ, നാടുകടത്തുകയോ, 'ലിക്വിഡേററ്' ചെയ്യുകയോ ആകാം. തത്വശാസ്ത്രപരമായി നോക്കിയാൽ, വ്യക്തികളുടെ മനോഭാവത്തെ ഇങ്ങനെ ചങ്ങലയ്ക്കിടുന്നതു് ആദരണീയമായിത്തോന്നുന്നു. എന്തെന്നാൽ, ശാസ്ത്രകാരന്മാർ സങ്കീണ്ണമായ സത്യങ്ങളെ സ്വയം ലഘൂകരിച്ചു പ്രകൃതിയെ മുഴുവൻ ചില പൊതുനിയമങ്ങളിൽ ഉൾക്കൊള്ളിക്കുന്നതിനുസദൃശമാണു് ഇതു്. പരിമിതമായി മാത്രം വ്യക്തിപരമായ പ്രത്യേകതകൾ പ്രകടിപ്പിക്കുന്നവരും മുകളിൽനിന്നടിച്ചേല്പിക്കുന്ന ഒരൊറ്റ മാസ്റ്റർപ്ലാൻകൊണ്ടു ഭരിക്കപ്പെടുന്നവരുമായ അംഗങ്ങളുൾക്കൊള്ളുന്ന ഒരു വലിയ സംഘടിതസമുദായത്തിനു തോന്നുന്നതു്, സ്വതന്ത്രവും സഹകരണാത്മകവും, സ്വയംഭരണവ്യക്തികളുള്ളതുമായ ഒരു സമുദായത്തേക്കാൾ ഉത്തമവും ശാസ്ത്രീയവുമായിട്ടുള്ളതു പദ്ധതിനിമ്മാതാക്കളുടെ അഭിപ്രായമാണെന്നാണു്. പ്രചരണത്തിന്റെ ശക്തി അത്രയ്ക്കു കൂടുതലായതാണു് ഇതിനു കാരണം.

(c) മനുഷ്യമനസ്സു് അന്തമുള്ളതും പ്രകൃതി അനന്തവുമായതുകൊണ്ടു്, സത്യത്തിന്റെ ഈ ലഘൂകരണത്തിലെ ആദ്യപടി വിവേചനത്തിന്റേതാണു്. അതു് ഒഴിവാക്കിക്കൊണ്ടു ശാസ്ത്രീയചിന്തയും പ്രവൃത്തിയും അസാധ്യവുമാണു്. അനുഭവങ്ങളെ അഭിമുഖീകരിച്ചുകൊണ്ടു ശാസ്ത്രകാരന്മാർ തങ്ങൾ ചെവികൊടുക്കാത്ത എല്ലാ കാര്യങ്ങളേയും അവഗണിക്കാൻ തുടങ്ങി. സിദ്ധാന്തപരമായി നോക്കിയാൽ ഇങ്ങനെ വിചിത്രവും അങ്ങേയററം സ്വേച്ഛാനുസാരവുമായ ഒരു മാഗ്ഗത്തിലൂടെ ചരിക്കുന്നതു സാധ്യ

കരിക്കാം. എന്തെന്നാൽ, അനുഭവത്തിൻെറ ഈ മൂല്യങ്ങളുടെ പരിമാണങ്ങളെ കേന്ദ്രീകരിക്കുന്നതിനാൽ പ്രകൃതിശക്തികളുടെമേൽ മഹത്തായ നിയന്ത്രണംനേടാൻ അവക്കുകഴിയുന്നു. എന്നാൽ ശക്തിയെന്നു പറയുന്നതു ജ്ഞാനമല്ല. യാഥാർത്ഥ്യത്തെ പ്രതിനിധീകരിക്കുന്ന കാര്യത്തിൽ ലോകത്തിൻെറ ശാസ്ത്രീയചിത്രം അപര്യാപ്തമാണ്. കാരണം, ശാസ്ത്രം അനുഭവങ്ങളെ മുഴുവൻ കൈകാര്യംചെയ്യുന്നില്ലെന്നതുതന്നെ. ചില പ്രത്യേകപരിതഃസ്ഥിതികളിൽ ചില പ്രത്യേകവശങ്ങളെമാത്രമാണ് അതു കൈകാര്യം ചെയ്യുന്നതു്. ദാർശനികമനോഭാവമുള്ള ശാസ്ത്രകാരന്മാക്ക് ഇതെല്ലാം വ്യക്തമായി മനസ്സിലാകും. എന്നാൽ നിർഭാഗ്യമെന്നുപറയട്ടെ, ചില ശാസ്ത്രകാരന്മാരും, മിക്ക സാങ്കേതികജ്ഞരും, യുദ്ധോപകരണങ്ങളുപയോഗിക്കുന്ന എല്ലാ ആളുകളും ശാസ്ത്രത്തിൻെറ തത്ത്വശാസ്ത്രാടിസ്ഥാനങ്ങളും പശ്ചാത്തലവും പരിശോധിക്കാൻ മിനക്കെട്ടുകയോ അഭിലാഷം കാണിക്കുകയോ ചെയ്യാറില്ല. തന്നിമിത്തം, ശാസ്ത്രീയസിദ്ധാന്തങ്ങൾ ഉൾക്കൊണ്ട ലോകത്തിന്റെ ചിത്രത്തെ സത്യത്തിൻെറ പരിപൂർണ്ണവും വിപുലവുമായ രൂപമായി അവർ കണക്കിലെടുക്കുന്നു. ശാസ്ത്രകാരന്മാർ കണക്കിലെടുക്കാതെ വിട്ടുപോയ അനുഭവങ്ങളെ അവർ പരിഗണിക്കേണ്ടതായുംവരുന്നു. എന്തെന്നാൽ അവർ ആ കാര്യങ്ങൾ ചെയ്യാൻ അപ്രാപ്തരാണ്. എങ്കിലും ശാസ്ത്രം സ്വീകരിച്ചു കൈകാര്യംചെയ്ത അനന്തമായ വസ്തുതകളിൽ അപ്രധാനമായിട്ടാണ് അവർ വിട്ടുപോയ അത്തരം കാര്യങ്ങളെ കണക്കിലെടുക്കുന്നതു്. ശക്തിക്കുള്ള ഒരു ഉപാധിയെന്നനിലയിൽ ശാസ്ത്രത്തിനുള്ള അന്തസ്സും, തത്ത്വശാസ്ത്രത്തോടുള്ള പൊതുഅവഗണനയും കാരണം, നമ്മുടെ കാലഘട്ടത്തിലെ 'വിശ്വദർശനം' (Weltanschauung)

'മറ്റൊന്നുമല്ല' ('nothing but') എന്ന ചിന്താഗതിയെ വളരെയധികം ഉൾക്കൊള്ളുന്നുണ്ട്. മനുഷ്യജീവികളെന്നു പറയുന്നതു ശരീരങ്ങളോ ജീവികളോ കേവലം യന്ത്രങ്ങളോ അല്ലാതെ മറ്റൊന്നുമല്ലെന്ന അഭിപ്രായം ഏറെക്കുറെ സ്വീകരിക്കപ്പെടുന്നു. സത്യത്തിന്റെ യഥാർത്ഥത്തിലുള്ള മൂലകങ്ങൾ വസ്തു(Matter)വും ഊർജ്ജ(energy)വും അവയുടെ അളക്കാവുന്ന രൂപത്തിലുള്ളതല്ലാതെ മറ്റൊന്നുമല്ല; വ്യാമോഹങ്ങൾ എങ്ങനെയോ നമ്മുടെ ലോകാനുഭവങ്ങളോടു കൂടിക്കലരുന്നതല്ലാതെ മറ്റൊന്നുമല്ല മൂല്യങ്ങൾ; മാനസികസംഭവങ്ങൾ ജീവശാസ്ത്രത്താൽ ഉൽപ്പാദിപ്പിക്കപ്പെടുന്നതും അതിനെ മാത്രം ആശ്രയിക്കുന്നതുമായ വെറും രണ്ടാംകാരണങ്ങളല്ലാതെ മറ്റൊന്നുമല്ല; ആദ്ധ്യാത്മികത്വം നൈരാശ്യം ബാധിച്ചവരുടെ ആഗ്രഹനിവൃത്തിയല്ലാതെ മറ്റൊന്നുമല്ല—ഇതെല്ലാമാണു ചിന്താഗതികൾ. ഈ 'മറ്റൊന്നുമല്ല' എന്ന തത്ത്വശാസ്ത്രത്തിന്റെ രാഷ്ട്രീയഫലങ്ങൾ, ആധുനികകാലത്തിന്റെ പ്രത്യേകതകളായ മാനുഷികവ്യക്തിത്വത്തിന്റെയും ജീവിതങ്ങളുടെയും മൂല്യങ്ങളോടു പരക്കെ ഒരു അവഗണന പ്രകടിപ്പിക്കുന്നതായി കാണാം. കഴിഞ്ഞ മുപ്പതു വർഷങ്ങൾക്കിടയിൽ ഈ അവഗണന അപകടകരവും അസമാധാനപരവുമായ പല മാർഗ്ഗങ്ങളും പ്രകടിപ്പിച്ചിട്ടുണ്ട്. അടിമത്തത്തിന്റെ മുഴവൻരൂപത്തിലുള്ള ഉദ്ധാരണം ഏററവും നീചവും മനുഷ്യത്വവിഹീനവുമായ രൂപങ്ങളിലൂടെ നാം കണ്ടതാണ്. ഈ അടിമത്തമാകട്ടെ വിവിധ ഏകാധിപത്യത്തിന്റെ കീഴിൽ അടിച്ചേല്പിക്കപ്പെടുന്ന രാഷ്ട്രീയദ്രോഹം, പിടിച്ചെടുക്കപ്പെട്ട ജനവർഗ്ഗങ്ങളുടെയും യുദ്ധത്തടവുകാരുടെയുംമേലുള്ള അടിമത്തം, എന്നെല്ലാമാണ്. അടുത്തതായി യുദ്ധകാലങ്ങളിലെ വകതിരിവില്ലാത്ത

കശാപ്പിനെപ്പററി നോക്കുക. ഒരു പ്രത്യേക സ്ഥലത്ത്, കേന്ദ്രീകൃതമായും റോക്കററുകളും ആറേറാമിക് വാണങ്ങളും ഉപയോഗിച്ചും ബോംബിടുന്ന ഏററവും നീചമായ കശാപ്പുകൾ രണ്ടാം ലോകമഹായുദ്ധക്കാലത്തു വളരെയധികം വികസിച്ചു. പൗരന്മാരും പോരാളികളും തമ്മിലോ, നിഷ്കളങ്കരും കപടരും തമ്മിലോ ഉള്ള പരമ്പരാഗതമായ വ്യത്യാസങ്ങളെ കണക്കിലെടുക്കുന്നതായി ഒരു രാഷ്ട്രവും ഇന്നുവരെ ഭാവിക്കുന്നുപോലുമില്ല. താത്ത്വികമായും, ശാസ്ത്രീയമായും അവരുടെയെല്ലാം ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നതു കൂട്ടക്കൊലകളിലും പൊതുനശീകരണങ്ങളിലുമാണ്. ജീവിതത്തിൻെറ ഈ 'മറെറാന്നുമല്ല'യെന്ന തത്ത്വശാസ്ത്രത്തിൻെറ വേറെ ചില പ്രായോഗികഫലങ്ങൾ, പരിഷ്കൃതജനത ശാസ്ത്രീയ–സാങ്കേതികപരിശീലനത്തോടെ ബഹുജനങ്ങളെ ചിത്രവധംചെയ്യുക, ഭിന്നിപ്പിക്കുക, പട്ടിണിയിടുക എന്നീ മാർഗ്ഗങ്ങളിൽക്കൂടി ഉപദ്രവിക്കുന്നു എന്നതാണ്. അവസാനമായി നിർബ്ബന്ധിച്ചുള്ള ദേശാന്തരഗമനങ്ങളും ഉണ്ടാകും. ലക്ഷക്കണക്കിനു ജനങ്ങളെ ബലംപ്രയോഗിച്ചു മററു സ്ഥലങ്ങളിലേക്കു നീക്കംചെയ്യുകയും, അവിടെ അവരിൽ നല്ലൊരുഭാഗം പട്ടിണിയും രോഗങ്ങളും ദുരിതങ്ങളുംമൂലം മരിക്കുകയുംചെയ്യുന്നു.

അയഥാർത്ഥവിശ്വാസങ്ങൾ വിഗ്രഹത്തത്തിലും ദുരാചാരമായ പ്രവൃത്തികളിലും ചെന്നവസാനിക്കുന്നു. ശരിയോ തെററുകുറഞ്ഞതെങ്കിലുമോ ആയ വിശ്വാസങ്ങളെ പഠിപ്പിക്കുന്നതുകൊണ്ടല്ലാതെ തെററായ ധാരണകളെ ദൂരീകരിക്കാൻ സാധിക്കയില്ല. വിവിധ മതങ്ങളുടെ പുരോഹിതന്മാർ മനസ്സുറപ്പില്ലായ്മയെയും അന്ധവിശ്വാസങ്ങളെയും ത്യജിക്കുക. എന്നിട്ട്, മനുഷ്യന്റെ പരമലക്ഷ്യം

അജ്ഞാതമായ ആ 'യൂട്ടോപ്പിയൻ' ഭാവിയിൽ അല്ലെന്നും, പ്രത്യുത, ആഗ്രഹിക്കുന്നുവെങ്കിൽ ഓരോ വ്യക്തിക്കും ഇപ്പോൾത്തന്നെ, ഇവിടെത്തന്നെ സാക്ഷാത്കരിക്കുവാൻ സാധിക്കുന്ന ആ മഹത്തായ ആന്തരചൈതന്യത്തിൻെറ സനാതനതത്വത്തിലാണെന്നും അനുയായികളെ പഠിപ്പിക്കാൻ ശ്രമിച്ചാൽ ഇന്നത്തെ ഏകാധിപത്യത്തെയും തെററായ നടപടികളെയും സാധൂകരിക്കുന്ന ആ പുരോഗതിയുടെ കഥയുടെ ഉപദ്രവം കുറയുന്നതാണു്. അതുപോലെ ശാസ്ത്രജ്ഞന്മാരെയും സാങ്കേതികവിദഗ്ദ്ധന്മാരെയും കൊണ്ടു് എഡ്വേർഡ് കാർപ്പെന്ററുടെ 'സംസ്കാരം—അതിൻെറ നിദാനവും നിവാരണവും' (Civilization Its Cause and Cure), പ്രൊഫസർ ബർട്ടിന്റെ 'ആധുനിക ശാസ്ത്രത്തിൻെറ ആദ്ധ്യാത്മികാടിസ്ഥാനങ്ങൾ' (Metaphysical Foundations of Modern Science), സർ ആർതർ എഡിങ്ടൻെറ ചിന്താപ്രാധാന്യമുള്ള ലേഖനങ്ങൾ ഇവയെല്ലാം വായിപ്പിക്കുക. എങ്കിൽ, ആധുനാതന ശാസ്ത്രീയലോകത്തിൻെറ ചിത്രം യാഥാർത്ഥ്യത്തെ പൂർണ്ണമായും പ്രതിനിധാനംചെയ്യുന്നുവെന്ന ആപൽക്കരമായ ധാരണയും, സാമൂഹ്യ-മാനസികയാഥാർത്ഥ്യങ്ങളെ 'മറെറാന്നുമല്ലായ്മ'യുടെ തത്വശാസ്ത്രത്തിലൂടെ വിലയിരുത്തുന്ന അപകടകരമായ വിശ്വാസവും ഒരുപക്ഷേ ദൂരീകരിക്കപ്പെട്ടേക്കാം. വേദനപ്പെടുന്ന മനുഷ്യരാശിക്കു മഹത്തായ ഗുണങ്ങളുണ്ടാകുകയായിരിക്കും ഇതിൻെറ ഫലം. എന്നാൽ നമ്മുടെ സംസ്കാരത്തിന്റെ സംരക്ഷകരെ ആരാണു സംരക്ഷിക്കാൻപോകുന്നതു്? അതിൻെറ ഗുരുക്കന്മാരെ ആരാണു പഠിപ്പിക്കാൻപോകുന്നതു്? എന്തുതന്നെ സംഭവിച്ചാലും തൻെറഭാഗത്താണു ശരി എന്നു് എല്ലാവരും വിചാരിക്കുന്നതാണു നമ്മുടെ അടിസ്ഥാനപരമായ തകരാറു്.

മുമ്പെല്ലാം സ്വേച്ഛാധികാരികൾ അക്രമങ്ങൾ ചെയ്തിരുന്നു. (അവർ എപ്പോഴും അതുമാത്രമേ ചെയ്യുകയുള്ളു എന്നു വെയ്ക്കുക.) പക്ഷേ, അതും ചിലപ്പോഴെല്ലാം തെറ്റുചെയ്യുകയാണെന്ന മനസ്സാക്ഷിയോടെയായിരുന്നു. അവർ ക്രിസ്ത്യാനികളും ഹിന്ദുക്കളും മുസ്ലിമീങ്ങളും ബുദ്ധമതക്കാരുമായിട്ടാണു വളൎന്നുവന്നതു്. തെറ്റുചെയ്യുകയാണെന്ന ബോധം അവരുടെ അന്തരാത്മാവിൽ എപ്പോഴും ഉണ്ടായിരുന്നു. എന്തെന്നാൽ, അവർ ചെയ്തിരുന്നതെല്ലാംതന്നെ അവരുടെ മതം പഠിപ്പിക്കുന്നതിനു കടകവിരുദ്ധമായിരുന്നു. ഇന്നത്തെ രാഷ്ട്രീയനേതാവാകട്ടെ കുറെക്കൂടി വെളിച്ചംവീണ ഒരു ശാസ്ത്രീയാന്തരീക്ഷത്തിലാണു ജീവിക്കുന്നതു്. തന്മൂലം മനുഷ്യരാശിയുടെ ഏററവും വലിയ നേട്ടങ്ങൾക്കുവേണ്ടിയാണു താൻ പ്രവൎത്തിക്കുന്നതെന്ന ഉത്തമവിശ്വാസത്തോടും, വ്യക്തമായ മനസ്സാക്ഷിയോടുംകൂടി അയാൾക്കു് അക്രമങ്ങൾ പ്രവൎത്തിക്കാൻ സാധിക്കും—പുരോഗതി വാഗ്ദത്തംചെയ്യുന്ന ആ മഹത്തായ ഭാവിയുടെ ആഗമനത്തെ അയാൾ ശീഘ്രഗതിയിലാക്കുകയല്ലേ? അടക്കം ചിട്ടയും ഇല്ലാത്ത വൈയക്തികമായ ഒരു സമുദായത്തിനു് അടക്കം ചിട്ടയും ഉണ്ടാക്കുകയല്ലേ അയാൾ ചെയ്യുന്നതു്? തങ്ങൾക്കു യുക്തമെന്നു തോന്നുന്നതെന്തും ചെയ്യുന്ന വിഡ്ഢികളായ സ്ത്രീപുരുഷന്മാരുടെ ബുദ്ധിക്കു പകരം വിദഗ്ദ്ധന്മാരുടെ ബുദ്ധിയുപയോഗിച്ചു് അവരെയെല്ലാം നന്നാക്കാനല്ലേ അയാൾ ശ്രമിക്കുന്നതു്? ഇതിനുംപുറമെ മതോപദേഷ്ടാക്കളും സ്കൂളദ്ധ്യാപകരും ഉണ്ടു്. അവൎക്കു പിഎച്ച്. ഡി. (Ph. D.)കളും, ഡി. ഡി. (D. D.)കളും, സമുദായത്തിലും പ്രസംഗവേദികളിലും മററും മാന്യമായ സ്ഥാനവും, ആത്മാവിൻെറ രോഗശാന്തിക്കുള്ള മരുന്നുകളും എല്ലാമുണ്ടു്. അവരുടെ ചിരകാലപ്രതിഷ്ഠി

തമായ ഈ സ്ഥാനമാനങ്ങളും, ജീവിക്കുന്ന തൂണുകളായി അവരെ ഇനിയും തുടരുവാൻ അനുവദിക്കുന്ന ആ സംഘടനകളുടെ പവിത്രപാരമ്പര്യങ്ങളും എന്തിനുവേണ്ടി അവർ മാററണം? ചരിത്രത്തിലെ ഏററവും പ്രധാന പാഠം, ചരിത്രത്തിൻെറ പാഠങ്ങൾ ആരും പഠിക്കുന്നില്ല എന്നതാണെന്നു പറയപ്പെടുന്നു. ഇക്കഴിഞ്ഞ കാലങ്ങളിലെ അതിബൃഹത്തായ അത്യാപത്തുകൾ, മുമ്പു ചിന്തിച്ചിരുന്നതുപോലെ ഒക്കെത്തന്നെ ജീവിക്കുന്നവക്കു് ഇനിയും ചിന്തിക്കാൻ ധാരാളം വക നല്കിയിട്ടുണ്ടു്. ജീവിതാനുഭവങ്ങളിൽനിന്നു യാതൊന്നും പഠിക്കാത്ത ഫ്രഞ്ചുരാജാക്കന്മാരെപ്പോലെ നാമും സമാധാനമെന്നു നാം പറയുന്നതിലേക്കു മടങ്ങുന്നു. ഒന്നും പഠിക്കാതെയും ഒന്നും മറക്കാതെയും—ഒന്നൊഴികെ—യുദ്ധത്തിൻെറ കാരണങ്ങൾ. നമ്മുടെ ആഗ്രഹങ്ങളും ആദശ്ങ്ങളും എന്തെല്ലാമായാലും സവ്വശക്തിയും ഉപയോഗിച്ചു നാം നിലനിത്തുന്നതാണതു്.

KOTTAYAM PUBLIC LIBRARY
KOTTAYAM

# II

സാമ്പത്തികശക്തികളുടെ കേന്ദ്രീകരണം ഭരിക്കുന്ന ന്യൂനപക്ഷത്തിനു ഗുണപ്രദമാകുന്ന ഒരു ലോകത്തിൽ, നിസ്വാത്ഥശാസ്ത്രീയഗവേഷണങ്ങളുടെ നേട്ടങ്ങൾ വൻകിട ഉൽപ്പാദന-വിതരണങ്ങളെ പരിപോഷിപ്പിക്കുകയെന്നതു തികച്ചും സ്വാഭാവികമാണ്. അതുപോലെ, ദേശീയത്വത്തെ കണക്കിലെടുക്കുകയും, ദേശീയമൂല്യങ്ങളെ അങ്ങേയററം മാനിക്കുകയും ചെയ്യുന്ന ഒരു ലോകത്തിൽ, ഈ നേട്ടങ്ങളുടെ പരമാവധിയും യുദ്ധോപകരണങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും അവയെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഉപയോഗിക്കുകയെന്നതും സ്വാഭാവികമാണ്. ശാസ്ത്രകാരന്മാക്കും കണ്ടുപിടുത്തക്കാക്കും എഞ്ചിനീയറന്മാക്കും അതുകൊണ്ടു പ്രയോജനമുള്ളതിനാൽ അവർ ഒരു കേന്ദ്രീകൃതവ്യാവസായികവ്യവസ്ഥ സൃഷ്ടിക്കുന്നു. ദേശീയവാദികളെന്നനിലയിൽ ഇതെല്ലാം തങ്ങളുടെ കടമയാണെന്ന് അവർ വിചാരിക്കുകയും ചെയ്യുന്നു. അങ്ങനെ വിചാരിക്കുന്നതിൻെറ പ്രധാനകാരണം, ആ കടമകൾ പലപ്പോഴും വളരെ ആദായകരമാകുന്നുവെന്നതാണ്. ഇതിൻെറയെല്ലാം ഫലമോ? ടാങ്കുകൾ, ബോംബറുകൾ, ജ്വാലാക്ഷേപിണികൾ, ആറേറാമിക് വാണങ്ങൾ മുതലായ സാങ്കേതികവിദ്യകളുടെ ആശ്ചര്യകരങ്ങളായ നേട്ടങ്ങൾ സൃഷ്ടിക്കാൻ തങ്ങളുടെ ബുദ്ധിയും കഴിവുകളും അവർ വിനിയോഗിക്കേണ്ടിവരുന്നു.

1862-ൽ ലോർഡ് ആക്ടൺ എഴുതുകയുണ്ടായി: "ദേശീയത്വം സ്വാതന്ത്ര്യത്തെയോ സമൃദ്ധിയെയോ

ലക്ഷ്യംവെക്കുന്നില്ല. രാജ്യത്തിന്റെ മൂശയും മാനദണ്ഡവു മായി രാഷ്ട്രത്തെ നിർമ്മിക്കുന്നതിനുള്ള അനുപേക്ഷണീയാ വശ്യത്തിനു് അവ ത്യജിക്കപ്പെട്ടുകയാണു്. അതിന്റെ പാതയാകട്ടെ, ഭൗതികവും ധാർമ്മികവുമായ നാശത്തിലേ ക്കുമാണു്.'' ആക്ടന്റെ പ്രവചനം ഇന്നും സാക്ഷാത്കര ണത്തിന്റെ ഭയാനകമാർഗ്ഗത്തിലാണു്. പ്രായോഗികശാ സ്ത്രം ദേശീയതചത്തെ സേവിക്കുന്നതിനിടയ്ക്കു വരുത്തിക്കൂ ട്ടിയിട്ടുള്ള ഭൗതികവിനാശങ്ങൾക്കു പരിഹാരം കണ്ടെത്തു വാൻ ഒരു തലമുറയെങ്കിലും കഴിയേണ്ടിയിരിക്കുന്നു. ലക്ഷ ക്കണക്കിനു് പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകിച്ചു കുഞ്ഞുങ്ങൾക്കും, യുദ്ധം വരുത്തിവച്ചിട്ടുള്ള ധാർമ്മികാധഃ പതനം അപരിഹാര്യമായവിധമായിട്ടുണ്ട്. കൂടാതെ, ജീവിതാവസാനംവരെ മാനസികമായി വക്രിച്ച്, വികല രായി, മുരടിച്ചു ജീവിക്കുവാൻ അവർ നിർബ്ബന്ധിതരാ കുന്നുമുണ്ട്. ദൈവത്തിന്റെ പിതൃത്വത്തെയും മനുഷ്യ സാഹോദര്യത്തെയും നിരാകരിച്ചുകൊണ്ടുള്ള, വിഗ്രഹാ രാധനാപരമായ ഒരു മതമായി വെച്ചിട്ടുള്ള, ദേശീയത്വ ത്തിന്റെ സമ്മാനങ്ങൾ ഇവ മാത്രമല്ല. രാഷ്ട്രങ്ങളെന്നു വിളിക്കപ്പെട്ടുന്ന അമ്പതിൽപ്പരം ഭരണഘടകങ്ങളായി ലോകം മുഴുവൻതന്നെ വിഭജിക്കപ്പെട്ടിരിക്കുന്നു. ഓരോ രാഷ്ട്രത്തിലും ഓരോ ദേശീയമതവും ഉണ്ട്. അതായതു്, ദൈവത്തെപ്പോലെ രാഷ്ട്രത്തെ പരമശക്തിയായി ആരാ ധിക്കുന്ന മതം. ഈ അമ്പതിൽപ്പരം ദേശീയ അഗ്നിദേവ ന്മാരിലൊന്നിന്റെ ആരാധകനാകുന്നതു്, സാധാരണയാ യി മററുള്ള എല്ലാ ദേശീയഅഗ്നിദേവന്മാരുടെയും ആരാ ധകന്മാർക്കു് എതിരാക്കുകയാണു്. സാർവ്വലൗകികത്വത്തെയും, ഏകദൈവത്തിന്റെ നിലനില്പിനെയും, മനുഷ്യരാശിക്കു മനുഷ്യരാശിയെന്ന നിലയ്ക്കുള്ള മൂല്യങ്ങളെയും നിഷേധി

കുന്നതുമൂലം ദേശീയത്വം ധാർമ്മികനാശത്തിലേക്കാണു വഴികാണിക്കുന്നത്. അതേസമയം അതു വ്യത്യസ്തമനോഭാവത്തെ ഉറപ്പിക്കുകയും, പൊങ്ങച്ചത്തെയും അഹങ്കാരത്തെയും ആത്മസംതൃപ്തിയെയും ജനങ്ങൾ തമ്മിൽ വെറുക്കുന്നതിനെയും പ്രോത്സാഹിപ്പിക്കുകയും, യുദ്ധത്തിൻെറ ആവശ്യത്തെയും ന്യായങ്ങളെയും പ്രഖ്യാപിക്കുകയും ചെയ്യുന്നു. ദേശീയത്വത്തിന്റെ ഈ ആപൽക്കരമായ ഫലങ്ങൾ ചരിത്രത്തിൽ വീണ്ടും വീണ്ടും ആവർത്തിക്കപ്പെട്ടുകഴിഞ്ഞതാണ്. ഉദാഹരണമായി, പാശ്ചാത്യലോകം നേടിയിട്ടുള്ളതിൽവെച്ച് ഏററവും ഉന്നതമായ പുരാതനഗ്രീക്കുസംസ്കാരത്തെക്കുറിച്ചു നോക്കുക. ഒരു ലഘുകാലത്തിനുശേഷം അതു ദേശീയത്വംമൂലം നശിച്ചു; സ്വയം നശിച്ചു. ഓരോ നഗരവും സ്വയം ആരാധിക്കുകയും തൽഫലമായി മററുള്ള അയൽനഗരങ്ങളെ വെറുക്കുകയുംചെയ്തു. മഹാകവികളുടെയും കലാകാരന്മാരുടെയും തത്ത്വജ്ഞാനികളുടെയുമായ ഗ്രീക്കുലോകം എന്നും ആഭ്യന്തരയുദ്ധത്തിലാണു ജീവിച്ചതു്. അവസാനം, ആരാധനാപരവും പക്ഷേ, ഭിന്നിപ്പിക്കുന്നതുമായ രാജ്യസ്നേഹത്തിൻെറ ഇരയായി അതു നശിച്ചു. ഭാഗ്യവശാൽ മാസിഡോണിയക്കാർ അതു് ഏറെറടുക്കുവാൻ തയ്യാറുണ്ടായിരുന്നു.

ആധുനികലോകം പുരാതനഗ്രീസിൽനിന്നു പരിമാണത്തിലല്ലാതെ തരത്തിൽ വ്യത്യസ്തപ്പെട്ടതല്ല. പൂർവ്വമെഡിററേനിയനിലെ ഏതാനുമായിരം ചതുരശ്രനാഴികകൾക്കുള്ളിൽ ജീവിച്ചിരുന്ന ആളുകൾക്കു് 'ഭിന്നിപ്പിക്കുന്ന' രാജ്യസ്നേഹം വരുത്തിവെച്ചതെന്തോ അതുതന്നെ ഇന്നു് ഈ ഗോളമാകെയുള്ള ജനങ്ങൾക്കും അതു വരുത്തിവെയ്ക്കുന്നു. ഏതൻസും സ്പാർട്ടയും വിഗ്രഹാരാധനയിലും പതാകവീശലിലും പോർവിളിയാട്ടത്തിലും നശിച്ചതു

പോലെ, നമുക്കും അവയിൽക്കൂടിത്തന്നെ നശിക്കാം. ഗ്രീക്കുദേശീയതത്വത്തെ സേവിച്ചിരുന്ന സാങ്കേതികവിദഗ്ദ്ധന്മാർക്കു രഥങ്ങളും കുന്തങ്ങളുമേ ഉണ്ടായിരുന്നുള്ളു. എന്നാൽ നമ്മുടെ അമ്പതിൽപ്പരമുള്ള, സ്വയാരാധനനടത്തുന്ന, ഭരണഘടകങ്ങളിലെ സാങ്കേതികജ്ഞരാകട്ടെ, എണ്ണായിരം നാഴിക തടസ്സംകൂടാതെ പറന്നെത്തി, തട്ടുക്കാനാവാത്തവിധം നാശങ്ങൾവരുത്തുന്ന ബോംബറുകളും, ചിലതുള്ളി തിളച്ചവെള്ളംകൊണ്ട് ഒരു എറുമ്പിൻകൂടിനെ എന്നതുപോലെ സകല നഗരങ്ങളെയും നശിപ്പിച്ചു കരിയും ചാമ്പലുമാക്കാൻ ഉപകരിക്കുന്ന ആറ്റോമിക് മിസൈലുകളെയും നമുക്കു സംഭാവനചെയ്തിരിക്കുകയാണ്.

"ഞങ്ങളെ പ്രലോഭനത്തിലേക്കു നയിക്കാതിരിക്കേണമേ!" കർത്താവിൻെറ പ്രാർത്ഥനയിൽ ഈ വാചകം ഉൾക്കൊള്ളിച്ച ആൾക്കു മനുഷ്യസ്വഭാവത്തിന്റെ തനിനിറം ശരിക്ക് അറിയാമായിരുന്നു. നമ്മെ പ്രലോഭനത്തിലേക്കു നയിക്കരുതേ എന്നു നാം എന്തുകൊണ്ടാണു പ്രാർത്ഥിക്കുന്നതു്? കാരണം സുവ്യക്തമാണ്—അനുഭവങ്ങളെല്ലാം തെളിയിക്കുന്നതുപോലെ, ദുഷ്പ്രവൃത്തിക്കുള്ള പ്രലോഭനം ശക്തിമത്തായും തുടർച്ചയായും ഉണ്ടാകുമ്പോൾ, സ്വാഭാവികമായും മനുഷ്യർ അതിന്ന് ഇരയാകാറുണ്ട്. അതിശക്തിയുള്ള ആയുധസന്നാഹങ്ങളും അവയുടെ ഉടമകളെ അക്രമത്തിന്നു പ്രലോഭിപ്പിക്കാറുണ്ട്. വളരുന്ന ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും സകലകഴിവുകളും ഉപയോഗിച്ചു യുദ്ധത്തിനുള്ള ഒരുക്കങ്ങൾ കൂട്ടുമ്പോൾ, അടിച്ചമർത്താനും, താല്പര്യങ്ങൾ ഏകീകരിക്കാനും ഒരു വ്യക്തമായ ഭാഗധേയം മനസ്സിലാക്കാനുമുള്ള പ്രലോഭനങ്ങൾ വളരെയധികമാകും. (പേരും നീതീകരണവും വ്യത്യാസപ്പെട്ടമെങ്കിലും തൽഫലമായ യുദ്ധത്തിൻെറ സ്വഭാവം ഒന്നുത

ന്നെയായിരിക്കും.) ഒരു നിർണ്ണായകനിമിഷംവരെ ഇതു ണ്ടാകും. അതായതു് 'എക്സ്' എന്ന രാഷ്ട്രം 'വൈ', 'ഇസഡ്' എന്നീ രാഷ്ട്രങ്ങളെക്കാൾ കൂടുതൽ യുദ്ധസന്നാഹങ്ങളുള്ളതാണെന്നു് അതിനു തോന്നുന്നനിമിഷം—! ആ നിമിഷത്തിൽ, ദൈവരാജ്യത്തിന്റെ സൃഷ്ടിക്കും നന്മയ്ക്കുമായി യുദ്ധത്തിനുപോകാനുള്ള ഒരു 'ദൈവികാജ്ഞ' അതിനുണ്ടാകുകയാണു്! ഈയൊരു പ്രലോഭനം മാത്രമല്ല ഉള്ളതു്. ആയുധസന്നാഹനിർമ്മാണത്തിൽ പ്രായോഗിക ശാസ്ത്രത്തിനുണ്ടായിട്ടുള്ള ആധുനികപുരോഗതി, കൂടുതൽ വകതിരിവില്ലാതെയും കൂടുതൽ അകലത്തിലും നാശങ്ങളുണ്ടാക്കാൻ ഉപകരിക്കുന്ന ആയുധങ്ങളുണ്ടാക്കുന്നതിൻെറ പുരോഗതികൂടിയാണു്. ഉയർന്നതരം വെടിക്കോപ്പുകളും, ബോംബറും, ജെററ്വിമാനങ്ങളും, റോക്കററും, ആറ്റോമിക്മിസൈലുകളും എല്ലാംകൂടി, യുദ്ധത്തിന്റെ പരമ്പരാഗതവിശ്വാസപ്രമാണങ്ങളെ അവഗണിക്കാനും, ജനസഞ്ചയത്തെയും അവരുടെ സർവ്വസ്വത്തെയും നശിപ്പിക്കാനും ശക്തിയായ പ്രേരണകൾ നല്കുകയാണു്. രണ്ടാം ലോകമഹായുദ്ധത്തിൽ ഏർപ്പെട്ട എല്ലാ രാജ്യങ്ങളും ഈ പ്രലോഭനത്തിനു് ഇരയായി. ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യകളുടെയും ഗവേഷണങ്ങളെ യുദ്ധസാമഗ്രികളുണ്ടാക്കുന്നതിനായി ഗവണ്മെൻറും ഉൽപ്പാദകരും സാമ്പത്തികമായി സഹായിക്കുന്നിടത്തോളംകാലം, മദ്യവും സ്ത്രീയും ധനവും ആസക്തിയുള്ളവരെ മാടിവിളിക്കുമ്പോലെ, ദേശീയശക്തിപ്രേമികളെ അപ്രതിരോധ്യമായി മാടിവിളിച്ചുകൊണ്ടു് ഈ പ്രലോഭനങ്ങളും നിലനില്ക്കും.

വിനാശകാരിയായ അണുശക്തിയെ മെരുക്കിയെടുക്കുന്നതു യുദ്ധമുണ്ടാക്കാനുള്ള മനുഷ്യൻെറ സ്ഥായിയായ സ്വഭാവത്തിനു വിരാമമിടുമെന്നു് അടുത്തകാലത്തായി

പലരും ശുഭാപ്തിവിശ്വാസത്തോടെ വാദിച്ചുകേൾക്കുന്നുണ്ട്. ഇത്തരം വാദഗതികൾ ഇതിനുമുമ്പും ഉണ്ടായിട്ടുണ്ട്. പ്രായോഗികശാസ്ത്രം കൂട്ടക്കൊലയ്ക്കുള്ള കാര്യക്ഷമമായ മറേറതെങ്കിലും പുതിയ ആയുധങ്ങൾ കണ്ടുപിടിക്കുമ്പോഴെല്ലാം ആശകൾക്കു ശബ്ദംകൂട്ടുകയും, ഇനിമുതൽ യുദ്ധം ചെലവുകൂടിയതാകുമെന്നും യാതനകളും പണച്ചെലവും വർദ്ധിക്കുമെന്നും കാണിക്കുന്നതിനു തെളിവുകൾ അണിനിരത്തുകയും പതിവാണ്. എന്നിട്ടും യുദ്ധങ്ങൾ ഉണ്ടാകുകതന്നെ ചെയ്തു. നാശകാരികളായ നൂതനായുധങ്ങൾക്കു പ്രതിരോധങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും, ഇനിയും പ്രത്യാക്രമണത്തിനുള്ള കൂടുതൽ കൂടുതൽ ശക്തിയായ ആയുധങ്ങൾ കണ്ടുപിടിക്കപ്പെടുകയാണ്. സാങ്കേതികവിദ്യയുടെ പുരോഗതി യുദ്ധത്തെ തുടച്ചുനീക്കുകയല്ല, പ്രത്യുത രൂപഭേദം വരുത്തുമെന്നു മാത്രമേയുള്ളു. അണുവാണങ്ങൾക്കു പ്രതിരോധമായി ഇന്നു മറെറാന്നും ഉണ്ടെന്നു തോന്നുന്നില്ല. അതു യുദ്ധാവസാനത്തിൻെറ ലക്ഷണമാകണമെന്നില്ല. മുതിർന്ന ആളുകൾ അന്തർദ്ദേശീയരാഷ്ട്രീയകാര്യങ്ങളിൽ പ്രധാനതീരുമാനമെടുക്കുമ്പോൾ സ്വീകരിക്കേണ്ടതായ ആ ഒരു മനോഭാവത്തിനുപകരം രാഷ്ട്രങ്ങളുടെയാകെ മനോഭാവം, സൂത്രക്കാരനും, ബാലനും, അഹിതേച്ഛുവും, ചിത്തരോഗിയെപ്പോലെ അഹന്തയുള്ളവനും, മുൻകോപിയും, അതേസമയം പരിഹാസ്യമായവിധത്തിൽ ആത്മപ്രശംസയും അഹങ്കാരവും നിറഞ്ഞവനുമായ ഒരു നിരുത്തരവാദിയായ പതിന്നാലുവയസ്സുകാരൻ കുട്ടിയുടെ മനോഭാവമാണ്. ഫലങ്ങൾ കനപ്പെട്ടവയല്ലെങ്കിൽ, രാഷ്ട്രനയങ്ങളെ നിയന്ത്രിക്കുന്ന മുതിർന്നവർ തങ്ങൾ കളിക്കുന്ന കളിയുടെ നിയമങ്ങൾമൂലം മുതിർന്നവരെപ്പോലെ പെരുമാറാൻ അനുവദിക്കപ്പെട്ടും. എന്നാൽ പ്രധാന

സാമ്പത്തികതാൽപര്യങ്ങളും ദേശീയാന്തസ്സും ഉൾക്കൊള്ളു മ്പോൾ ഈ മതിന് 'ജെക്കിൽ' പിൻവാങ്ങുകയും തൽ സ്ഥാനത്തു ചെറുപ്പക്കാരനായ 'ഹൈഡ്' കയറിക്കൂടുക യുമാണു്. അയാളുടെ നീതിശാസ്ത്രങ്ങൾ വെറും കുട്ടിക്കളി കളും, 'വിശ്വദർശനം' ഹൗസ്റ്റൺ സ്റ്റിവാർട്ട് ചേംബർ ലൈനോ അതിലും കൂടുതൽ രക്തക്കളിയുള്ള ഗ്രന്ഥങ്ങളോ പഠിക്കുന്നതുമൂലം രൂപപ്പെട്ടതോ ആയിരിക്കണം. പ്രായം തികഞ്ഞ രാഷ്ട്രീയപ്രവർത്തകന്റെ ഉള്ളിൽ ഒളിച്ചിരിക്കുന്ന ഈ നിരുത്തരവാദിയായ 'പതിന്നാലുവയസ്സുകാര'നാണു ശാസ്ത്രീയസംഘടിതമായ പകയോടെ ലക്ഷക്കണക്കിനു് ആളുകൾ പ്രയത്നിക്കുകയും യാതനകളനുഭവിക്കുകയും ചെ യ്യണമെന്നും, നമ്മുടെ ഉപരിപ്ലവമായ ജ്ഞാനത്തെയും ആദർശപരതയെയും മറക്കേണ്ടതായ ഒരു പരിവർത്തനഘട്ട ത്തിൽ വെളിച്ചത്തുവരണമെന്നും ഉറക്കെ പ്രഖ്യാപിക്കു ന്നതു്. നമ്മുടെയിടയിലുള്ള ഈ 'കുട്ടിനേതാവി'നു് അണു ബോംബിനോടുള്ള സ്വാഭാവികപ്രതികരണങ്ങൾ, ദേശീ യത്വത്തിന്റെ കാരണങ്ങളിലും സാമ്പത്തികസ്പർദ്ധക ളിലും അധികാരത്തിനുള്ള അത്യാകാംക്ഷയിലുംനിന്നു മോചനംനേടി 'യുദ്ധം എന്നെന്നേക്കമവസാനിപ്പിക്കുന്ന തിനുള്ള ഒരു പ്രചോദനമല്ല. പ്രത്യുത, ശാസ്ത്രം സംഭാവ നചെയ്തിരിക്കുന്ന നൂതനശക്തികളുപയോഗിച്ചു തന്റെ പ്രത്യേകസംഘടനയ്ക്കു ലോകാധീശത്വം സ്ഥാപിക്കുന്നതി നുള്ള ഒരു പ്രചോദനമാണതു്. യുദ്ധം അവസാനിപ്പിക്കു ന്നതിനുള്ള ഒരു യുദ്ധത്തെപ്പററിയോ ജനാധിപത്യസംര ക്ഷണത്തിനുള്ള ഒരു യുദ്ധത്തെപ്പറ്റിയോ സംസാരിക്കാൻ ആളുകൾ ഇഷ്ടപ്പെടുന്നു എന്നതു് ഒരു സവിശേഷസത്യ മാണു്. യുദ്ധം അവസാനിപ്പിക്കുന്നതിനുള്ള സമാധാന ശ്രമങ്ങളെക്കുറിച്ചോ, അല്ലെങ്കിൽ മിലിട്ടറിവാഴ്ചയുടെ മറ്റേ

ധ്രുവത്തിലുള്ള സ്വയംഭരണജനാധിപത്യത്തെക്കുറിച്ചോ സംസാരിക്കാൻ അവർ ഇഷ്ടപ്പെടുന്നില്ല. താൻ ഇടപഴകിയിട്ടുള്ള മറ്റിന്നവരെപ്പോലെ, ദേശീയവാദിയായ 'കുട്ടിനേതാവും' അണുശക്തി തനിക്കും തൻെറ ലോകത്തിനും എന്തുചെയ്യുമെന്നതിനെക്കുറിച്ചു ഭയചകിതനാണ്. എന്നിട്ടും അയാൾ സംഘടിതസ്പർദ്ധയുടെയും തൻെറതന്നെ അധീശത്വത്തിൻെറയും ഭാഷയിൽ ചിന്തിക്കുന്നതു തുടരുകയാണ്. അയാൾ ഇങ്ങനെയായിരിക്കും ചിന്തിക്കുന്നത്: "റോക്കററും ആററംബോംബും സൃഷ്ടിക്കാനുള്ള ശാസ്ത്രജ്ഞരെയും റോബോട്ട്‌വിമാനങ്ങളും V₂ കളും ഉണ്ടാക്കുന്നതിന് ആവശ്യമായത്ര പ്ലൂട്ടോണിയവും യുറേനിയം 235-ം നിർമ്മിക്കുന്നവരെയും ഞങ്ങളുടെ സംഘത്തിനു കിട്ടുകയാണെങ്കിൽ, ഹാ! കുറെ ബട്ടണുകൾ അമർത്തിയാൽ ലോകം മുഴുവൻ—! യുദ്ധം അവസാനിപ്പിക്കുന്നതിനുള്ള യുദ്ധം അവസാനിക്കുകയും, ഞാൻ ഈ ഭൂമണ്ഡലത്തിൻെറ മുഴുവൻ പരമാധികാരിയായിത്തീരുകയും ചെയ്യും!" ഒരോ വിദേശകാര്യാഫീസിലും യുദ്ധവകുപ്പിലുമെല്ലാം ഈ കൊലയാളികൾ ഉള്ളതുകൊണ്ട് അത്യാസന്നമായിരിക്കുന്ന ഒരു ഭാവിയിൽത്തന്നെ സാങ്കേതികവിദ്യകളെക്കുറിച്ചു വളരെയേറെ സംസാരിക്കുന്ന പുരോഗമിച്ച രാഷ്ട്രങ്ങൾ ആയുധഗവേഷണങ്ങൾക്കും, കൂടുതൽ വകതിരിവില്ലാതെയും കൂടുതൽ ദൂരത്തിലും നാശനഷ്ടങ്ങളുണ്ടാക്കുന്നതിന് ആവശ്യമായ ആയുധങ്ങളുണ്ടാക്കാനും അളവില്ലാത്തത്ര ധനം ഉപയോഗിക്കുമെന്നു നമുക്കു പ്രതീക്ഷിക്കാവുന്നതാണ്. ഈ ഗവേഷണങ്ങളാകട്ടെ പരമരഹസ്യവും ഭൂഗർഭത്തിലോ ഗുഹകളിലോവെച്ചു നടക്കുന്നതുമായിരിക്കും. വിവേകശാലിയായ ജെക്കിൽ അധീശത്വം നേടിയില്ലെങ്കിൽ, അവസാനം, ആശ്ചര്യകര

മായവിധത്തിൽ ഒരു നിമിഷത്തിൽ ആ ബട്ടണുകൾ ഞെക്കുന്നതിനുള്ള പ്രലോഭനം അനിവാര്യമായിത്തീരും. അതിൻെറ ഫലമായി ഏതെങ്കിലും വിദേശകാര്യമന്ത്രിയായ ഒരു യുവാവ് തൻെറ സുഹൃത്തായ പ്രതിരോധമന്ത്രിയെ വിളിക്കുകയും അതോടുകൂടി ദുഷ്ക്രിയകൾക്കു കൂടുതൽ സുരക്ഷിതമാകുവാനുള്ള യുദ്ധം ആരംഭിക്കുകയുമായി!

യുദ്ധം ഉന്മൂലമായി നിർമ്മാജ്ജനം ചെയ്യുവാനുള്ള സാധ്യതകളെക്കുറിച്ചു ചർച്ചചെയ്യുമ്പോൾ സ്മരിക്കേണ്ടതായ മറെറാരു പ്രധാനകാര്യമുണ്ട്. വളരെ കേന്ദ്രീകൃതമായ ഒരു ഗവണ്മെൻറ് അതിൻെറ ഏകാധിപത്യോദ്ദേശങ്ങൾ സംരക്ഷിക്കുന്നതിന് ഏററവും ഉപകരിക്കുന്നതായി യുദ്ധത്തിനുള്ള തയ്യാറെടുപ്പുകളെയും യുദ്ധത്തെത്തന്നെയും കണക്കിലെടുക്കുന്നു എന്നതാണതു്. അങ്ങനെ, സമാധാനകാലത്തുള്ള നിർബ്ബന്ധസൈനികസേവനം യുദ്ധത്തിനെതിരായ ഒരു ഉറപ്പായോ യുദ്ധപരാജയത്തിനെതിരായോ ഉള്ള ഒരു അടിസ്ഥാനത്തിൽ എപ്പോഴും സാധൂകരിക്കപ്പെടുകയാണു്. യഥാർത്ഥത്തിൽ, സമാധാനകാലത്തു നിർബ്ബന്ധസൈനികസേവനം സ്വീകരിക്കുന്ന രാഷ്ട്രങ്ങൾ അതു സ്വീകരിക്കുന്നതിനുമുമ്പ് നടത്തിയിട്ടുള്ളത്ര യുദ്ധം തന്നെ ചെയ്യുവയും അത്രയുംതന്നെ പരാജയങ്ങൾ സഹിച്ചവയുമാണ്. സമാധാനകാലത്തെ ഈ നിർബ്ബന്ധസൈനികസേവനത്തിൻെറ യഥാർത്ഥകാരണം, ഒരു ശക്തിയുള്ള കേന്ദ്രീകൃതഗവണ്മെൻറ് പട്ടാളനിയമത്തിനു കീഴിൽ പ്രജകളെ മുഴുവൻ അടിച്ചമർത്തുവാനും ആവശ്യമുള്ളപ്പോൾ അവരെ മുഴുവൻ അണിനിരത്തുവാനും ശ്രമിക്കുന്നതാണെന്നുകാണാം. അണ്വായുധങ്ങളുടേതായ ഈ കാല

ഘട്ടത്തിൽ, വമ്പിച്ച സൈന്യസമൂഹം കാലത്തിനുചേരാത്ത ഒരുതരം വൈകല്യമായിത്തീർന്നിട്ടില്ലേയെന്നു തോന്നുന്നു. ഏതായാലും കഴിഞ്ഞകാലങ്ങളിൽ സമാധാനസമയത്തു നിർബ്ബന്ധസൈനികസേവനം നടപ്പിലാക്കിയ ഒരു രാജ്യവും അതിൻെറ പ്രജകളുടെമേലുള്ള നീരാളിപ്പിടിത്തത്തിന്ന് അല്പമെങ്കിലും അയവുവരുത്തുന്നതായി കാണുന്നില്ല. കൂടാതെ, ഈ സമാധാനകാലത്തെ നിർബ്ബന്ധസൈനികസേവനത്തെപ്പററി മുമ്പു കേട്ടിട്ടില്ലാത്ത രാജ്യങ്ങളിൽ, ബഹുജനങ്ങളുടെമേൽ സ്ഥിരമായ സൈനികാടിമത്തം അടിച്ചേല്പിക്കുവാൻ വാദിക്കുന്ന അനേകം ഉയൎന്ന സൈനിക-രാജ്യതന്ത്രഉദ്യോഗസ്ഥന്മാർ ഉണ്ടു്.

കേന്ദ്രീകൃതരാഷ്ട്രീയാധികാരം ഉള്ളവരെ സംബന്ധിച്ചിടത്തോളം യുദ്ധസന്നാഹങ്ങൾ ഉപകാരപ്രദമായിത്തീരുന്ന മറെറാരു മാൎഗ്ഗമുണ്ടു്. ജനങ്ങൾ അസംതൃപ്തരാകുമ്പോൾ, യുദ്ധം സൃഷ്ടിക്കുക പരിപാവനമായി കണക്കാക്കുന്ന ഒരു രാജ്യത്തിൽ ജനങ്ങളുടെ ശ്രദ്ധ ആഭ്യന്തരകാര്യങ്ങളിൽനിന്നും വിദേശ-സൈനികകാര്യങ്ങളിലേക്കു തിരിച്ചുവിടുകയെന്നതു പലപ്പോഴും കഴിയുന്ന ഒന്നാണു്. ഇതിനായി ജനങ്ങളെ സ്വാധീനപ്പെടുത്തുവാനുള്ള ഗവണ്മെൻറു് നിയന്ത്രിതോപകരണങ്ങൾ വിദേശവൈരം വൎദ്ധിപ്പിക്കുന്ന പ്രചരണതന്ത്രങ്ങളുടെ പ്രളയംതന്നെ ആരംഭിക്കും. ഏതെങ്കിലും വിദേശശക്തിക്കെതിരായി ഒരു 'ഉറച്ചനയം' സ്വീകരിച്ചിട്ടുണ്ടെന്നും 'ദേശീയഐക്യം' വേണമെന്ന അഭ്യൎത്ഥനയും (മറെറാരുവിധത്തിൽ പറഞ്ഞാൽ, ഭരിക്കുന്ന ഏകാധിപതിയെ ചോദ്യംചെയ്യാത്ത അനുസരണംവേണമെന്ന അഭ്യൎത്ഥന) മററും അടങ്ങുന്ന പ്രചരണമാണിതു്. ദുർഭരണത്തിനും അടിച്ചമൎത്തലിനും എതിരായി ഏററവും സാധൂകരിക്കപ്പെടാവുന്ന

പരാതികൾപോലും ആരെങ്കിലും ഉന്നയിക്കുന്നതു് ആ അവസരത്തിൽ സ്വരാജ്യസ്നേഹമില്ലായ്മകൊണ്ടായിത്തീരും! സൈനികശക്തികളെയും വിദേശയുദ്ധഭീഷണിയെയും ഒരു കേന്ദ്രീകൃതഗവണ്മെൻറു് വേണ്ടന്നുവെയ്ക്കുകയെന്നതു് കാണുവാൻ പ്രയാസമായ കാര്യമാണു്. അധികാരവിതരണവും വിഭജനവും മാത്രമല്ല, രാഷ്ട്രമീമാംസയും സാമ്പത്തികശാസ്ത്രവും സ്ഥാപനത്തിൻെറ കെട്ടുപാടിൽനിന്നു വേർതിരിക്കലും, പ്രാദേശികസഹകരണസ്വാശ്രയപ്രവൎത്തനങ്ങളെ കഴിയുന്നിടത്തോളം കേന്ദ്രീകൃതവൻകിട ഉൽപ്പാദന–വിതരണങ്ങൾക്കു പകരംവെയ്ക്കുന്നതും, സ്റ്റേററിൻെറ കൈകടത്തലിനും നിയന്ത്രണത്തിനും പകരം പ്രാദേശികസഹകരണസ്വയംഭരണസ്ഥാപനങ്ങളുണ്ടാക്കുന്നതുമെല്ലാം പിന്നെയും തക്കങ്ങൾ സൃഷ്ടിക്കുന്നതാണു്.

അവസാനമായി, സാങ്കേതികപുരോഗതി നേടിയ ഒരു സമുദായത്തിൻെറ തീരാശാപമെന്നു നാം കണ്ടുകഴിഞ്ഞ സാമ്പത്തിക–സാമൂഹ്യഅരക്ഷിതാവസ്ഥയുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ സൈനികവ്യവസ്ഥ വഹിച്ചിട്ടുള്ള പങ്കിനെപ്പററിക്കൂടി നാം കണക്കിലെടുക്കേണ്ടിയിരിക്കുന്നു. 1930–ലും മററുമുണ്ടായ വിലയിടിവും സാമ്പത്തികത്തകൎച്ചയും എല്ലാ വ്യാവസായികരാഷ്ട്രങ്ങളിലും വമ്പിച്ചതോതിലുള്ള തൊഴിലില്ലായ്മ സൃഷ്ടിച്ചു. ഈ ഭയാനകമായ സാമൂഹ്യരോഗം നാനാവിധത്തിലാണു ചികിത്സിക്കപ്പെട്ടതു്. ഗ്രേററ്ബ്രിട്ടനിൽ വമ്പിച്ചതോതിലുള്ള ഒരു ഭവനനിൎമ്മാണപദ്ധതി ആരംഭിച്ചു; ഐക്യനാടുകളിൽ റൂസ്‌വെൽററ്ഭരണം പൊതുമരാമത്തുപണികളെയും, വിലക്കയററത്തിനുവേണ്ടി കാൎഷികോൽപ്പാദനനിയന്ത്രണത്തെയുമാണു ശരണംപ്രാപിച്ചതു്. ഈ നടപടികളെല്ലാം വെറും ഭാഗികമായ വിജയം മാത്രമായി

രുന്നു. തൊഴിൽരഹിതരുടെ എണ്ണം കുറഞ്ഞെങ്കിലും, തൊഴിലില്ലായ്മയെ പാടേ നിർമ്മാജ്ജനംചെയ്യുവാൻ കഴിഞ്ഞില്ല. ഹിററ്ലർ വൻതോതിൽ ആയുധസംഭരണം വീണ്ടും നടത്തിയപ്പോൾമാത്രമാണ് ഇതിനൊരു പൂർണ്ണ വിജയം ഉണ്ടായതു്. ഒരു മാന്ത്രികവിദ്യപോലെ തൊഴിലില്ലായ്മ അന്തർദ്ധാനംചെയ്തു—ആദ്യംജർമ്മനിയിൽനിന്നും; പിന്നീടു ബാക്കിയുള്ള എല്ലാ വ്യാവസായിക രാഷ്ട്രങ്ങളും ഭയന്നു് ആയുധസംഭരണമത്സരത്തിൽ ഏർപ്പെട്ടപ്പോൾ അവിടങ്ങളിൽനിന്നും. കേന്ദ്രീകൃതസമ്പത്തിൻെറ സേവനത്തിലിരിക്കുന്ന ശാസ്ത്രീയ-സാങ്കേതിക പുരോഗതിയുടെ ഫലമായ അരക്ഷിതാവസ്ഥയ്ക്കു് ഒരു പരിഹാരമുണ്ടു്. എന്നാൽ വെറും താല്ക്കാലികമായ ഈ ചികിത്സയ്ക്കു കൊടുക്കേണ്ടിവരുന്ന വില മരണവും, നാശവും, ബന്ധപ്പെട്ട എല്ലാ രാഷ്ട്രങ്ങളുടെയും അന്ത്യനില ആദ്യത്തേതിൽനിന്നു കൂടുതൽ ദയനീയമാക്കുകയും ആണു്. ഏതായാലും വൻതോതിലുള്ള പുനരായുധസംഭരണം ഏതെങ്കിലും ഒരു ഭാവിയിൽ തൊഴിലില്ലായ്മ ലഘൂകരിക്കുന്നതിനുവേണ്ടി ഒരിക്കൽക്കൂടി ഉപയോഗപ്പെടുത്തുന്നതിനു സാധ്യതകൾ കാണുന്നുണ്ടു്.

ഈയവസരത്തിൽ പ്രസ്താവിക്കേണ്ട മറ്റൊരു വസ്തുത, വിലയോ ലാഭമോ പരിഗണിക്കാതെ നല്കപ്പെടുന്ന ഒരേയൊരു ചരക്കു് യുദ്ധോപകരണങ്ങളാണെന്നതത്രെ. മററു പലതിൻെറയും കൂട്ടത്തിൽ, ഏററവും ചുരുങ്ങിയ സമയത്തിനുള്ളിൽ ഏററവും കൂടുതൽ മൂലധനച്ചരക്കുകൾ സൗജന്യമായി കൊടുക്കുന്ന കാര്യത്തിൽ രാഷ്ട്രങ്ങൾതമ്മിലുള്ള മത്സരമാണു് ഇന്നത്തെ യുദ്ധമുറ. ഈ ചരക്കുകളാകട്ടെ, ഉപദ്രവകാരികളും ഉൽപ്പാദനക്ഷമമല്ലാത്തവയുമാണു്. എന്നാൽ ഇവിടെ മറെറാരു വിചാരമാണു മുന്നിട്ടു

നില്ക്കുന്നതു്. ഒരു യുദ്ധകാലക്ഷേമംപോലെ എന്തെങ്കിലും സ്ഥിരമായി സൃഷ്ടിക്കുന്നതിനു്, വിലയ്ക്കോ വെറുതെയോ വിലക്കുറച്ചോ ഈ ചരക്കു വില്പനനടത്തുന്നതു സഹായകമാകും. ഇതു സംഭവിക്കണമെങ്കിൽ ഒരു കേന്ദ്രീകൃതസമ്പദ്വ്യവസ്ഥയും വൻകിട ഉൽപ്പാദനവിതരണങ്ങളും അവയോടു കെട്ടുപിണഞ്ഞ സ്റ്റേററ്സോഷ്യലിസത്തോടു സദൃശമായ രാഷ്ട്രീയസ്ഥിതിയും നമുക്കു് ഉണ്ടാകേണ്ടതാണു്. ഇന്നത്തെ നിലയിൽ ഈ വ്യവസ്ഥിതിക്കു കൂടുതൽ മുൻഗണനയുണ്ടെന്നു തോന്നുന്നു. എന്നാൽ, രാഷ്ട്രീയ-സാമ്പത്തികാധികാരങ്ങളുടെ കുത്തക അനുഭവിക്കുന്ന ഒരു ഭരണകൂടം ഭീകരഭരണത്തിനു് അപ്രതിരോധ്യമായി പ്രേരിതമാകുമെന്നുകൂടി നാം ഓർക്കണം. അത്യധികമായ അധികാരം അതിൻെറ ഉടമകളെ ദൂഷിപ്പിച്ചിട്ടില്ലാത്ത ഒരു ചരിത്രവും ഭൂതകാലത്തിനില്ല. അതുപോലെ ഭാവിയിലെ മനുഷ്യസ്വഭാവവും ഇന്നലത്തെയോ ഇന്നത്തെയോ നിലയിൽനിന്നു വിഭിന്നമാകുമെന്നു വിചാരിക്കുവാനും കാരണങ്ങൾ കാണുന്നില്ല. അധികാരം വികേന്ദ്രീകരിക്കുകയും അതിനു പരിമിതികളുണ്ടാക്കുകയും ചെയ്യണമെന്ന വാദം ഇന്നും വിലയുള്ളതാണു്—ആ അധികാരം 'സോഷ്യലിസ്റ്റുകളുടെ പ്രഭുജനവാഴ്ച'യിൽ കേന്ദ്രീകരിച്ചാൽപ്പോലും—"സോഷ്യലിസ്റ്റുകളുടെ പ്രഭുജനവാഴ്ച"യെന്ന പ്രയോഗം വൈരുദ്ധ്യാശയങ്ങളുള്ളതുതന്നെ. ഇതിനെക്കുറിച്ചു മിസ്റ്റർ മിഡിൽട്ടൺ മുറേ പറയുന്നതു നോക്കുക: "ഏകാധിപത്യമോ പ്രഭുജനവാഴ്ചയോ സൃഷ്ടിക്കുന്ന സോഷ്യലിസം സോഷ്യലിസമല്ല; അതുപോലെയുള്ള മറ്റെന്തെങ്കിലുമോ അല്ല." അതു വെറും ഉദാരതയുള്ള ഏകാധിപത്യഭരണം മാത്രമാണു്. ഈ ഉദാരതയുള്ള ഏകാധിപത്യഭരണത്തിന്റെ ഉദാരത അധികകാലം നിലനില്ക്കുമെന്നതു സാധ്യ

കരിക്കാനും നമ്മെ വിശ്വസിപ്പിക്കാനും ഉതകുന്ന ചരിത്രരേഖകളും യാതൊന്നുമില്ല. വളരെയധികം മോഹിപ്പിക്കുന്നതും ഹാനികരവുമായ ഈ അധികാരമോഹം ശമിപ്പിക്കുന്തോറും ഏറിയേറിവരികയാണു്. അധികാരദ്രവ്യമോഹത്തിനുള്ള ഈ പ്രലോഭനങ്ങളെ നിയന്ത്രിക്കുന്നതിനു് ഹൃദയപരിശുദ്ധി ഒഴികെ മറെറാരു ആയുധവുമില്ല. അധികാരമോഹമുള്ള വിശുദ്ധന്മാർ ദുർല്ലഭമായതിനാലും, പരിശുദ്ധിയുടെ വിലകൊടുക്കാൻ തയ്യാറുള്ള ആളുകളുടെ എണ്ണം വളരെ ചുരുക്കമായതിനാലും ഏതെങ്കിലും വ്യക്തിയോ, വ്യക്തികളുടെ സംഘടനയോ പ്രയോഗിക്കുന്ന അധികാരശക്തിക്കു കടിഞ്ഞാണിടണമെന്നാണു സാമാന്യബുദ്ധി ആവശ്യപ്പെടുന്നതു്. കൂടാതെ, താത്വികമായി അധികാരവികേന്ദ്രീകരണവും, സ്വതന്ത്രശക്തികളുടെ തുലനവും സഹകരണവും ഉൾക്കൊള്ളുന്ന സ്വയംഭരണസ്ഥാപനതത്വങ്ങൾ പ്രയോഗിക്കണമെന്നും, മാനുഷികപ്രവത്തനങ്ങളുടെ എല്ലാ മണ്ഡലങ്ങളിലും അവ പ്രയോഗിക്കപ്പെടണമെന്നുംകൂടി ആവശ്യപ്പെടുന്നുണ്ടു്. സ്വകാര്യമുതലാളിത്തത്തിൻെറയോ രാഷ്ട്രത്തിൻെറയോ നടത്തിപ്പുകാർ മേൽത്തട്ടിലിരുന്നുകൊണ്ടു് ഇന്നു രൂപപ്പെടുത്തുന്ന വിവിധ രാഷ്ട്രീയസാമ്പത്തികനടപടികളെ സ്ഥാപനത്തിൻെറ കെട്ടുപാടിൽനിന്നു മോചിപ്പിക്കൽ ഇതിനു് അത്യന്താപേക്ഷിതമാണു്. എന്നാൽ ഇന്നത്തെ പരിതഃസ്ഥിതിയിൽ ഏററവും ആവശ്യമായ ഈ വികേന്ദ്രീകരണവും സ്ഥാപനനിമ്മാർജ്ജനവും നടപ്പിലാക്കുകയെന്നതു് ഏററവും അസംഭാവ്യമായ ഒരു കാര്യമാണു്. ഭൂരിപക്ഷം സ്ത്രീപുരുഷന്മാരും തങ്ങൾക്കു് ആദ്യകാലങ്ങളിൽ സ്കൂളുകളിലും പിന്നീടു പരസ്യങ്ങളിലും രാഷ്ട്രീയപ്രചരണങ്ങളിലുംനിന്നു ലഭിച്ചിട്ടുള്ള അറിവുകൾമൂലം, സ്വകാര്യമുത

ലാളിമാരോ സ്റ്റേറോ അല്ലെങ്കിൽ രണ്ടുംകൂടിയോ നിയന്ത്രിക്കുന്ന പുരോഗമിക്കുന്ന സ്ഥാപനങ്ങൾ യഥാർത്ഥത്തിൽ ഗുണപ്രദമാണെന്നും, അതേസമയം അനിവാര്യവും അദ്ധസ്വാഭാവികവുമായ വികാസമാണെന്നും വിശ്വസിക്കുവാൻ പാകമാക്കപ്പെട്ടുകയാണു്. ആധുനിക കേന്ദ്രീകരണതത്ത്വശാസ്ത്രത്തിൽ വിശ്വസിക്കുന്നവരും വെറും ഒരു വിശ്വാസംമൂലം അതേപടി വിശ്വസിക്കുന്നവരും സ്ഥാപനനിർമ്മാജ്ജനത്തിന്റെ (De-institutionalization) യും സ്വാശ്രയത്തിൻെറയും സ്വയംഭരണസ്ഥാപനങ്ങളുടെയും ആദർശങ്ങളെ സംശയദൃഷ്ടിയോടെ മാത്രമേ വീക്ഷിക്കുകയുള്ളു. എമേഴ്സൻെറ സ്വയംസഹായസിദ്ധാന്തത്തിൻെറ ഒരു പുനഃപ്രസ്താവനയാണു തൽക്കാലം ആവശ്യമായിരിക്കുന്നതു്. അതെ, ഒരു പുനഃപ്രസ്താവന സംഗ്രഹമോ പൊതുവായി പറയുന്നതോ അല്ല. അതു് ഒരു പ്രാദേശികസഹകരണസമുദായത്തിനു സ്വാതന്ത്ര്യം നേടുന്നതിനു് ഇന്നു ലഭിക്കാവുന്നിടത്തോളം സാങ്കേതികപദ്ധതികളെക്കുറിച്ചു സമഗ്രമായ വിജ്ഞാനം ഉൾക്കൊള്ളുന്നതാണിതു്. ഈ 'ടെക്നിക്കുകൾ' പലവിധത്തിലാണു്—സമുദായത്തിൻെറ ആധാരഘടകമായ കുടുംബത്തിനു് ആഹാരം പ്രദാനംചെയ്യുന്ന കാർഷിക ടെക്നിക്കുകൾ; പ്രാദേശികവിപണികൾക്കാവശ്യമായ ഉപഭോക്തൃവിഭവങ്ങളുണ്ടാക്കുന്ന യാന്ത്രികടെക്നിക്കുകൾ; സ്റ്റേറ്റിന്റെയോ ബാങ്കുകളുടേയോ ശക്തി വദ്ധിപ്പിക്കാതെ വ്യക്തികൾക്കു പണം കടം വാങ്ങുവാൻ സഹായകമാകുന്ന വായ്പസംഘങ്ങളുള്ള സാമ്പത്തികടെക്നിക്കുകൾ; യാതൊരു ന്യായീകരണവുമില്ലാതെ ഭൂവിലയിൽ അമിതലാഭമുണ്ടാക്കുന്നവക്കെതിരായി ഒരു സമുദായത്തിനു രക്ഷനേടുവാനുപകരിക്കുന്ന നിയമടെക്നിക്കുകൾ. ഇംഗ്ലണ്ടിൽ വിൽഫ്രെഡ്

വെല്ലോയ്സും, ഐക്യനാടുകളിൽ 'ഫ്രീ അമേരിക്ക' എന്ന പ്രസിദ്ധീകരണത്തിൽ എഴുതുന്ന റാൾഫ് ബോർസോഡിയും മററു് എഴുത്തുകാരുമാണു് ഈ പഴയ സിദ്ധാന്തത്തിനു പ്രായോഗികമായ പുതിയ പ്രമാണങ്ങളും പുനഃപ്രസ്താവനകളും ആവിഷ്കരിച്ചിട്ടുള്ളവർ. എന്നാൽ, കേന്ദ്രീകൃത വൻകിട ഉൽപ്പാദനവിതരണവ്യവസായങ്ങളുടെ മേന്മകളെ പാടിപ്പുകഴ്ത്തുന്ന പരസ്യക്കാരും, സർവ്വശക്തമായ സ്റ്റേററിൻെറ മേന്മകളെപ്പററി പെരുമ്പറയടിക്കുന്ന പ്രചരണക്കാരും മുഖരിതമാക്കുന്ന ഒരു അന്തരീക്ഷത്തിൽ ഈ ഒററപ്പെട്ട ശബ്ദങ്ങൾ ശ്രദ്ധിക്കപ്പെടുകയെന്നതു ശ്രമസാദ്ധ്യമായ കാര്യമാണു്. യഥാർത്ഥത്തിൽ, മുൻകാലങ്ങളിൽ യാതൊരു രാഷ്ട്രീയശക്തിയുമില്ലാത്ത ആളുകളുടെയിടയിൽ ഉണ്ടായിക്കൊണ്ടിരുന്ന, താരതമ്യേന അവഗണനീയമായ പ്രസ്ഥാനങ്ങൾ ഇനിയും മനുഷ്യരാശിയുടെമേൽ അത്ഭുതകരമായ സ്വാധീനം ചെലുത്തുന്നു എന്ന വസ്തുത ഇല്ലെങ്കിൽ നാം നിരുത്സാഹപ്പെട്ടുമായിരുന്നു. എന്നാൽ, ഭാഗ്യവശാൽ ഇന്നത്തെ ഒരല്പം വികേന്ദ്രീകരണരൂപപരിണാമവ്യാപനം ആധുനികസമുദായത്തെ മുഴുവൻ വ്യാപിച്ചുകൊണ്ടുമാത്രമേ അവസാനിക്കു എന്നതു് അസാദ്ധ്യമല്ല.

ഞാൻ ആവർത്തിക്കുന്നു—ഇതു് അസാധ്യമല്ലതന്നെ എന്നു്. എന്നാൽ, രാഷ്ട്രങ്ങൾ അവയുടെ പഴയ സമരസൃഷ്ടിസ്വഭാവത്തിൽ ഉറച്ചുനില്ക്കുന്നിടത്തോളംകാലം ഇതു് അങ്ങേയററം അസംഭവ്യവുമാണു് എന്നുകൂടി ചേർക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ, പെട്ടെന്നു വികസിപ്പിക്കാവുന്നതും യുദ്ധകാലാവശ്യങ്ങൾക്കു വിനിയോഗിക്കാവുന്നതുമായവിധത്തിലുള്ള അതിവിപുലമായ മൂലധനചരക്കുവ്യവസായങ്ങളും അവയെ സഹായിക്കുന്ന ഉപഭോക്തൃവിഭ

വങ്ങളുടെ വൻകിടഉല്പാദനവ്യവസായവും ഇല്ലാതെ ഒരു രാഷ്ട്രത്തിനും യുദ്ധത്തിൽ വിജയിക്കുവാൻ സാധ്യമല്ലെന്നുള്ളതാണ് ഇന്നത്തെ യുദ്ധത്തിൻെറ സ്വഭാവം. കൂടാതെ മാനുഷികശക്തികളെമുഴുവൻ സാർവ്വത്രികമായ സൈനികശക്തിയിലോ വ്യവസായങ്ങളിലോ നിർബ്ബന്ധസേവനമനുഷ്ഠിക്കുവാൻ സമാഹരിച്ച് ഉപയോഗപ്പെടുത്തുന്നതിനു കഴിയുന്ന രാജ്യങ്ങൾക്കൊഴികെ മററൊന്നിനും ഈ യുദ്ധത്തിൽ വിജയിക്കുവാൻ സാധ്യവുമല്ല. എന്നാൽ പൗരസഞ്ചയത്തിൻെറ ഭൂരിഭാഗവും നിരാധാരരും, നിർദ്ധനരും ജീവിതവൃത്തിക്കായി സ്റ്റേററിനെയോ വൻകിടസ്വകാര്യതൊഴിലുടമകളെയോ ആശ്രയിക്കുന്നവരുമായ ഒരു രാജ്യത്തിലാണ് ഈ സാർവ്വത്രികനിർബ്ബന്ധസേവനം ഏററവും എളുപ്പത്തിൽ അടിച്ചേല്പിക്കുവാൻ കഴിയുന്നതു്. ഒരു സ്ഥലത്തുനിന്നു മററൊരു സ്ഥലത്തേക്കോ, സാങ്കേതികവൈദഗ്ദ്ധ്യം ആവശ്യമില്ലാത്ത ഒരു ജോലിയിൽനിന്നു മററൊരു ജോലിയിലേക്കോ എളുപ്പത്തിൽ മാററപ്പെടാവുന്നതാണ് ഈ 'ദ്രാവകതൊഴിലാളിശക്തി.' വാസ്തവത്തിൽ മിലിട്ടറിഏകാധിപതി കാണുന്ന സ്വപ്നങ്ങൾ അത്തരം ആളുകളെക്കൊണ്ടു സൃഷ്ടിക്കപ്പെടുന്നവയാണ്. ഇനി വേറൊന്നുനോക്കാം. പ്രധാനമായി ജീവസന്ധാരണത്തിനും, രണ്ടാമതായിമാത്രം ധനത്തിനുംവേണ്ടി പരിശ്രമിക്കുന്ന ചെറുകിടകൃഷകരെയോ, പ്രാദേശികവിപണികൾക്കായി ഉല്പാദനംനടത്തുന്ന സ്വതന്ത്രവ്യക്തികളെയോ സഹകരണസംഘങ്ങളെയോ കൈക്കിപ്പിഴിഞ്ഞു നികുതി ഈടാക്കുന്നതിലും എളുപ്പമാണു വലിയ കേന്ദ്രീകൃതകോപ്പറേഷനുകളിൽനിന്നും അവയിലെ ശമ്പളക്കാരായ ജീവനക്കാരിൽനിന്നും നികുതി വസൂലാക്കുന്നതു്. ഈ കാരണംകൊണ്ടാണ് 'വലിയശക്തി'യായിത്തീരാനോ തുട

രാനോ ആഗ്രഹിക്കുന്ന ഗവണ്മെൻറുകൾക്കു വികേന്ദ്രീകരണത്തിനുവേണ്ടിയുള്ള ബഹുജനമുന്നേററങ്ങൾ പലപ്പോഴും അസഹനീയമായി തോന്നുന്നതു്. ബോംബറും റോക്കററും വ്യവസായങ്ങളുടെ ഭൂമിശാസ്ത്രപരമായ വിതരണത്തിനു് എല്ലാ രാജ്യങ്ങളെയും നിർബ്ബന്ധിതമാക്കും എന്നു വാദിക്കപ്പെട്ടേക്കാം. പക്ഷേ, ആ വിതരണം രാഷ്ട്രീയസാമ്പത്തികശക്തികളുടെ ശരിയായ വികേന്ദ്രീകരണമില്ലാതെതന്നെ സംഭവിക്കാം. ഗവണ്മെൻറിൻെറയോ മുതലാളിമാരുടെയോ നിയന്ത്രണത്തിൽനിന്നു വ്യക്തിസ്വാതന്ത്ര്യത്തിൻെറ യഥാർത്ഥ വിപുലീകരണംമൂലമോ, സഹകരണസംഘങ്ങളുടെയോ, സ്വയംഭരണസ്ഥാപനങ്ങളുടെയോ ഇന്നതെന്ത പ്രവർത്തനമണ്ഡലവികസനംമൂലമോ ഇതു സംഭവിക്കാവുന്നതാണു്.

'സയൻസ്' ഒരു അമൂർത്തപദമാണു്. നാം രാഷ്ട്രീയ-സാമ്പത്തികപ്രശ്നങ്ങളുടെ മൂർത്തസ്വരൂപത്തെക്കുറിച്ചു ചിന്തിക്കാൻ ശ്രമിക്കുമ്പോൾ, അങ്ങനെ യഥാതഥമായവിധത്തിൽത്തന്നെ സംസാരിക്കുന്നതാണു് ഏററവും നല്ലതു്. അതായതു്, സയൻസിനെക്കുറിച്ചല്ല, പ്രത്യുത സയൻസിൻെറ വിവിധമണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന ആളുകളെക്കുറിച്ചാണു നമുക്കിവിടെ നോക്കേണ്ടതു്. മറെറാരു വിധത്തിൽ പറഞ്ഞാൽ ദൃഷിക്കാത്ത സിദ്ധാന്തങ്ങളുടെയും നിസ്വാർത്ഥമായ ഗവേഷണങ്ങളുടെയും മണ്ഡലങ്ങളിൽനിന്നകന്നു് പ്രായോഗികശാസ്ത്രത്തിൻെറയും സാങ്കേതികവിദ്യകളുടെയും അടിസ്ഥാനപരമായ പ്രശ്നങ്ങളെക്കുറിച്ചു തൽകാലം ചിന്തിക്കാം. യുദ്ധത്തിന്റെ ഉന്മൂലനാശം അഭിലഷണീയമാണെന്നു് അംഗീകരിച്ചുകൊണ്ടു്, ആ ഉദ്ദേശസിദ്ധിക്കായി ശാസ്ത്രീയപ്രവർത്തകന്മാക്കു് എത്രമാത്രം സഹകരിക്കാൻ കഴിയുമെന്നും നമുക്കു് ആലോചിക്കാം.

1. യുദ്ധത്തിനെതിരായി വ്യക്തികളായോ സംഘങ്ങളായോ ശാസ്ത്രകാരന്മാക്കു മൂന്നുതരം നടപടികളെടുക്കാം. ആദ്യത്തേതു മനുഷ്യരാശിയെ കൊല്ലുന്നതോ, വേദനിപ്പിക്കുന്നതോ, അടിമകളാക്കുന്നതോ ആയ എല്ലാ പ്രവത്തനങ്ങളെയും മനസ്സാക്ഷിയുടെപേരിൽ നിരാകരിക്കുക എന്നതാണു്. 'ശരിയായ ജീവിതാവശ്യസമ്പാദന'ത്തിൻെറ പ്രാധാന്യത്തെപ്പററി ക്രിസ്തുമതം ഒരുകാലത്തു് ഊന്നിപ്പറഞ്ഞിരുന്നു. ബുദ്ധമതം ഇപ്പോഴും അതു് ഊന്നിപ്പറയുന്നു. ഒരൊററ വ്യക്തിയും പരിശീലിക്കുവാൻ പാടില്ലാത്തവിധം സ്വാഭാവികമായിത്തന്നെ ഉപദ്രവകരമായ ചില തൊഴിലുകളുണ്ടു്. ഉദാഹരണത്തിനു്, മദ്ധ്യകാലത്തെ കത്തോലിക്കാമതപുരോഹിതന്മാരുടെ ദൃഷ്ടിയിൽ പണം പലിശക്കു കൊടുക്കുന്നതോ ഊഹക്കച്ചവടം നടത്തുന്നതോ തെററായിരുന്നു. ഒരു മനുഷ്യൻ അന്യായപ്പലിശകൊണ്ടും വിപണികൾ കൈയടക്കിയും, എന്നിട്ടും ക്രിസ്ത്യാനിയായിരിക്കുകയും ചെയ്യുവാൻ സാധ്യമല്ലെന്നു് അവർ അനുശാസിച്ചിരുന്നു. അതുപോലെ, ബുദ്ധനെയും അനുയായികളെയും സംബന്ധിച്ചിടത്തോളം ഒരാൾ ആയുധങ്ങളോ ലഹരിസാധനങ്ങളോ ഉണ്ടാക്കി ജീവിക്കുന്നുവെങ്കിൽ അയാളെ ബുദ്ധമതാനുയായി ആയി കണക്കാക്കാൻ പാടില്ലെന്നാണു് നിയമം. ദേശീയവും അന്തർദ്ദേശീയവുമായ സംഘടനകളിലെ അംഗങ്ങളെന്നനിലയിൽ ശാസ്ത്രകാരന്മാരും, സാങ്കേതികവിദഗ്ദ്ധരും, അവരുടെ സമകാലീനപ്രവത്തനങ്ങളോടു ബന്ധപ്പെടുത്തി ശരിയായ ജീവിതോപാധിക്കുള്ള പോംവഴികൾ ആരായേണ്ടിയിരിക്കുന്നു. കുറെക്കൂടി വകതിരിവില്ലാതെയും നീചമായും കൊലനടത്താനുള്ള ആയുധങ്ങൾ കണ്ടുപിടിക്കാനോ അവയുടെ നിമ്മാണം വികസിപ്പിക്കാനോ ശ്രമിച്ചിട്ടു്

ഒരു നല്ല മനുഷ്യനായി ജീവിക്കുക സാധ്യമാണോ? ഒരു നല്ല ക്രിസ്ത്യാനിയോ ബുദ്ധമതവിശ്വാസിയോ ആയിട്ടല്ല—കാരണം, ശാസ്ത്രീയ-സാങ്കേതികമണ്ഡലങ്ങളിൽ മതം അപരിഷ്കൃതമായിത്തീർന്നിരിക്കുകയാണ് — ഒരു വെറും മനുഷ്യനായി ജീവിക്കുക! വ്യക്തിസ്വാതന്ത്ര്യത്തിന്റെയും പ്രാദേശികസ്വയംഭരണസ്ഥാപനങ്ങളുടെയും ചെലവിൽ, നിസ്വാർത്ഥഗവേഷണങ്ങളുടെ നേട്ടങ്ങളുപയോഗിച്ചു ഭരിക്കുന്ന മുതലാളിമാരുടെയോ ന്യൂനപക്ഷമായ ഗവണ്മെൻറിൻെറയോ ശക്തി വർദ്ധിപ്പിക്കുന്നതിനു് ഒരാൾ പ്രവർത്തിക്കുമ്പോൾ മനുഷ്യരാശിയുടെ ഗുണത്തിനുവേണ്ടിയാണ് അങ്ങനെ ചെയ്യുന്നതെന്നു തുടർന്നു വിശ്വസിച്ചുകൊണ്ടേയിരിക്കാൻ സാധിക്കുമോ? ഇവയും തത്തുല്യമായ ചോദ്യങ്ങളും ശാസ്ത്രീയപ്രവർത്തകന്മാരോടു ചോദിച്ചു് ഉത്തരം പറയിക്കേണ്ടതാണ്. കഴിയുമെങ്കിൽ അവരുടെ അന്താരാഷ്ട്രീയസംഘടനകളുടെ നിലവാരത്തിൽത്തന്നെ ഉത്തരം പറയിക്കണം. അതേസമയം, മനുഷ്യരാശിയുടെ നാശവും അടിമത്തവും ലക്ഷ്യമായിട്ടുള്ള യാതൊരു പ്രസ്ഥാനത്തോടും സഹകരിക്കാതെ അല്പം ചില ശാസ്ത്രകാരന്മാരും സാങ്കേതികവിദഗ്ദ്ധരും യുദ്ധത്തിനും അതിന്റെ സന്തതസഹചാരിയായ അധികാരകേന്ദ്രീകരണത്തിനും എതിരായി നിഷേധാത്മകമായ നിലപാടു സ്വീകരിക്കുമെന്നു നമുക്കു് ആശിക്കുകയും പ്രതീക്ഷിക്കുകയും ചെയ്യാം.

2. ആകാവുന്നിടത്തോളം ഈ നിഷേധാത്മകപ്രവൃത്തികൾ നല്ലതുതന്നെ. എന്നാൽ അതോടൊപ്പം നിയതവും ക്രിയാത്മകവുമായ നടപടികളും ആവശ്യമായിരിക്കുന്നു. ഈ ക്രിയാത്മകപ്രവർത്തനങ്ങളെ രണ്ടായി തരംതിരിക്കാം: (a) രാഷ്ട്രീയത്തിൽ ആരംഭിച്ചു ശാസ്ത്രത്തിൻെറ

രംഗങ്ങളിൽ അവസാനിക്കുന്ന പ്രവൃത്തികൾ. (b) ശാസ്ത്രത്തിൽ ആരംഭിച്ചു രാഷ്ട്രീയത്തിൽ അവസാനിക്കുന്ന പ്രവൃത്തികൾ.

(a) മാനുഷികതാൽപ്പര്യങ്ങളുടെപേരിൽ, ശാസ്ത്രകാരന്മാരുടെയും സാങ്കേതികവിദഗ്ദ്ധന്മാരുടെയും പ്രവൎത്തനങ്ങളെ രാഷ്ട്രീയമായി നിയന്ത്രിക്കുന്നതിനു് അടുത്ത കാലത്തായി പല നിർദ്ദേശങ്ങളും പൊന്തിവന്നിട്ടുണ്ടു്. 1945 മേയ് 29-ം, 30-ം തീയതികളിൽ പ്രഭുസഭയിൽ നടന്ന രസകരമായ ഒരു ചൎച്ചയിൽ, യൂണിവേഴ്സിററികളോടു ബന്ധപ്പെട്ടതോ, രാഷ്ട്രമോ സ്വകാൎയ്യവ്യവസായികളോ സഹായിക്കുന്നതോ ആയ ജൎമ്മൻലാബറട്ടറികളെ കുറേക്കാലത്തേക്കു കട്ടത്ത നിയന്ത്രണത്തിനു വിധേയമാക്കേണ്ടതിൻെറ ആവശ്യകതയെക്കുറിച്ചു വാൻസിററാർട് പ്രഭു ഊന്നിപ്പറയുകയുണ്ടായി. രഹസ്യായുധങ്ങളുപയോഗിച്ചുള്ള പകയോടുകൂടിയ യുദ്ധത്തിൻെറ അപകടങ്ങൾ ഒഴിവാക്കാൻ ഇതുമാത്രമേ മാൎഗ്ഗമുള്ളു എന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു. ബ്രാബ്സൺപ്രഭു നിർദ്ദേശിച്ചതാകട്ടെ, ഈ നിയന്ത്രണവും മേൽനോട്ടവും പരാജിതരാഷ്ട്രങ്ങളുടെമേൽ മാത്രമായി ചുരുങ്ങരുതെന്നാണു്. കാരണം, വളരെ കൊല്ലങ്ങളോളമെങ്കിലും ആ രാഷ്ട്രങ്ങൾക്കു വൻതോതിൽ ആയുധനിൎമ്മാണം നടത്താനുള്ള സാഹചൎയ്യങ്ങൾ കുറവായിരിക്കും. അദ്ദേഹത്തിൻെറ അഭിപ്രായം, അവസാനസമാധാനഉടമ്പടിയിൽ, ലോകത്തിന്റെ ഏതു ഭാഗത്തുമുള്ള ഫാക്ടറികളിലും ലാബറട്ടറികളിലും കടന്നുചെന്നു പരിശോധനനടത്തുവാൻ അധികാരമുള്ള ഒരു അന്തർദ്ദേശീയ കമ്മററികൂടി ഉണ്ടാക്കണം എന്നാണു്. ബ്രാബ്സൺപ്രഭുവിൻെറ വീക്ഷണത്തിൽ, ഈ അന്തർ

ദ്ദേശീയ പരിശോധനക്കമ്മററിക്കുപകരം വെക്കാവുന്നതു് ബ്രിട്ടനും ഐക്യനാട്ടുകളും ഒരുഭാഗത്തും മററു രാഷ്ട്രങ്ങളെല്ലാം മറുഭാഗത്തും ചേൎന്നുള്ള ഒരു ആയുധനിൎമ്മാണമത്സരമാണു്. വമ്പിച്ച ഗവേഷണങ്ങളുടെ ഫലമായി അത്തരം ഒരു മത്സരത്തിൽ ആംഗ്ലോ-സാക്സൻവൎഗ്ഗത്തിനു നേതൃത്വം കിട്ടുമെന്നും, മററു ശക്തികളുടെ ആക്രമണത്തെ നിരുത്സാഹപ്പെടുത്താൻ കഴിയുമെന്നും ആശിക്കാമത്രെ. ആദ്യത്തെ അണുബോംബു് ഇടുന്നതിനുമുമ്പാണു് ബ്രൗൺസൺപ്രഭുവിൻെറ ഈ പ്രസംഗം നടന്നതു്. ഇന്നത്തെ നിലയിൽ, യുദ്ധാനന്തര ആയുധമത്സരത്തിൽ ഐക്യനാട്ടുകളും ബ്രിട്ടനും നേതൃത്വം നേടിയിട്ടുണ്ടു്. കുറെ വൎഷങ്ങൾക്കൂടി അവർ ആ നേതൃത്വം കാത്തുസൂക്ഷിച്ചെന്നു വരാം. ആററംബോംബിൻെറ ഉടമകളാൽ കരിയും ചാമ്പലുമായി നശിപ്പിക്കപ്പെടുകയോ, ദേശീയത്വത്തിനു പകരം ലോകഗവൺമെൻറു രൂപംകൊള്ളുകയോ ചെയ്യാതിരുന്നാൽ, ഒരുപക്ഷേ ആ മറ്റു രാഷ്ട്രങ്ങളിലെ ശാസ്ത്രജ്ഞന്മാരും തത്തുല്യമോ അല്ലെങ്കിൽ കുറേക്കൂടി കഴിവുള്ളതോ ആയ അണുവായുധങ്ങൾ നിൎമ്മിച്ചു സംഭാവനചെയ്യും. അതേസമയം 'ഹിറോഷിമസംഭവ'ത്തിനുമുമ്പുണ്ടായിരുന്നതിനെക്കാളും അത്യാവശ്യമായവിധത്തിൽ ശാസ്ത്രത്തിൻെറ വിജയലഹരിയിൽനിന്നു മനുഷ്യരാശിയെ കാത്തുസൂക്ഷിക്കുന്നതിനുള്ള ഒരു അന്തർദ്ദേശീയ പരിശോധകസംഘത്തിൻെറ ആവശ്യം കുറേക്കൂടി അടിയന്തിരമായിരിക്കുകയാണു്. ഒരു അന്തർദ്ദേശീയ പരിശോധകസംഘത്തിൻെറ നിലനില്പു മറ്റൊരു സംരക്ഷണനടപടിയെക്കൂടി ഉൾക്കൊള്ളുമെന്നു് അതേചൎച്ചയിൽവെച്ചു സ്റ്റാബോൾജിപ്രഭു അഭിപ്രായപ്പെടുകയുണ്ടായി. മനുഷ്യരാശിക്കു യഥാൎത്ഥത്തിൽ അപകടകരമാകുമെന്നു വിദഗ്ദ്ധന്മാർ അഭിപ്രാ

യപ്പെടുന്ന ശാസ്ത്രീയകണ്ടുപിടുത്തങ്ങളെയെല്ലാം സമാഹരിക്കുകയെന്നതാണിത്.

അററ്ലാൻറിക്കിൻെറ മറുഭാഗത്തും അതേതരത്തിലുള്ള അഭിപ്രായങ്ങൾ ഉന്നയിക്കപ്പെടുകയുണ്ടായി. പക്ഷേ, യുണൈറഡ്നേഷൻസ് ഈ അഭിപ്രായങ്ങൾ എത്രത്തോളം നടപ്പിൽവരുത്തുമെന്നു കണ്ടുതന്നെ അറിയണം. അതേസമയം, തങ്ങളുടെ ശാസ്ത്രകാരന്മാരുടെയും എഞ്ചിനീയറന്മാരുടെയും കൈവശമുള്ള രഹസ്യങ്ങൾ, അവയുടെ വിനാശകരങ്ങളായ പ്രയോഗങ്ങൾക്കെതിരായി 'പ്രയോഗത്തിൽ വരുത്താവുന്ന സംരക്ഷണവിധികൾ' ആവിഷ്കരിക്കപ്പെടുന്നതുവരെ കാത്തുസൂക്ഷിക്കാൻ ഭരണാധികാരികൾ നിശ്ചയിച്ചിരിക്കയാണു്.

ഈ 'പ്രയോഗത്തിൽവരുത്താവുന്ന സംരക്ഷണാവിധികളു'ടെ സ്വഭാവം എന്തായിരിക്കണം? അതിനെക്കുറിച്ച് ഇന്നുവരെ ആർക്കും വ്യക്തമായ ഒരു രൂപവും ഇല്ലെന്നു തോന്നുന്നു. അപകടകാരികളായ അറിവുകളെ സമാഹരിക്കുന്നതും, അന്തർദ്ദേശീയപരിശോധകസംഘം ഏർപ്പെടുത്തുന്നതും താത്വികമായി നോക്കിയാൽ വളരെ നല്ല നിർദ്ദേശങ്ങളാണു്. ചിലരെസംബന്ധിച്ചിടത്തോളം ഒരു അന്തർദ്ദേശീയപോലീസ്സേനയുണ്ടാക്കുകയെന്ന സിദ്ധാന്തം കൂടുതൽ ആകർഷീണയവും പ്രായോഗികവുമായിക്കാണുന്നുണ്ടു്. എന്നാൽ എന്തുചെയ്യട്ടെ, തത്വത്തിൽനിന്നു പ്രയോഗത്തിലേക്കുള്ള മാർഗ്ഗം സുദീർഘവും ദുർഘടവുമാണു്. രണ്ടു വിഷമിപ്പിക്കുന്ന ചോദ്യങ്ങൾ ഇവിടെ ഉയരുന്നു. ആദ്യത്തേതു്, ബന്ധപ്പെട്ട എല്ലാ ദേശീയഗവണ്മെൻറുകളും ഈ നിർദ്ദേശങ്ങളനുസരിച്ചു പ്രവർത്തിക്കാൻ സമ്മതിക്കുമോ എന്നുള്ളതാണു്. രണ്ടാമത്തേതു്, അവർ

അങ്ങനെ സമ്മതിക്കുകയാണെങ്കിൽത്തന്നെ, അവരും അവർ നിയമിക്കുന്ന ശാസ്ത്രകാരന്മാരും അന്തർദ്ദേശീയമായി നടപ്പിലാക്കപ്പെടുന്ന നിയമങ്ങളനുസരിച്ചു പ്രവത്തിക്കാൻ സമ്മതിക്കുമോ എന്നുള്ളതുമാണു്. ഈ ചോദ്യങ്ങൾക്കു് ഉത്തരംനല്കാൻ ശ്രമിക്കുമ്പോൾ ഒരാൾ തന്റെ ഉദ്ബുദ്ധമായ താൽപ്പര്യങ്ങളുടെ ശക്തിയും, ദേശീയവികാരങ്ങളുടെയും പക്ഷപാതങ്ങളുടെയും ശക്തിയും തമ്മിൽ തുലനം ചെയ്തുനോക്കേണ്ടതാണു്. ഉദ്ബുദ്ധമായ സ്വാത്ഥതാൽപ്പര്യങ്ങൾ ലോകഗവമ്മെന്റിനും, അന്തദ്ദേശീയപരിശോധനയ്ക്കും വിജ്ഞാനസമാഹാരത്തിനും അനുകൂലമായി സംശയമെന്യേ വോട്ടുചെയ്യും. എന്നാൽ, നിഭാഗ്യവശാൽ, ജീവിതത്തിന്റെ ചില പ്രധാന രംഗങ്ങളിൽ, ഉദ്ബുദ്ധമായ സ്വതാൽപ്പര്യങ്ങളെ കണക്കിലെടുത്തുകൊണ്ടു മനുഷ്യവഗ്ഗം പ്രവത്തിക്കുന്നതു കാണുന്നില്ല. അങ്ങനെ അവർ ചെയ്തിരുന്നുവെങ്കിൽ നാം ജീവിക്കുന്ന ഈ ലോകം സ്വഗ്ഗതുല്യമാകുമായിരുന്നു. എന്തുചെയ്യാം! നാം മുമ്പു കണ്ടതുപോലെ, അന്തർദ്ദേശീയരാഷ്ട്രീയരംഗങ്ങളിൽ അതിപ്രധാനമായ തീരുമാനങ്ങളെടുക്കുന്നതു് അധികവും പ്രായമായവരെക്കാളും കുട്ടിനേതാക്കളാണു്. ഹിറോഷിമയും നാഗസാക്കിയും പഠിപ്പിക്കുന്ന പാഠങ്ങൾക്കുശേഷവും ചില ദേശീയഗവമ്മെൻറുകൾ തങ്ങളുടെ ലാബറട്ടറികളും ഫാക്ടറികളും പരിശോധിക്കുന്നതിനെ എതിക്കാൻ സാധ്യതയുണ്ടു്. ഒരുപക്ഷേ, ഒരൊറ്റ രാജ്യത്തിൻെറ എതിപ്പുപോലും ഈ പദ്ധതി പൊളിക്കാൻ പര്യാപ്തമാകും. മറിച്ചു്, അന്തർദ്ദേശീയപരിശോധനയുടെ തത്ത്വം അംഗീകരിച്ചു എന്നുതന്നെവെയ്ക്കുക. എന്നാലും ആദ്യം ചില ഗവമ്മെൻറുകളും സംശയം ഉദിക്കുമ്പോൾ എല്ലാ ഗവമ്മെൻറുകളും തങ്ങളുടെ കീഴിലുള്ള ശാസ്ത്രകാരന്മാരുമായി രഹസ്യ

മായി ആലോചിച്ച മററാരും കണ്ടുപിടിക്കാത്തവിധത്തിൽ ഗുഹകളിലോ വനാന്തരങ്ങളിലോ, പർവ്വതപ്രാന്തങ്ങളിലോ ഒളിച്ചിരുന്നു ഗവേഷണങ്ങൾ നടത്താൻ തീരുമാനിക്കും. ശാസ്ത്രീയപരിശീലനം സിദ്ധിച്ച ആളുകൾ രാഷ്ട്രീയയജമാനന്മാരുടെ ഇത്ര അർത്ഥശൂന്യവും ദുരാചാരപരവും നീചവുമായ പ്രവൃത്തികളെ ഒരുപക്ഷേ, സഹായിക്കുകയില്ലെന്നു തോന്നുമായിരിക്കും. എന്നാൽ മനുഷ്യൻ വിദേശികളോടും, എന്തിനു സ്വന്തം ഭാര്യയോടും കുഞ്ഞുങ്ങളോടും വിവേകത്തോടെ പെരുമാറുന്നതു് പരീക്ഷണശാലകളിൽ വിവേകത്തോടെ പെരുമാറാൻ പഠിച്ചതുകൊണ്ടല്ല. അല്പം ചില വർഷങ്ങൾമുമ്പുവരെ ഏററവും നല്ല ശാസ്ത്രീയ-സാങ്കേതികവിദ്യാഭ്യാസം ജർമ്മനിയിലാണു കിട്ടിയിരുന്നതു്. എന്നാൽ, ആ വിദ്യാഭ്യാസം ലഭിച്ച ആളുകൾ നാസിയജമാനന്മാർക്കുവേണ്ടി പണിയെടുക്കുക മാത്രമല്ല ചെയ്തതു്; അവരുടെ സിദ്ധാന്തങ്ങളിൽ വിശ്വസിക്കുകയും, അവർ വളരെ കൗശലപൂർവ്വം ചൂഷണംചെയ്ത ദേശീയവികാരങ്ങളാൽ പ്രേരിതരാകുകയും കൂടി ചെയ്തു. ജർമ്മനിയുടെ കാര്യം ഒറ്റപ്പെട്ടതല്ല. സമുദായത്തിലെ മററു വർഗ്ഗങ്ങളിലെപ്പോലെതന്നെ, എല്ലാ രാജ്യങ്ങളിലെയും ശാസ്ത്രകാരന്മാരുടെയും സാങ്കേതികവിദഗ്ദ്ധരുടെയും ഇടയിൽ പൊതുവായ ദേശീയവികാരങ്ങളാണുള്ളതു്. ജർമ്മനിയിൽ ഉണ്ടായിരുന്നതുപോലെതന്നെയാണു് ഇതെങ്കിലും അല്പംകൂടി താഴ്ന്നനിലവാരത്തിലാണെന്നുമാത്രം. തങ്ങൾക്കു ലഭിച്ച സങ്കുചിതമായ പരിശീലനത്തിൻെറ ഫലമായി ശാസ്ത്രകാരന്മാരും സാങ്കേതികവിദഗ്ദ്ധരും ഏററവും അപകടകരവും അവിവേകപൂർണ്ണവുമായ പക്ഷപാതത്തിനു കഴിവുള്ളവരാകുന്നു. അല്ലാതെ വഞ്ചനനിറഞ്ഞ പ്രചരണത്തിൽനിന്നു് അവർ മുക്തിനേടിയവരൊന്നുമ

ല്ല. ശ്രേഷ്ഠമായ ആദ്ധ്യാത്മികസത്യത്തിൽ വിശ്വസിക്കു ന്നതു് അന്ധവിശ്വാസമാണെന്നു പറഞ്ഞു തള്ളുന്ന അതേ ആളുകൾ, തങ്ങൾ ജീവിക്കാൻ ഇടയായ ലോകത്തിലെ ആ അമ്പതിൽപ്പരമുള്ള രാജ്യങ്ങളിൽ ഒന്നിനെ സർവ്വശ ക്തനായ ദൈവമായി ആരാധിക്കുന്നതിൽ യാതൊരു പ്ര യാസവും കാണുന്നില്ല എന്നു തങ്ങളുടെ പ്രവൃത്തികളാൽ തെളിയിക്കുന്നു. പ്രാദേശികവിദേശകാഫീസുകളുടെ തെ റ്റുപറ്റായ്മയെയും, പ്രാദേശികരാഷ്ട്രീയയജമാനന്മാരുടെ അ ർദ്ധദൈവികത്വത്തെയും അംഗീകരിക്കുന്നതിലും അവർക്കു വിഷമം കാണുന്നില്ല. ഈവിധത്തിൽ നോക്കിയാൽ, അ ന്തർദ്ദേശീയപരിശോധകസംഘവും, ശാസ്ത്രീയവിജ്ഞാന സമാഹാരനടപടികളും പ്രതീക്ഷിക്കുന്നത്ര സൽഫലങ്ങൾ സംഭാവനചെയ്യുന്നതിൽ പരാജയപ്പെടുന്നുവെങ്കിൽ നാം അതിൽ അത്ഭുതപ്പെടേണ്ട ആവശ്യമില്ല.

(b) യുദ്ധസാദ്ധ്യതകളെ കുറയ്ക്കുകയും അങ്ങനെ മനു ഷ്യസ്വാതന്ത്ര്യത്തെ വിപുലമാക്കുകയും ചെയ്യണമെന്ന ഉ ദ്ദേശത്തോടെ ശാസ്ത്രകാരന്മാരും സാങ്കേതികവിദഗ്ദ്ധരും നടത്താവുന്ന ശാസ്ത്രീയപ്രവർത്തനങ്ങളെക്കുറിച്ചു നമുക്കു് അടുത്തതായി നോക്കാം. പ്രായോഗികശാസ്ത്രത്തിൻെറ മ ണ്ഡലങ്ങളിൽമാത്രമേ ഈദൃശപ്രവൃത്തികൾ നടത്താൻ ക ഴിയുകയുള്ളു. അടിസ്ഥാനഗവേഷണങ്ങൾ പ്രധാനമായും നിസ്വാർത്ഥമാണു്. ആളുകൾ ഇതു് ഏറ്റെടുക്കുന്നതിന്റെ കാരണം, ക്ലെർക്ക് മാക്സ്വെല്ലിന്റെ ഭാഷയിൽ പറഞ്ഞാൽ, അവർ 'കാര്യങ്ങളുടെ പോക്കു്' എന്താണെന്നു മനസ്സിലാ ക്കാൻ ശ്രമിക്കുന്നതുകൊണ്ടാണു്. അതായതു് പ്രകൃതി എങ്ങനെ പ്രവർത്തിക്കുമെന്നും, അതിൻെറ ഘടകങ്ങൾ എങ്ങനെ ഒരു കാര്യകാരണവ്യവസ്ഥയിൽ ബന്ധപ്പെട്ടി രിക്കുന്നുവെന്നും കണ്ടുപിടിക്കാൻ ശ്രമിക്കുന്നതാണിതു്.

ഈ നിസ്വാർത്ഥഗവേഷണത്തിൻെറ ഫലങ്ങളെ പിന്തുടൎന്നു വരുന്നതു് എന്താണെന്നു ഗവേഷകനു മുൻകൂട്ടി കാണാൻ കഴിയുകയില്ല. അയാൾ അവയ്ക്കു് ഉത്തരവാദിയുമല്ല. അങ്ങനെ, പ്രകാശം, കാന്തശക്തി മുതലായവയെപ്പറ്റിയുള്ള ക്ലെർക്ക്മാക്സ്‌വെല്ലിന്റെ ജിജ്ഞാസ അയാളെ ചില നിഗമനങ്ങളിലെത്തിച്ചു. അന്നുമുതൽ സാങ്കേതികവിദഗ്ധന്മാർ ചില ഉപകരണങ്ങളുണ്ടാക്കുന്നതിനു് ഈ നിഗമനങ്ങൾ ഉപയോഗപ്പെടുത്തുകയാണു്. അവയിൽ പ്രധാനമായതു ശോകനാടകങ്ങളുടെ പ്രചരണത്തിനും, സിഗററ്റ്പരസ്യങ്ങളിലും, ദുഷിച്ച സംഗീതങ്ങളിലും, ഗവണ്മെന്റോ മുതലാളികളോ നടത്തുന്ന പ്രചരണങ്ങളിലും ഉപയോഗിക്കുന്നതാണു്. റേഡിയോവിന്റെ ഈ ഉപയോഗങ്ങൾകണ്ടു് ക്ലെർക്ക് മാക്സ്‌വെൽ പോലും അമ്പരന്നിരിക്കണം. ഒരുപക്ഷേ, അദ്ദേഹം ഇക്കാൎയ്യത്തിൽ തികഞ്ഞ നിരപരാധിയായിരിക്കാം. അവഗണിക്കപ്പെട്ടു കിടക്കുന്ന രംഗങ്ങളിലെ വിജ്ഞാനവികസനത്തിനൊഴികെ മറ്റൊന്നിലും അടിസ്ഥാനഗവേഷണങ്ങൾ പദ്ധതിവെച്ചു ചെയ്യുക സാദ്ധ്യമല്ലെന്നു പ്രയോഗത്തിൽ തോന്നുമായിരിക്കാം. ഗവേഷണത്തിനുള്ള സൗകൎയ്യങ്ങൾ കൊടുക്കുകയാണെങ്കിൽ 'കാൎയ്യങ്ങളുടെ പോക്കു'' മനസ്സിലാക്കാനുള്ള അത്യാകാംക്ഷയോടെ മനുഷ്യർ അവയെ ഉപയോഗപ്പെടുത്താൻ മുന്നോട്ടുവരുമെന്നതു തീൎച്ചയാണു്. പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കുന്നതിനു നിസ്വാർത്ഥഗവേഷണങ്ങളുടെ നേട്ടങ്ങൾ പ്രയോജനപ്പെടുത്തുന്നിടത്തുനിന്നു വേണം, മുൻകൂട്ടി തീരുമാനിച്ച രാഷ്ട്രീയ-സാമൂഹ്യസാമ്പത്തിക ലക്ഷ്യങ്ങൾ നേടുന്നതിനുള്ള ശാസ്ത്രീയപ്രവൎത്തനങ്ങൾ പദ്ധതിക്കൊള്ളാൻ. ഒന്നു നമുക്കു തീൎത്തുപറയാം: വ്യക്തിപരമായും ഔദ്യോഗികസംഘടനകളിലൂടെയും,

ശാസ്ത്രജ്ഞന്മാക്കും സാങ്കേതികവിദഗ്ദ്ധക്കും മാനുഷികോന്നമനത്തിനുവേണ്ടിയുള്ള പദ്ധതികൾക്കു മാഗ്ഗദശ്നം നല്കാനും വളരെയെറെ പ്രവത്തിക്കാനും കഴിയും. അവരുടെ സഗ്ഗശക്തി അതിനായി ഉപയോഗിക്കപ്പെടണമെന്നുമാത്രം.

പ്രായോഗികശാസ്ത്രം മനുഷ്യനുവേണ്ടി ഉണ്ടാക്കിയതാണെന്നും, മനുഷ്യൻ പ്രായോഗികശാസ്ത്രത്തിനുവേണ്ടി ഉണ്ടായതല്ലെന്നും എല്ലാവരും താത്ത്വികമായി സമ്മതിച്ചിരിക്കുന്നു. എന്നാൽ പ്രയോഗത്തിൽ, മനുഷ്യവഗ്ഗത്തിന്റെ നല്ലൊരുവിഭാഗം പിന്നെയും പിന്നെയും പ്രായോഗികശാസ്ത്രത്തിനുവേണ്ടി ബലികഴിക്കപ്പെട്ടിട്ടുണ്ട്. പ്രയോഗിക്കപ്പെടുന്ന ശാസ്ത്രവും മാനുഷികതാൽപ്പര്യങ്ങളും തമ്മിലുള്ള സംഘട്ടനങ്ങളെക്കുറിച്ച് തോഴ്സ്റ്റീൻ വെബ്ലെൻ, തന്റെ 'ശാസ്ത്രം—ആധുനികലോകത്തിൽ'(സയൻസ് ഇൻ ദി മോഡേൺ വേൾഡ്) എന്ന ഗ്രന്ഥത്തിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. തത്ത്വജ്ഞാനപരവും ശാസ്ത്രീയവുമായ വീക്ഷണകോണങ്ങൾതമ്മിലുള്ള വ്യത്യാസങ്ങൾ ഈ പ്രപഞ്ചത്തിൽ വെബ്ലെൻ വേർതിരിച്ചുകാണിക്കുന്നു. തത്ത്വജ്ഞാനപരമായി തങ്ങൾക്കു നല്ലതെന്തെന്നു മനുഷ്യവഗ്ഗം നന്നായി മനസ്സിലാക്കിയിട്ടുണ്ട്. അതോടൊപ്പം, ജീവിതത്തെക്കുറിച്ചുള്ള തങ്ങളുടെ കണ്ടുപിടുത്തങ്ങൾ വ്യക്തവും സംഗ്രഹിതവുമായി പ്രകടിപ്പിക്കുന്നതിലേക്കു പഴമ്പുരാണങ്ങളും, യക്ഷിക്കഥകളും പഴഞ്ചൊല്ലുകളും, പൊതുതത്ത്വശാസ്ത്രങ്ങളും, സ്വഭാവമാതൃകകളും, സദാചാരസിദ്ധാന്തങ്ങളും കെട്ടിച്ചമച്ചു വളത്തിയെടുക്കുകയും ചെയ്തു. എന്നാൽ, ശാസ്ത്രത്തിൻെറ കണ്ടുപിടുത്തങ്ങൾ, വിശേഷിച്ചും കേന്ദ്രീകൃതസമ്പത്തിൻെറയും രാഷ്ട്രീയശക്തികളുടെയും ഉടമകളുടെ നന്മക്കായി

പ്രയോഗിക്കപ്പെടുന്ന ശാസ്ത്രത്തിന്റെ കണ്ടുപിടുത്തങ്ങൾ, മനുഷ്യരാശിയുടെ തത്ത്വജ്ഞാനമൂല്യങ്ങളുമായി സംഘട്ടനങ്ങൾ സൃഷ്ടിക്കുന്നവയാണു്. അസന്തോഷത്തിന്റെയും ഇച്ഛാഭംഗത്തിന്റെയും തിക്താനുഭവങ്ങളുടെയും ഹേതു ഈ സംഘട്ടനങ്ങളാകുന്നു. ശാസ്ത്രീയ (അല്ലെങ്കിൽ, പ്രായോഗികശാസ്ത്ര)മൂല്യങ്ങളും തത്ത്വജ്ഞാനപരമായ മാനുഷികമൂല്യങ്ങളും തമ്മിലുള്ള സംഘട്ടനത്തിന്റെ പ്രായോഗികപ്രാധാന്യത്തെപ്പററി 1945 ജൂലായ് 22-ാംതീയതിയിലെ 'നേച്ചർ' (Nature) എന്ന ബ്രിട്ടീഷ്ശാസ്ത്രീയവാരികയുടെ മുഖപ്രസംഗത്തിൽ ഊന്നിപ്പറഞ്ഞിട്ടുള്ളതുകൂടി നോക്കുന്നതു നന്നായിരിക്കും. ആ ലേഖകനെഴുതുകയാണു്: "ഉൽപ്പാദനത്തെ സംബന്ധിച്ച മാനുഷികപ്രശ്നങ്ങളോടുള്ള ശാസ്ത്രീയസമീപനവും, ഒത്തുതീർപ്പുകൾ പരിശീലിച്ചിട്ടുള്ള ഭരണാധികാരിയുടെ രാഷ്ട്രീയസമീപനവും തമ്മിലുള്ള അനിവാര്യമായ എതിർപ്പാണു് വ്യാവസായികനയം ശരിപ്പെടുത്തുന്നതിലുള്ള കേന്ദ്രവൈഷമ്യമായിരിക്കുന്നതു്. രാഷ്ട്രീയനടപടികളുടെ സത്തായ അഭിപ്രായതുലനവും വിവിധ വീക്ഷണകോണങ്ങളിൽ ഒത്തുതീർപ്പുണ്ടാക്കുന്നതും വ്യാവസായികമാനേജ്മെൻറിന്റെ പ്രശ്നങ്ങളോടുള്ള ശാസ്ത്രീയസമീപനത്തിനു കടകവിരുദ്ധമാണു്. സംസ്ഥാപിതസത്യങ്ങളുടെ ശാസ്ത്രീയതത്ത്വങ്ങളെ അധീനപ്പെടുത്തുകയോ, അംഗീകൃതയാഥാർത്ഥ്യങ്ങളെ അവഗണിക്കുകയോ അല്ല, പ്രത്യുത, ശാസ്ത്രീയവും മനഃശാസ്ത്രപരവുമായതോ, അല്ലെങ്കിൽ, രാഷ്ട്രീയവും ശാസ്ത്രീയവുമായതോ ആയ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്ന പരിഹാരമാർഗ്ഗങ്ങളിൽ, രാഷ്ട്രീയവും ശാസ്ത്രീയവുമായ സമീപനങ്ങളെ ബന്ധപ്പെടുത്തുകയോ സംയോജിപ്പിക്കുകയോ ആണു വേണ്ടതു്."

സാമ്പത്തികമോ രാഷ്ട്രീയമോ ആയ പ്രശ്നങ്ങളുടെ ഏതൊരു ചർച്ചയിലും 'ഉൽഗ്രഥനം' (Integration) എന്ന വാക്ക് എപ്പോഴും അപകടസൂചനയാണെന്നകാര്യം ശ്രദ്ധിച്ചുകൊണ്ടുവേണം നമുക്കു തുടരാൻ. എന്തെന്നാൽ, ഉൽഗ്രഥനപ്രവൃത്തികൾ ചെയ്യുന്നതു് ആ നടപടിക്കും ഉൽഗ്രഥനവിധേയമാകേണ്ട ആളുകൾക്കും മേലേയുള്ള ആരെങ്കിലുമായിരിക്കുമെന്നു കണക്കാക്കപ്പെടുന്നു. മററു വിധത്തിൽ പറഞ്ഞാൽ, 'ഉൽഗ്രഥന'ത്തിനു് ആളുകൾ മുറവിളികൂട്ടുമ്പോഴെല്ലാം, കേന്ദ്രീകൃതഭരണാധികാരം ഉപയോഗപ്പെടുത്താനും, സ്ഥാപനങ്ങളുണ്ടാക്കുന്ന പ്രവർത്തനങ്ങൾ വികസിപ്പിക്കാനുമുള്ള മുറവിളിയാണു് അവർ നടത്തുന്നതു്. എന്നാൽ അധികാരം എപ്പോഴും ദൂഷിപ്പിക്കുന്നതാണു്. അതുകൊണ്ടു് ഒരു മനുഷ്യനെയോ മനുഷ്യസംഘത്തെയോ അധികാരത്തിന്റെ കാര്യത്തിൽ കൂടുതൽ നാളോ വളരെയധികമോ വിശ്വസിക്കാൻ പാടില്ല. പിന്നെയും പ്രശ്നങ്ങളുണ്ടു്. മാനുഷികമൂല്യങ്ങളുമായി സംഘട്ടനങ്ങളുണ്ടാകാത്തവിധത്തിൽ ശാസ്ത്രത്തെ ഉൽപ്പാദനാവശ്യങ്ങൾക്കു് ഉപയോഗപ്പെടുത്തുകയും, ഈ സംഘട്ടനങ്ങളുണ്ടാക്കുന്നവരെയും സംഘട്ടനാത്മകവീക്ഷണഗതികളെയും സംയോജിപ്പിക്കാൻ ശക്തിയുള്ള ഭരണാധികാരം അതിൽ ഇടപെടണമെന്നു തുടർച്ചയായി ആവശ്യപ്പെടുകയും ചെയ്യുമ്പോൾ, മനുഷ്യത്വപരമായി പറഞ്ഞാൽ, നിസ്വാർത്ഥഗവേഷണഫലങ്ങളുടെ പ്രയോഗം മനുഷ്യനെ വഴിതെററിക്കുന്നതും അനിഷ്ടവുമായിത്തീരുമെന്നു കണക്കാക്കാം. ഇന്നുവരെ പ്രായോഗികശാസ്ത്രം പ്രധാനമായോ പ്രാഥമികമായോ മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ ഗുണത്തിനുവേണ്ടിയല്ല ഉപയോഗപ്പെടുത്തിയിട്ടുള്ളതു്. അല്പം കൂടി വ്യക്തമായി പറഞ്ഞാൽ, സദാചാരആത്മീയ

വികാസത്തിനുതകുന്ന സാമൂഹ്യവ്യവസ്ഥകളും മറ്റു സാഹചര്യങ്ങളും നല്ലിക്കഴിഞ്ഞാൽ ഒരു പരിപൂർണ്ണനവരൂപധാരണത്തിനുതന്നെ വിധേയനാകുന്ന മനുഷ്യൻ എന്ന വ്യക്തിയുടെ ഗുണത്തിനുവേണ്ടിയല്ല ഇതു് ഉപയോഗപ്പെട്ടുത്തിയിട്ടുള്ളതു്. അതിനുപകരം മനുഷ്യനെ പ്രായോഗികശാസ്ത്രത്തിനും, കൂടുതൽ കൂടുതൽ വിഷമം പിടിച്ച ആയുധസാമഗ്രികളുണ്ടാക്കുന്ന സാങ്കേതികവിദഗ്ദ്ധന്മാക്കും, അധികാരകേന്ദ്രീകരണത്തിനു സഹായിക്കുന്ന സാമ്പത്തിക-ഭരണ താൽപ്പര്യങ്ങൾക്കും ഉപയോഗപ്പെട്ടുത്തുകയാണു്. പ്രായോഗികശാസ്ത്രത്തെ മാനുഷികാവശ്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെട്ടുത്തണമെങ്കിൽ, മനുഷ്യൻെറ അടിസ്ഥാനാവശ്യങ്ങളെ സേവിക്കുമെന്നും, സമാധാനത്തിൻെറയും വ്യക്തിസ്വാതന്ത്ര്യത്തിൻെറയും നിദാനങ്ങളെ പരിപോഷിപ്പിക്കുമെന്നും, ശാസ്ത്രകാരന്മാരും സാങ്കേതികവിദഗ്ദ്ധരും മനസ്സാക്ഷിയോടുകൂടി തീരുമാനമെടുക്കുകയും അതനുസരിച്ചു തങ്ങളുടെ പ്രവൎത്തനങ്ങൾക്കു രൂപംകൊടുക്കുകയും ചെയ്യണം. അതാതുമണ്ഡലങ്ങളിൽ അനന്യമായ പരിശീലനം ലഭിച്ച ശാസ്ത്രകാരന്മാരുടെ ഒരു അന്താരാഷ്ട്രീയസംഘടനയ്ക്കൊഴികെ മറ്റൊന്നിനും ഇത്തരം ഒരു നയം നടപ്പിലാക്കുക സാദ്ധ്യമല്ല. അത്തരം ഒരു സംഘടനയിലൂടെ ഓരോരുത്തക്കും തങ്ങൾക്കു സംഭാവനചെയ്യാൻ കഴിയുന്ന ആ കഴിവുകളോ വിജ്ഞാനമോ ഉപയോഗിച്ചു മനുഷ്യരാശി മുഴുവൻ ഉൾക്കൊള്ളുന്ന 'വ്യക്തി'യുടെ സുഖവും സ്വാതന്ത്ര്യവും സമാധാനവും വർദ്ധിപ്പിക്കാൻ കഴിയും. വിദഗ്ദ്ധന്മാരുടെ സിദ്ധാന്തമാത്രരൂപമായ ഈ സംഘടനയുടെ നേട്ടങ്ങളെക്കുറിച്ചു ഞാൻ ഇപ്പോൾത്തന്നെ എന്തെങ്കിലും മുൻകൂട്ടി പ്രസ്താവിക്കുന്നതു വിഡ്ഢിത്തമായിരിക്കും. എന്നാൽ അധികം അനു

മാനങ്ങൾക്കൂടാതെ, അവരുടെ ചർച്ചകൾ പോകേണ്ട വഴികളെക്കുറിച്ചു ചിലതെല്ലാം കുറിക്കാൻ കഴിയും.

മനുഷ്യവംശത്തിൻെറ പ്രഥമവും പ്രധാനവുമായ ആവശ്യം വയറുനിറയെ ഭക്ഷണമാണു്; എന്നാൽ ഇക്കാലത്തു പ്രധാനമായും അധികാരപരിഗണനകളാലാണു് ദേശീയഗവണ്മെൻറുകളുടെ നയങ്ങൾ രൂപീകരിക്കപ്പെടുന്നതു്. ലോകത്തിലെ ഭരിക്കുന്ന ന്യൂനപക്ഷങ്ങൾ വേണ്ടത്രയും, വേണ്ടതിലധികവും ഭക്ഷണസാധനങ്ങൾ സംഭരിച്ചുകഴിഞ്ഞിട്ടുണ്ടെന്നു കാണാം. അതുകൊണ്ടു് ആഹാരം വേണ്ടത്രയുണ്ടെന്ന നിഗമനത്തിലെത്തിയിട്ട് ഇത്തരം ചോദ്യങ്ങൾ ചോദിക്കുവാൻ ആരംഭിക്കും: "ആരു് ആരുടെമേൽ ഉരുണ്ടുകയറണം?" പക്ഷേ, ഈ ഭൂമുഖത്തെ ഭൂരിപക്ഷം ജനങ്ങളും ആഹാരകാര്യം അങ്ങനെ വെറുതെ തള്ളിക്കളയാൻ കഴിവുള്ളവരല്ല. അവരുടെ പ്രഥമവും ഒരുപക്ഷേ മുഴുവനുമായ പ്രശ്നം അടുത്ത ആഹാരമാണു്. ആരു് ആരെ ആക്രമിക്കണം എന്ന പ്രശ്നത്തിൽ അവക്കു സിദ്ധാന്തപരമായ താൽപര്യമേയുള്ളു. തങ്ങളുടെ കാര്യം നോക്കി സമാധാനമായി ജീവിക്കാൻ അനുവദിച്ചാൽ അവക്കു കുറെയൊക്കെ തൃപ്തിയാകും. എന്നാൽ, ഇന്നത്തെനിലയിൽ ഏതെങ്കിലും വിശുദ്ധ രാഷ്ട്രീയസിദ്ധാന്തത്തിൻെറയും, ദൈവികരാഷ്ട്രത്തിൻെറയും, സർവ്വജ്ഞമായ പാർട്ടിയുടെയും, പരിശുദ്ധതത്വങ്ങളുടെയുംപേരിൽ തങ്ങളുടെമേൽ യാതനകളും വേദനകളും അടിച്ചേല്പിക്കാൻ കഴിവുള്ള ഒരു ന്യൂനപക്ഷഭരണകൂടം എല്ലായ്പ്പോഴും ഉണ്ടാകുമെന്നു തിക്താനുഭവങ്ങൾമൂലം അവക്കറിയാം. തന്മൂലം, സമുദായത്തിൻെറ ഉന്നതതലങ്ങളിൽ മൃഷ്ടാന്നഭോജനവും കഴിച്ചു ജീവിക്കുന്ന അധികാരമോഹികളുടെ പ്രധാന

കാര്യങ്ങളായ ദേശീയവും അന്തർദ്ദേശീയവുമായ നയങ്ങളിൽ അവക്കു തെല്ലും താൽപര്യമില്ല.

സാൻഫ്രാൻസിസ്കോസമ്മേളനത്തിൽ ചർച്ചചെയ്യപ്പെട്ട ഏകപ്രശ്നം അധികാരത്തിൻേറതുമാത്രമായിരുന്നു. മനുഷ്യരാശിക്കു മൗലികപ്രാധാന്യമുള്ള ഭക്ഷ്യപ്രശ്നം അറിയപ്പെടാത്ത ഒരു അന്താരാഷ്ട്രീയ കാർഷികകമ്മററിക്കു തള്ളിവിടുകയാണു ചെയ്തതു്. അതുകൊണ്ടു്, ഇനിയും ഒരു യഥാർത്ഥ അന്താരാഷ്ട്രീയഉടമ്പടി ഉണ്ടാകുകയോ സംരക്ഷിക്കപ്പെടുകയോ ചെയ്യണമെങ്കിൽ, അതു ഭൂരിപക്ഷം മനുഷ്യർക്കും വളരെ താൽപര്യമുള്ളതും, അവരുടെ പ്രശ്നങ്ങളെ മാനിക്കുന്നതും, യുദ്ധത്തെയോ യുദ്ധഭീഷണിയെയോ നിർമ്മാർജ്ജനംചെയ്യുന്നതുമായ ഒരു ഉടമ്പടിയാകണമെന്നതു വളരെ വ്യക്തമാണു്. അധികാരത്തിൻെറ പ്രശ്നങ്ങൾ പ്രധാനമായും ഭരിക്കുന്ന ന്യൂനപക്ഷത്തെ സംബന്ധിച്ചുള്ളതാകുന്നു. അതുകൊണ്ടു്, സംഘടിതശാസ്ത്രീയാക്രമണത്താലോ യുദ്ധത്താലോ ഒഴികെ, ഒരു വികസിക്കുന്ന വ്യവസ്ഥിതി മറെറാരു വികസിക്കുന്ന വ്യവസ്ഥിതിയോടു കൂട്ടിമുട്ടുമ്പോൾ, അധികാരത്തിൻെറ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ യാതൊരു പുരോഗതിയും ഉണ്ടാകുകയില്ല. എന്നാൽ ആധുനികരീതിയിലുള്ള യുദ്ധം മാനവസംസ്കാരത്തെ നശിപ്പിക്കുന്നതും മനുഷ്യവർഗ്ഗത്തിൻെറ നല്ലൊരു ശതമാനത്തെ കഷ്ടപ്പാടുകളുടെയും, സാവധാനമരണത്തിൻെറയും, ധാർമ്മികാധഃപതനത്തിൻെറയും, ഉന്മത്തമായ പൈശാചികത്വത്തിൻെറയും അഗാധതലങ്ങളിലേക്കു തള്ളിയിടുന്നതുമാണു്. സമാധാനസംസ്ഥാപനത്തിനുള്ള തങ്ങളുടെ ആകാംക്ഷയെപ്പററി ഉച്ചൈസ്തരം ഗിരിപ്രഭാഷണങ്ങൾ നടത്തുന്ന രാഷ്ട്രീയപ്രവർത്തകർ ആത്മാർത്ഥതയുള്ളവരാണെങ്കിൽ, അന്തർദ്ദേശീയസമ്മേളനങ്ങളിലും

നയതന്ത്രചർച്ചകളിലും മനുഷ്യവർഗ്ഗത്തെ തുറിച്ചുനോക്കുന്ന ആ പ്രശ്നം പരിഹരിക്കാൻ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു. ആ പ്രശ്നപരിഹാരത്തിനു സൈനികശക്തിയുടെ ആവശ്യമില്ല. എന്നാൽ ലോകംമുഴവൻ ഇനിയും ആ പഴയ പട്ടാളശക്തികളുടെ വിളയാട്ടം തുടരുകയാണെങ്കിൽ അതു പരിഹരിക്കാൻ പ്രയാസമാണ്. അതുകൊണ്ടു വിവിധ ദേശീയപ്രതിനിധികളുടെ എല്ലാ സമ്മേളനങ്ങളിലും ആദ്യത്തെ കാര്യപരിപാടി ഇതായിരിക്കണം: ആബാലവൃദ്ധം ജനങ്ങൾക്കും വേണ്ടത്ര ആഹാരം എങ്ങനെ ലഭിക്കും?

മാൽത്തുസിനു തെറ്റുപറ്റിയെന്നു പറയുന്നതു് ഇക്കാലത്തു് ഒരു 'ഫാഷനാ'യിട്ടുണ്ടു്. എന്തെന്നാൽ, പരിഷ്കൃതഗതാഗതസൗകര്യങ്ങൾമൂലം ഒരു സ്ഥലത്തു് ഉൽപ്പാദിപ്പിക്കപ്പെടുന്ന അധികഭക്ഷണസാധനങ്ങൾ വളരെ വേഗത്തിലും കുറഞ്ഞ ചെലവിലും ഭക്ഷണക്കമ്മിയുള്ള സ്ഥലത്തേക്കു് അയയ്ക്കാൻകഴിയുമെന്ന കാര്യം അദ്ദേഹം മുൻകൂട്ടി കണ്ടില്ലത്രേ! എന്നാൽ, അധീശശക്തികൾ യുദ്ധത്തിനു തുനിയുമ്പോൾ ആധുനികഗതാഗതപ്രവർത്തനങ്ങൾ സ്തംഭിക്കുമെന്നതു നാം ആദ്യംതന്നെ ശ്രദ്ധിക്കണം. ഇനി, യുദ്ധം അവസാനിച്ചുകഴിഞ്ഞാലും ലക്ഷക്കണക്കിനാളുകൾക്കു കുറേക്കാലത്തേക്കുകൂടി പട്ടിണി വാഗ്ദത്തം ചെയ്യാൻ മേൽപ്പറഞ്ഞവർ മതി. രണ്ടാമതായി, ഇന്നത്തെ നിലയിൽ പ്രാദേശികഭക്ഷ്യോൽപ്പാദനത്തെ ജനസംഖ്യ അതിലംഘിച്ചിട്ടുള്ള ഓരോററ രാജ്യത്തിനും രൊക്കം പണമോ കയററുമതിസാധനങ്ങളോ കൊടുക്കാതെ ഭക്ഷ്യസാധനങ്ങൾ അധികമുള്ള രാജ്യത്തിൽനിന്നു് ആവശ്യപ്പെടാനും നിവൃത്തിയില്ല. ഗ്രേററ്ബ്രിട്ടനും മററു പശ്ചിമയൂറോപ്യൻരാജ്യങ്ങളും തിങ്ങിയ ജനപ്പെരുപ്പത്തെ

തീററിപ്പോററുന്നതിനു സമാധാനകാലങ്ങളിൽ ഇറക്കുമതി ചെയ്ത ഭക്ഷ്യസാധനങ്ങൾക്കു പകരം മററു് ഉൽപ്പന്നങ്ങൾ കയററുമതിചെയ്യാൻ കഴിവുള്ളവയായിരുന്നു. എന്നാൽ, അതേസമയം മാൽത്തൂസിൻെറ ദുഃസ്വപ്നം സാക്ഷാൽക്കരിക്കപ്പെട്ടിട്ടുള്ള, വ്യാവസായികമായി പിന്നണിയിൽ നില്ക്കുന്ന ഇന്ത്യയും ചൈനയും ജനസംഖ്യകുറഞ്ഞ രാജ്യങ്ങളിൽനിന്നു തങ്ങൾക്കു് ആവശ്യമുള്ള ഭക്ഷ്യസാധനങ്ങൾ വാങ്ങുവാൻ വേണ്ടത്ര വ്യാവസായികോൽപ്പന്നങ്ങൾ നിർമ്മിക്കുന്നില്ല. ഒരുപക്ഷേ, അമിതമായി പെരുകുന്ന ജനങ്ങൾക്കു് ആവശ്യമായ ആഹാരം കൊടുക്കുന്നതിനു മതിയായ വിലയ്ക്കുള്ള ഉൽപ്പന്നങ്ങൾ കയററുമതിചെയ്യത്തക്കവിധം അവിടത്തെ വ്യവസായങ്ങൾ വികസിക്കുകയാണെങ്കിൽ ലോകവ്യാപാരത്തിലും അന്തർദ്ദേശീയ രാഷ്ട്രീയങ്ങളിലും അതിൻെറ ഫലം എന്തായിരിക്കും? ജപ്പാൻ ജനപ്പെരുപ്പംമൂലം തിങ്ങിയ ആ ദ്വീപിൽ ഉണ്ടാക്കുവാൻ കഴിയാത്ത ഭക്ഷണസാധനങ്ങൾ വാങ്ങുന്നതിനു് ഉൽപ്പന്നങ്ങൾ കയററുമതിചെയ്യേണ്ടിവന്നു. ജീവിതനിലവാരംകുറഞ്ഞ തൊഴിലാളികൾ നിർമ്മിക്കുന്ന ചരക്കുകൾ ജീവിതനിലവാരംകൂടിയ പാശ്ചാത്യതൊഴിലാളികൾ നിർമ്മിക്കുന്ന ചരക്കുമായി മത്സരമാകുകയും അവരുടെ ഉൽപ്പന്നങ്ങളെക്കാൾ താഴ്ന്നവിലയ്ക്കു വിററുപോകുകയും ചെയ്തു. അതിനു പാശ്ചാത്യശക്തികളുടെ പ്രതിക്രിയ രാഷ്ട്രീയപരമായിരുന്നു. അതിൽ വലിയ താരിപ്പുകളും, ഓഹരികളും, വ്യാപാരതടസ്സങ്ങളും അടിച്ചേല്പിക്കുന്നതുകൂടി ഉൾപ്പെട്ടിരുന്നു. ഈ വ്യാപാരനിയന്ത്രണങ്ങൾക്കു ചൈനയെയും പാശ്ചാത്യസാമ്രാജ്യത്വശക്തികളെയും ഉടച്ചുകൊണ്ടു് ഒരു വിശാല ഏഷ്യാററിക്സാമ്രാജ്യം സൃഷ്ടിക്കുകയെന്ന പദ്ധതിയായിരുന്നു ജപ്പാൻെറ ഉത്തരം.

അതിൻെറ ഫലം യുദ്ധമായിരുന്നു. യുദ്ധത്തിനുമുമ്പുള്ള ജപ്പാനെപ്പോലെ ഇന്ത്യയും ചൈനയും വ്യാവസായികമായി വളരെയധികം വികസിച്ചിരിക്കുകയും ചുരുങ്ങിയ ചെലവിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന തങ്ങളുടെ ചരക്കുകളെ ഭക്ഷണസാധനങ്ങൾക്കായി, താരതമ്യേന ഉയന്ന ജീവിതനിലവാരമുള്ള പാശ്ചാത്യശക്തികളുമായി മത്സരിച്ചു പകരം കൊടുക്കുവാൻ ശ്രമിക്കുകയും ചെയ്താൽ എന്തു സംഭവിക്കും? ആക്കും ആ ഭാവി പ്രവചിക്കുക സാധ്യമല്ല. എന്നാൽ, ഏററവും പുതിയ യുദ്ധാനന്തരയന്ത്രസാമഗ്രികളുപയോഗിച്ചുള്ള ഏഷ്യയുടെ അതിശീഘ്രമായ വ്യാവസായികപുരോഗതി അത്യധികം അപകടകരങ്ങളായ ഫലങ്ങൾ ഉൾക്കൊള്ളുന്നുണ്ടെന്നുള്ളതു സംശയാതീതമാണു്.

ഇങ്ങനെയുള്ളൊരു പരിതഃസ്ഥിതിയിൽ, അന്താരാഷ്ട്രീയമായി സംഘടിതരായ ശാസ്ത്രകാരന്മാരും സാങ്കേതികവിദഗ്ദ്ധരും സമാധാനാവശ്യങ്ങൾക്കായി ലോകവ്യാപകമായ പ്രവത്തനം നടത്തുകയും മഹത്തായ സംഭാവനകൾ നല്കുകയും ചെയ്യേണ്ടതാണു്. ഭക്ഷ്യസാധനങ്ങളുടെ വിപുലമായ ഉൽപ്പാദനത്തിനു മാത്രമല്ല, ഭക്ഷ്യോൽപ്പാദനത്തിൽ പ്രാദേശികസ്വയംപര്യാപ്തത നേടുകയുംകൂടിയായിരിക്കണം ഇതിൻെറ ലക്ഷ്യം. ഇന്നു് ഏതാണ്ടു തരിശായി കിടക്കുന്ന വിശാലമായ ഉപആർട്ടിക്മേഖലകൾ വേണ്ടവിധത്തിൽ ഉപയോഗിക്കപ്പെടുന്നതോടെ ഭക്ഷ്യോൽപ്പാദനം എളുപ്പം വികസിപ്പിക്കാമെന്നതു തീച്ചയാണു്. സോവിയറ്റ്യൂണിയനിലെ കാഷികശാസ്ത്രജ്ഞന്മാർ അടുത്തകാലത്തു് ഈ മാഗ്ഗത്തിൽ അതിവിപുലമായ പുരോഗതി നേടുകയുണ്ടായി. തദനുസരണമായി സൈബീരിയയിൽ ചെയ്യാൻകഴിഞ്ഞതു് ഉത്തരകന്യാനഡയിലും

ചെയ്യാവുന്നതാണ്. അതിശക്തമായ 'ഐസ് ബ്രേക്കറുകൾ' കടലിലും നദിയിലുംകൂടിയുള്ള ഗതാഗതത്തിന്റെ പ്രശ്നം പരിഹരിച്ചുകഴിഞ്ഞു. ഒരുപക്ഷേ, ആസന്നഭാവിയിൽത്തന്നെ, മഞ്ഞുകട്ടിക്കടിയിലൂടെ സഞ്ചരിക്കുന്നതിന്ന് പ്രത്യേകയന്ത്രസാമഗ്രികൾ ഘടിപ്പിച്ച അന്തർവാഹിനികൾ വാണിജ്യാവശ്യങ്ങൾക്ക് ആർട്ടിക് തുറമുഖങ്ങളും ലോകത്തിന്റെ മററു ഭാഗങ്ങളുമായി തുടച്ചയായ ഗതാഗതം നടത്തിയെന്നുംവരാം. ലോകത്തിലെ ഭക്ഷ്യക്കമ്മിയിലുള്ള ഏതു വികസനവും സ്വാഗതാർഹമാണ്. എന്നാൽ നമ്മുടെ ഈ ഹർഷാരവങ്ങൾ രണ്ടു പരിഗണനകളാൽ പാകംവരുത്തേണ്ടിയിരിക്കുന്നു. ആദ്യത്തേതു്, ഇനിയും സങ്കല്പത്തിൽമാത്രം സ്ഥിതിചെയ്യുന്ന സൈബീരിയയിലെയും ക്യാനഡയിലെയും ആർട്ടിക്പത്തായങ്ങളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മിച്ചഭക്ഷണസാധനങ്ങൾ കപ്പലുകളും വിമാനങ്ങളും തീവണ്ടികളുംവഴി ജനപ്പെരുപ്പമുള്ള മററു രാജ്യങ്ങളിലേക്കു കടത്തണമെന്നതാണ്. അതിന്റെ അത്ഥം യുദ്ധകാലങ്ങളിൽ ഇവയുടെ വിതരണം സാധ്യമല്ലെന്നതുതന്നെ. രണ്ടാമത്തേതു്, ഭക്ഷ്യപദാത്ഥങ്ങളുടെ ഈ ഉൽപ്പാദനംനടക്കുന്ന ആർട്ടിക്പ്രദേശങ്ങളുടെ ഉടമാവകാശം ഒരുതരം സ്വാഭാവികകുത്തക (Natural monopoly) ഉൾക്കൊള്ളുന്നതാണ് എന്നതത്രേ. ഈ സ്വാഭാവികകുത്തക, മുൻകാലങ്ങളിലെപ്പോലെതന്നെ, രാഷ്ട്രീയമായി ദുർബ്ബലമായ അർജൻടീന, ആസ്ത്രേലിയ മുതലായ രാജ്യങ്ങളുടെ കരങ്ങളിലായിരിക്കുകയില്ല. പ്രത്യുത, ഇവ നിയന്ത്രിക്കുന്നതു യുദ്ധാനന്തരകാലഘട്ടത്തിൽ വളന്നുവന്ന രണ്ടു ശാക്തികച്ചേരികൾ—റഷ്യൻശക്തിയും ആംഗ്ലോ-അമേരിക്കൻശക്തിയും—ആയിരിക്കും. രാഷ്ട്രീയക്കളികളിൽ ഈ മിച്ചഭക്ഷ്യസാധ

നങ്ങളിലുള്ള കുത്തക ആയുധങ്ങളാക്കി ഉപയോഗപ്പെട്ടു ത്തുമെന്നതിനു കൂടുതൽ സാധ്യതകളുണ്ട്. വീണ്ടും പ്രാത്ഥിക്കട്ടെ: "ഞങ്ങളെ പ്രലോഭനത്തിലേക്കു നയിക്കാതിരിക്കണേ!" ഏതായാലും ആർട്ടിക് പ്രദേശങ്ങൾ ഇങ്ങനെ ഉപയോഗിക്കപ്പെടുന്നതു തീച്ചയായും വളരെ നല്ലതു തന്നെ. എന്നാൽ അതോടെ രാഷ്ട്രീയശക്തികൾക്കു വലിയ പ്രലോഭനവും ഉണ്ടാകും. ഈ സ്വാഭാവികകുത്തകയെ ചൂഷണംചെയ്യുകയും, അങ്ങനെ ജനസംഖ്യ ഭക്ഷ്യോൽപ്പാദനത്തെ കവച്ചുവെച്ചിട്ടുള്ള സ്വതന്ത്രരാജ്യങ്ങളെ ആദ്യം വശീകരിക്കുകയും പിന്നീടു നിയന്ത്രിക്കുകയും ചെയ്യുവാനുള്ള ഒരു പ്രലോഭനമാണിതു്.

അതുകൊണ്ടു്, ലോകസമാധാനത്തെയും, രാഷ്ട്രീയവും വ്യക്തിപരവുമായ സ്വാതന്ത്ര്യങ്ങളെയും കാത്തുസൂക്ഷിക്കണമെന്ന ലക്ഷ്യത്തോടെയുള്ള ഏതൊരു ശാസ്ത്രീയ-സാങ്കേതികപ്രവത്തനവും വിജയിക്കണമെങ്കിൽ, സ്വയം പര്യാപ്തതയുളവാക്കുന്നവിധത്തിൽ വിവിധപ്രാദേശിക ഭക്ഷ്യോൽപ്പാദനം വദ്ധിപ്പിക്കുകയും അങ്ങനെ ആഗോള ഭക്ഷ്യോൽപ്പാദനം വികസിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. എന്നാൽ, ഇന്നത്തെനിലയിൽ രൂപീകരിച്ചിട്ടുള്ള ഒരു രാഷ്ട്രം മറെറാരു രാഷ്ട്രത്തോടു വിപുലമായ വാണിജ്യവിനിമയം നടത്തുന്നതിനു തികച്ചും അപര്യാപ്തമാണെന്നു് ആധുനികചരിത്രം വളരെ വ്യക്തമാക്കിക്കഴിഞ്ഞു. അന്താരാഷ്ട്രീയവ്യാപാരം യുദ്ധത്തോടും, സാമ്രാജ്യതത്തോടും, വ്യാവസായികമായി വളന്ന ശക്തികൾ വ്യാവസായികമായി പിന്നോക്കമായ ജനങ്ങളെ നിഷ്ഠുരമായി ചൂഷണംചെയ്യുന്നതിനോടും എല്ലായ്പ്പോഴും ഒത്തുചേന്നാണു പോയിട്ടുള്ളതു്. അതുകൊണ്ടു്, ദേശീയവികാരങ്ങളുടെ

തീവ്രത കുറയുന്നതുവരെ അന്താരാഷ്ട്രീയവ്യാപാരം ഏററവും കുറയ്ക്കുന്നതു് ഒരുതരത്തിലുള്ള ലോകഗവണ്മെൻറുണ്ടാകുന്നതിന്ന വഴിതെളിക്കും. ഈ നിലയ്ക്കുള്ള ആദ്യത്തെ കാൽവെയ്പു് എന്നനിലയിൽ ഏറ്റവും ജനസാന്ദ്രതകൂടിയ രാജ്യത്തിലെ നിവാസികൾക്കുപോലും ആവശ്യമായത്ര ആഹാരംനല്കാൻ കഴിവുണ്ടാകുന്നവിധത്തിൽ ശാസ്ത്രീയ-സാങ്കേതികപ്രവർത്തനങ്ങൾ ചിട്ടപ്പെട്ടത്തേണ്ടിയിരിക്കുന്നു. നിലവിലുള്ള ആഹാരസസ്യങ്ങളും വീട്ടുമൃഗങ്ങളും കൂടുതൽ മെച്ചപ്പെട്ടുത്തുക, മററുസ്ഥലങ്ങളിൽ വിജയകരമെന്നു തെളിഞ്ഞ സസ്യങ്ങൾ പുതിയ സ്ഥലങ്ങളിൽ വളർത്തുക, കീടനിയന്ത്രണവും ശീതകാരികളുടെ വിപുലമായ ഉപയോഗവുംമൂലം ഇന്നു് അനുഭവപ്പെട്ടുന്ന അമിതമായ ഭക്ഷ്യസാധനദുരുപയോഗം കുറയ്ക്കുക, സമുദ്രങ്ങളും മററു ജലാശയങ്ങളും ഭക്ഷ്യസാധനങ്ങൾക്കായി കൂടുതൽ ചൂഷണവിധേയമാക്കുക, ഭോജ്യമായ 'യീസ്റ്റ്'പോലെയുള്ള പുതിയ ആഹാരസാധനങ്ങളുണ്ടാക്കുക, അത്തരം 'ഭോജ്യയീസ്റ്റു'കൾക്കു് ആഹാരമായ അന്നജങ്ങൾ ഉത്ഗ്രഥിക്കുക, ഭക്ഷണോൽപ്പാദനത്തിൽ സൂര്യശക്തി നേരിട്ടു് ഉപയോഗിക്കത്തക്കവിധം ഹരിതകം ഉത്ഗ്രഥിക്കുക—ഇതെല്ലാം ചുരുങ്ങിയകാലത്തിനുള്ളിൽ സുപ്രധാനപുരോഗതി നേടാവുന്ന ചില കാര്യങ്ങളാണു്.

ആഹാരകാര്യത്തിലുള്ള പ്രാദേശികസ്വയംപര്യാപ്തതയെക്കാൾ ഒട്ടും പ്രാധാന്യംകുറഞ്ഞതല്ല വ്യവസായത്തിലും ഗതാഗതപ്രവർത്തനങ്ങളിലുമുള്ള സ്വയംപര്യാപ്തത. ആധുനികയുദ്ധങ്ങളുടെ അതിപ്രധാനകാരണങ്ങളിലൊന്നു പെട്രോളിയക്കുത്തകയ്ക്കുവേണ്ടിയുള്ള അന്താരാഷ്ട്രീയമത്സരമാണു്. കാരണം, ലോകത്തിലെ പെട്രോളിയത്തിൻെറ നല്ലൊരുശതമാനം വളരെ ചുരുങ്ങിയ സ്ഥലത്തുമാ

ത്രമായിരിക്കുന്നു. പേഷ്യയിലെയും മെസോപൊട്ടാമിയ യിലെയും അറേബ്യയിലെയും എണ്ണയ്ക്കുവേണ്ടി നിലവിലു ള്ള വൻശക്തികൾ ഇന്നു മദ്ധ്യപൗരസ്ത്യദേശത്തു കടി പിടികൂട്ടുന്നതു് ഭാവിയെപ്പററിയുള്ള ഒരു വലിയ ദൃശ്യകുന മാണു്. ഓരോ രാഷ്ട്രത്തിലുമുള്ള പ്രകൃതിവിഭവങ്ങൾ എ ന്തുതന്നെയായാലും അവക്കു് ആവശ്യമുള്ളത്ര ശക്തിപ ര്യാപ്തത ഉണ്ടാകത്തക്കവിധത്തിൽ സംഘടിതശാസ്ത്രം മാ ർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതു് ഈ ആയുധസംഘട്ടനങ്ങളു ടെ പ്രലോഭനം കുറയ്ക്കാൻ പര്യാപ്തമാകും. ജലശക്തി ഇ പ്പോൾത്തന്നെ വളരെയേറെ ചൂഷണവിധേയമായിക്കഴി ഞ്ഞു. ഭൂമിയുടെ നല്ലൊരുഭാഗത്തു പർവ്വതങ്ങളൊന്നും ഇ ല്ലാത്തതിനാൽ അവിടെയൊന്നും ജലവൈദ്യുതശക്തി നിർമ്മാണത്തിനുള്ള സാധ്യതകൾ ഇല്ല. എന്നാൽ വെള്ളം അധികം ഒഴുകാത്ത ഇത്തരം സമതലങ്ങളിൽ കാററു വള രെ ശക്തിയിൽ വീശുന്നുണ്ടായിരിക്കും. അവിടെ ചെറു വായുചാലിതയന്ത്രങ്ങൾ (wind mills) നൂററാണ്ടുകളായി തിരിയുന്നുണ്ടാകാം. എങ്കിലും വൻതോതിലുള്ള വായുച ക്രങ്ങൾ ഇനിയും പരീക്ഷണഘട്ടത്തിൽമാത്രമാണു്. അ ടുത്തകാലംവരെ അനുയോജ്യമായ പ്രതിബിംബിനികൾ നിർമ്മിക്കുന്നതിലുള്ള സാങ്കേതികവൈഷമ്യങ്ങൾമൂലം സൂ ര്യശക്തി നേരിട്ടു് ഉപയോഗിക്കുക അപ്രായോഗികമായി രുന്നു. എന്നാൽ അടുത്തകാലത്തു വളരെ വിലകുറഞ്ഞതും ലഘുവുമായ മാർഗ്ഗങ്ങളിലൂടെ വിപുലവും ഇരുമ്പുപോലും ഉരുക്കുന്നതിനു് ഉപയുക്തവുമായ ഇത്തരം കണ്ണാടികൾ നിർമ്മിക്കുവാനുള്ള രീതികൾ കണ്ടുപിടിച്ചിട്ടുണ്ടെന്നു റഷ്യൻ എൻജിനീയറന്മാർ പ്രഖ്യാപിക്കുകയുണ്ടായി. ഉൽപ്പാദനത്തെയും ജനസംഖ്യയെയും വികേന്ദ്രീകരിക്കുന്ന

തിലും, വിലകുറഞ്ഞതും ഒട്ടുങ്ങാത്തതുമായ ഈ ശക്തി വ്യക്തികളായ ചെറുകിടക്കാരുടെയും സ്വയം ഭരിക്കുന്ന സഹകരണസംഘങ്ങളുടെയും ഗുണത്തിനുവേണ്ടി ഉപയോഗപ്പെടുത്തുന്നതുമൂലം ഒരു നൂതന കാർഷികസമുദായം സൃഷ്ടിക്കുന്നതിലും മഹത്തായ സംഭാവനകൾ നല്കാൻ ഈ കണ്ടുപിടുത്തം വിനിയോഗിക്കാവുന്നതാണ്. ഇന്ത്യ, ആഫ്രിക്ക മുതലായ ഉഷ്ണരാജ്യങ്ങളിലെ ജനങ്ങൾക്കു സൂര്യശക്തി ഇങ്ങനെ നേരിട്ട് ഉപയോഗപ്പെടുത്തുന്നതു പല വിധത്തിൽ ഗുണകരമാകുന്നു. പക്ഷേ, ഒരുകാര്യം. വ്യക്തികളുടെയും ഗ്രാമീണസംഘങ്ങളുടെയും ചെറുകിട ആവശ്യങ്ങൾക്ക് ഇതു് ഉപയോഗപ്പെടുത്തുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനുപകരം, സാമ്പത്തിക-രാഷ്ട്രീയശക്തികളുടെ കൈക്കുത്തകക്കാർ വിപുലമായ കണ്ണാടികൾ നിർമ്മിച്ച് അവയ്ക്കുചുററും വൻകിട ഉൽപ്പാദനവ്യവസായങ്ങൾ സ്ഥാപിക്കാതിരിക്കുന്ന കാലംവരെ മാത്രമേ ഇവയെല്ലാം ഗുണപ്രദമാകുകയുള്ളു. എന്നാൽ, സൗരശക്തിയുടെ സാങ്കേതികവിദഗ്ദ്ധന്മാരെ ഒരു പ്രശ്നം അഭിമുഖീകരിക്കും. ഒന്നുകിൽ അവർക്ക് ഉഷ്ണമേഖലയിലെ വ്യാവസായികമായി പിന്നണിയിലായ ജനതയുടെ പരിപൂർണ്ണ അടിമത്തത്തിനുവേണ്ടി പണിയെടുക്കാം; അല്ലെങ്കിൽ രാഷ്ട്രീയ-സാമ്പത്തിക യജമാനന്മാരിലും ദാരിദ്ര്യത്തിൻെറയും ദാസ്യത്തിൻെറയും ശാപങ്ങളിലുംനിന്നു് അവരെ മോചിപ്പിക്കാൻവേണ്ടി പ്രവർത്തിക്കാം.

'ശക്തി' (Power)യുടെ സാദ്ധ്യതകൾ സമാഹരിക്കുകയെന്നതു ശക്തിയുൽപ്പാദനംപോലെതന്നെ പ്രാധാന്യമുള്ളതാണ്. പ്രായോഗികശാസ്ത്രത്തിൻെറ മുമ്പിലുള്ള ഏററവും അടിയന്തിരമായ പ്രവൃത്തിയിലൊന്നു് പെട്രോളിയത്തിനുപകരം വഹനീയമായതരത്തിലുള്ള ഏതെങ്കിലും

ഊർജ്ജനിർമ്മാണോപാധി ഉണ്ടാക്കുകയെന്നതാകുന്നു. കാരണം, രാഷ്ട്രീയവീക്ഷണഗതിയിൽ പെട്രോളിയം ഏററവും അനഭിലഷണീയമായ ഒരു ഇന്ധനമാണ്. അതിന്റെ നിക്ഷേപങ്ങളാകട്ടെ, അപൂർവ്വവും കുറച്ചു സ്ഥലങ്ങളിൽ മാത്രമായി കാണുന്നതുമാകുന്നു. തന്മൂലം അതു സ്വാഭാവികകുത്തകകൾ സൃഷ്ടിക്കുകയും ചെയ്യുന്നു. ആ കുത്തകകൾ ശക്തിയുള്ള രാഷ്ട്രങ്ങളുടെ കൈയിലാണെങ്കിൽ മററു രാഷ്ട്രങ്ങളെ ഒതുക്കിക്കൊണ്ട് അധികാരശക്തി കൂട്ടതൽ വർദ്ധിപ്പിക്കുന്നതിനു വിനിയോഗിക്കപ്പെട്ടും. അതല്ല, ദുർബ്ബലരാഷ്ട്രങ്ങളുടെ കൈയിലാണെങ്കിൽ കഴിവുള്ള രാഷ്ട്രങ്ങൾ അതു മോഹിക്കുകയും അങ്ങനെ സാമ്രാജ്യത്വത്തിനും യുദ്ധത്തിനുമുള്ള അപ്രതിരോധ്യമായ പ്രലോഭനമായിത്തീരുകയുംചെയ്യും. രാഷ്ട്രീയവും മാനുഷികവുമായ വീക്ഷണഗതിയിൽ നോക്കിയാൽ പെട്രോളിയത്തിനു പകരമുള്ള ഏററവും അഭിലഷണീയമായ വസ്തു ജലത്തിലും കാററിലും സൂര്യനിലുംനിന്നു് ഉൽപ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതശക്തി സൂക്ഷിക്കുന്നതിനുതകുന്ന ഒരു നല്ല ബാറ്ററിയാണ്. അണുശക്തിയെ ആധാരമാക്കിയുള്ള അനന്തരഗവേഷണങ്ങൾ അത്തരം ഒരു ബാറ്ററിയുടെ സൃഷ്ടിക്കു വഴി തെളിക്കുമെന്നു പ്രത്യാശിക്കുക.

അതേസമയം, ആസന്നഭാവിയിൽ ഇന്നു് യുദ്ധാവശ്യങ്ങൾക്കു് ഉപയോഗപ്പെടുത്തുന്നതുപോലെ, സമാധാനാവശ്യങ്ങൾക്കും അണുശക്തി ഉപയോഗപ്പെടുത്തുന്നതിനുള്ള രീതികൾ ആവിഷ്കരിക്കാൻ സാധ്യതയുണ്ടു്. ഈ സാങ്കേതികപുരോഗതി വ്യവസായങ്ങൾക്കും ഗതാഗതത്തിനും ആവശ്യമായ ശക്തി(Power)യുടെ പ്രശ്നം പരിഹരിക്കുകയില്ലേ? ഉവ്വെന്നും ഇല്ലെന്നും ഇതിനു രണ്ടു് ഉത്തരങ്ങളും ആകാം. ശക്തിയുടെ പ്രശ്നം തീർച്ചയായും പരിഹ

രിക്കാം. പക്ഷേ, അതു പലപ്പോഴും തെററായ വിധത്തിലാണു പരിഹരിക്കപ്പെടുന്നതു്. ഞാൻ അർത്ഥമാക്കുന്നതു്, കേന്ദ്രീകരണത്തിനും ഭരിക്കുന്ന ന്യൂനപക്ഷത്തിനും അനുകൂലമായി ഇതു് ഉപയോഗപ്പെടുത്തുമെന്നും, അല്ലാതെ വ്യക്തികളുടെയും സഹകരണസംഘങ്ങളുടെയും സ്വയംഭരണസ്ഥാപനങ്ങളുടെയും ഗുണത്തിനുവേണ്ടി ഉപയോഗപ്പെടുത്തുകയില്ലെന്നുമാണു്. ഭൂമിയുടെ ഉപരിതലത്തിൽ അങ്ങിങ്ങായി ചിതറിക്കിടക്കുന്ന റേഡിയോ ആക്റ്റീവ് നിക്ഷേപങ്ങളിൽ അണുശക്തിക്കുള്ള അസംസ്കൃതസാധനങ്ങൾ അന്വേഷിക്കുകയാണെങ്കിൽ, അതോടെ സ്വാഭാവികമായ കുത്തകയും രൂപംകൊള്ളുകയാണു്. അക്കൂട്ടത്തിൽ അതിൻെറ സന്തതസഹചാരികളായ അനഭിലഷണീയമായ രാഷ്ട്രീയപ്രത്യാഘാതങ്ങളും, ശക്തിരാഷ്ട്രീയത്തിനുള്ള പ്രലോഭനങ്ങളും, യുദ്ധവും, സാമ്രാജ്യത്വദുഷ്പ്രഭുത്വവും ചൂഷണവും ഉണ്ടാകുമെന്നുള്ളതു തീർച്ചതന്നെ. എന്നാൽ യുറേനിയം ഉപയോഗിക്കാതെ അണുശക്തി നിർമ്മിക്കുവാനുള്ള മാർഗ്ഗങ്ങളും ഒരുപക്ഷേ, കണ്ടുപിടിക്കപ്പെടാൻ എപ്പോഴും സാധ്യതയുണ്ടു്. അങ്ങനെയാണെങ്കിൽ സ്വാഭാവികമായ കുത്തകയുടെ പ്രശ്നമേയില്ല. എന്നാൽ അണുശക്തിയുടെ നിർമ്മാണം വളരെയേറെ പ്രയാസമേറിയതും, വിപുലമായ യന്ത്രസജ്ജീകരണങ്ങളുള്ള വ്യവസായശാലകളിൽ വൻതോതിൽമാത്രം ചെയ്യാവുന്നതുമാണു്. കൂടാതെ, എന്തെല്ലാം രാഷ്ട്രീയ ഉടമ്പടികളുണ്ടാക്കിയാലും, അണുശക്തി അദ്വിതീയമായ നശീകരണകഴിവുകൾ അടങ്ങുന്നതാണെന്ന സത്യം, ഓരോ ദേശീയവാദിയുടെയും ഉള്ളിൽ പതിയിരിക്കുന്ന ആ യുവനേതാവിനു പ്രലോഭനങ്ങൾ നല്കിക്കൊണ്ടേയിരിക്കും. ഇനി, ആസന്നഭാവിയിൽ ഒരു ലോകഗവണ്മെൻറ് ഉണ്ടായാൽ

പ്പോലും അതും സമാധാനം വാഗ്ദത്തംചെയ്യുവാൻ പര്യാപ്തമാകണമെന്നില്ല. ഓരോ ചക്രവർത്തിമാരുടെ മരണത്തെത്തുടൎന്നും റോമാസാമ്രാജ്യത്തിൽ പിന്തുടൎച്ചയെ സംബന്ധിച്ച അന്തഛ്ഛിദ്രങ്ങളുണ്ടായിക്കൊണ്ടിരുന്നു. അതുപോലെ മനുഷ്യസ്വഭാവത്തിലെ ഒരു ഘടകമെന്നനിലയിൽ അധികാരത്തിനുള്ള അത്യാകാംക്ഷ നിലനില്ക്കുന്നിടത്തോളംകാലം—ചില പ്രത്യേക ശാരീരിക-മാനസിക പ്രകൃതികളുള്ളവരിൽ ഈ വികാരം അത്യുൽക്കടമാണ്—ഒരൊററ രാഷ്ട്രീയഉടമ്പടിയും, അതെത്ര കെട്ടുറപ്പുള്ളതായാലും ശരി, സമാധാനം വാഗ്ദത്തംചെയ്യുകയില്ല. സ്ത്രീശരീരങ്ങൾ ചിലരെ എങ്ങനെ പ്രലോഭിപ്പിക്കുമോ, അതുപോലെ ആക്രമണത്തിനുള്ള ഉപകരണങ്ങൾ അത്തരക്കാരെയും പ്രലോഭിപ്പിക്കും. ആക്രമണത്തിനുള്ള എല്ലാ ഉപകരണങ്ങളിലുംവെച്ച് അണുശക്തി ഉപയോഗിച്ചുള്ള ആയുധങ്ങൾ കൂടുതൽ വിനാശകാരികളാണ്. അധികാരപ്രേമികളെ സംബന്ധിച്ചിടത്തോളം, ഒരു ലോകഗവണ്മെൻറിൻെറ കീഴിൽപ്പോലും, തങ്ങളുടെ മോഹം തീൎക്കുന്നതിനു് ഈ ലഘുവും പ്രയോഗക്ഷമവുമായ രീതികളെ ആശ്രയിക്കുന്നതിനുള്ള പ്രലോഭനം വാസ്തവത്തിൽ വലുതായിരിക്കും. ഇതെല്ലാം കണക്കിലെടുത്തു നോക്കിയാൽ, അണുശക്തി വളരെക്കാലത്തേക്കു വ്യാവസായികശക്തിയുടെ ഉപാധിയായി നില്ക്കുന്നതു്, മാനുഷികമായും രാഷ്ട്രീയമായും അങ്ങേയററം അനഭിലഷണീയമാണെന്നു നമുക്കു് ആകെക്കൂടി തീൎത്തുപറയാം.

ഇത്തരുണത്തിൽ, അന്തർദ്ദേശീയമായി സംഘടിക്കപ്പെട്ടിട്ടുള്ള ശാസ്ത്രത്തിൻെറ സാങ്കല്പികനയങ്ങളെക്കുറിച്ചു് എന്തെങ്കിലും കൂടുതൽ പറയുന്നതിൻെറ ആവ

ശ്യമില്ല. അത്തരം ഒരു നയം സമാധാനസ്ഥാപനത്തിനും രാഷ്ട്രീയവും വ്യക്തിപരവുമായ സ്വാതന്ത്ര്യം വളത്തുന്നതിനും കനപ്പെട്ട സംഭാവന നല്കാനുള്ളതാണെങ്കിൽ, ആഹാരത്തിന്റെയും ശക്തി(Power)യുടെയും അടിസ്ഥാനപ്രശ്നങ്ങളെക്കുറിച്ച് ഇവിടെ വിവരിച്ചതുപോലെ വികേന്ദ്രീകൃതമാഗ്ഗങ്ങളിലൂടെയായിരിക്കണം രൂപപ്പെടുത്തേണ്ടതു്. ഇവിടെ പ്രഖ്യാപിക്കപ്പെട്ട അത്തരം നയങ്ങളുടെ രൂപീകരണത്തിനും പ്രയോഗത്തിനും ശാസ്ത്രകാരന്മാരും സാങ്കേതികവിദഗ്ധരും സഹകരിക്കുമോ? അതോ മുമ്പു പലപ്പോഴും കണ്ടിട്ടുള്ളതുപോലെ, ബോധപൂവ്വമോ അല്ലാതെയോ, പട്ടാളമേധാവികളുടെയും സാമ്രാജ്യശക്തികളുടെയും പ്രഭുജനവാഴ്ചയുടെയും മുതലാളിത്തശക്തികളുടെയും ഭരണയജമാനന്മാരുടെയും വെറും ഉപകരണങ്ങളാകാൻ അവർ സ്വയം അനുവദിക്കപ്പെടുമോ? കാലംതന്നെ തെളിയിക്കേണ്ട കാര്യമാണിതു്. ഈയവസരത്തിൽ, 1945 സെപ്തംബറിലെ 'സൈൻറിഫിക് മന്ത്ലി'യിൽ ഡോക്ടർ ഹെനറി വെൽററ്ഫിഷ് അവതരിപ്പിച്ചിരിക്കുന്ന ചില കനപ്പെട്ട നിർദ്ദേശങ്ങൾ താൽപ്പര്യമുള്ളവർ ശ്രദ്ധിക്കുമെന്നു പ്രതീക്ഷിക്കുന്നു. പ്രാക്ടീസ് തുടങ്ങുന്നതിനുമുമ്പ് എല്ലാ ഭിഷഗ്വരന്മാരും ഒരു സത്യപ്രതിജ്ഞ നടത്തണം—'ഹിപ്പോക്രീററസിൻെറ സത്യപ്രതിജ്ഞ'. അതായതു്, തങ്ങളുടെ സ്ഥാനം അനാശാസ്യമായ കാര്യങ്ങൾക്കായി ദുരുപയോഗപ്പെടുത്തുകയില്ലെന്നും, വേദനിക്കുന്ന മനുഷ്യവഗ്ഗത്തോടുള്ള ഉത്തരവാദിത്വം എല്ലായ്പ്പോഴും ഓക്കുമെന്നും. ശാസ്ത്രകാരന്മാരും സാങ്കേതികവിദഗ്ധരും അതുപോലെ താഴെ കൊടുക്കുന്ന വാചകങ്ങളിൽ ഒരു സത്യപ്രതിജ്ഞ ചെയ്യണമെന്നു ഡോക്ടർ വെൽററ്ഫിഷ് നിർദ്ദേശിക്കുന്നു: "എൻെറ വിജ്ഞാനം മനുഷ്യരാശിയുടെ

നന്മയ്ക്കുവേണ്ടിയും ലോകത്തിലെ നശീകരണശക്തികൾക്കും മനുഷ്യൻെറ നിഷ്ഠുരമായ ഉദ്ദേശങ്ങൾക്കും എതിരായും വിനിയോഗിക്കുമെന്നു ഞാൻ സ്വയം പ്രതിജ്ഞ ചെയ്യുന്നു. ഞങ്ങളുടെ ഈ പൊതുലക്ഷ്യത്തിനുവേണ്ടി ഏതൊരു രാഷ്ട്രത്തിലും വർഗ്ഗത്തിലും വർണ്ണത്തിലുമുള്ള സഹശാസ്ത്രജ്ഞന്മാരോടു സഹകരിച്ചു പ്രവർത്തിച്ചുകൊള്ളാമെന്നും ഞാൻ പ്രതിജ്ഞ ചെയ്യുന്നു.”

278

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No M500 Acc. No. 27414

This book should be returned on or before the date last stamped below.

10 MAY 1990

If the book is not returned on due date a fine of 10 Ps. (~~Five~~) per day will be charged.

M500 27414

ഹക്സ്‌ലി ആൽഡസ്

ശാസ്ത്രം, സ്വാതന്ത്ര്യം, സമാധാനം

KOTTAYAM PUBLIC LIBRARY

Call No. M500 Acc. No. 27414

Author ഹക്സ്ലി, ആൽഡസ്

Title ശാസ്ത്രം, സ്വാതന്ത്ര്യം,
സമാധാനം

Indic Digital Archive Foundation
gpura.org